# ആശ്വാസദായിനി

## അഥവാ

# സഹിക്കുന്നതെന്തിന്?

ഫാദർ ഗ്രിഗറി സി.ഡി.

/231.8
GRE

PRICE: 62 NP.

കിരണങ്ങൾ: NO. 44

ST. JOSEPH'S STUDY HOUSE
CHALAKUDY.
5.N. 80

# സഹിക്കുന്നതെന്തിനു്?

ഏവർക്കും പ്രകാശവും ആശ്വാസവും നൽകുന്ന

## ഒരു വിശിഷ്ടഗ്രന്ഥം.

DHARMARAM COLLEGE LIBRARY BANGALORE-29
ST. ANTONY'S MONASTERY Phone: 3140 ALWAYE-1

പ്രസാധകൻ:

ഫാദർ ഗ്രിഗറി സി. എം. ഐ.

ACHARYA PALACKAL JR. EVASS KENDRA ALWAYE LIBRARY
10636

1963.

ST. JOSEPH'S I. S. PRESS, ELTHURUTH,
TRICHUR—4.

M/231·8
GRE

# പ്രസ്താവന.

ഒരു നല്ല ഗ്രന്ഥകാരനായ ഫാദർ എഫ്. ജെ റെംലർ സി. എം. എന്ന വന്ദ്യദേഹത്താൽ വിരചിതമായ Why Must I Suffer എന്നൊരു വിശിഷ്ടകൃതിയുടെ സ്വതന്ത്രതർജ്ജമയാണ് ഈ ചെറുപുസ്തകം. കുറെ കൊല്ലങ്ങൾക്കുമുമ്പ് "കർമ്മെലകുസുമം" മാസികയിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചിരുന്നതിന്റെ ഒരു പുനഃപ്രസിദ്ധീകരണമാണിത്. അനാർഭാടമായി "ദീപിക"യുടെ സഹപത്രാധിപജോലി പ്രശസ്തമായവിധം ദീർഘകാലമായി നിർവ്വഹിച്ചുകൊണ്ടുപോരുന്ന പാട്ടശ്ശേരി തോമസ് അവർകൾ ഇതിന്റെ വിവർത്തനകാര്യത്തിൽ എന്നെ പ്രത്യേകം സഹായിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും കൃതജ്ഞതാപൂർവ്വം ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

പീഡകൾ, ദുഃഖസങ്കടങ്ങൾ, എന്നിവപോലെ മനുഷ്യന് നിത്യം അനുഭവപ്പെടുന്നതോ, ഇതിനെക്കാൾ അസഹനീയമായി തോന്നുന്നതോ ആയി മറ്റൊന്നുമില്ലെന്നു പറയാം. വലിയ പുണ്യപൂർണ്ണത പ്രാപിച്ചിട്ടുള്ളവർക്കുപോലും ഓരോ വിധ ദുഃഖാരിഷ്ടതകൾ നേരിടുന്നതായി നാം കാണുന്നു. ഈ നിലയ്ക്ക്, ഈ വിഷയത്തിൽ സാന്ത്വനം അർഹിക്കയും ആഗ്രഹിക്കയും ചെയ്യാത്തവരായി നമ്മിൽ ആരുമില്ല. ആർക്കാണ് ദുഃഖസങ്കടങ്ങൾ യഥാർഹം സഹിക്കുവാൻ ഒരുങ്ങേണ്ട ആവശ്യമില്ലാത്തത്?

ദൈവം മനുഷ്യർക്കു ദുഃഖസങ്കടങ്ങൾ യാത്രയാക്കുന്നതിനുള്ള പ്രധാനപ്പെട്ട പതിനഞ്ച് കാരണങ്ങളെപ്പററിയാണ് ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നത്. ഇതു ശ്രദ്ധാപൂർവ്വം വായിക്കുകയും ഈ കാരണങ്ങളെപ്പററി ഗാഢഗാഢം ചിന്തിക്കുകയും ചെയ്യുന്നവർക്ക് ക്ലേശങ്ങൾ ക്ഷമാപൂർവ്വം സഹിക്കുന്നതിനുള്ള സഹനശക്തിയും തൻമൂലം അവ എത്ര കഠിനതരങ്ങളായിരുന്നാലും ഇമ്പമേറിയതായി തോന്നുവാനുള്ള അനുഗ്രഹവും സിദ്ധിക്കാതിരിക്കയില്ലെന്നുള്ള പ്രതീക്ഷയിൽ ഇത് പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

അമ്പഴക്കാട്,
15-10-1951

ഫാദർ ഗ്രിഗറി സി. എം. ഐ.

ST. JOSEPH'S STUDY HOUSE
CHALAKUDY.

# സഹിക്കുന്നതെന്തിന്?

## ഒന്നാമത്തെ കാരണം

### ആദിമപാപത്തിൻെറ ശിക്ഷാഫലം.

മനുഷ്യൻ നിരവധി കാരണങ്ങളാൽ ഇഹത്തിൽവച്ച് ആത്മീയവും ശാരീരികവുമായ പല പല പീഡകളും അനുഭവിക്കേണ്ടതായിട്ടാണിരിക്കുന്നത്. ഈ കാരണങ്ങളിൽ പ്രഥമവും പ്രധാനവുമായതു് ആദത്തിൻെറ പാപം ഹേതുവായി മനുഷ്യരെല്ലാം പീഡകൾക്കധീനരായിപ്പോയി എന്നതുതന്നെ.

#### മനുഷ്യൻെറ ആദിമവരങ്ങൾ.

ആദിപിതാവായ ആദത്തിൻെറ പാപമില്ലായിരുന്നു എങ്കിൽ പീഡ എന്നതുതന്നെ മനുഷ്യവംശത്തിന് അജ്ഞാതമായും, മനുഷ്യൻെറ ജീവിതരീതിതന്നെ ഇന്നത്തേതിൽ തുലോം വ്യത്യസ്തമായ ഒരു നിലയെ പ്രാപിച്ചതായും ഇരിക്കുമായിരുന്നു. മനുഷ്യൻ ആദിയിൽ പരിപൂർണ്ണനായിട്ടത്രേ സൃഷ്ടിക്കപ്പെട്ടതു്. ആദ്യപാപം വഴിയായി ആ പരിപൂർണ്ണതയ്ക്കു ഭംഗം നേരിടാതിരുന്നു എങ്കിൽ സൂര്യൻെറ സാന്നിദ്ധ്യത്തിൽ അന്ധകാരം കണക്കേ, നരവംശത്തിൽനിന്നും സർവ്വവിധ പീഡകളും പരിച്ഛേദം അകന്നു നില്ക്കുമായിരുന്നു.

ആദി മനുഷ്യൻെറ ഈ പരിപൂർണ്ണത എന്തിൽ അടങ്ങിയിരുന്നു എന്നു ഇനി നോക്കാം. ഇപ്പോഴത്തെ നിലയ്ക്കു വിപരീതമായി തിന്മയെ പ്രകൃത്യാതന്നെ വെറുക്കുന്ന പരിശുദ്ധമായ സ്വഭാവപ്രകൃതിയിലും സ്വഭാവാതീത വരങ്ങളിലും അമാനുഷികവരങ്ങളിലുമത്രെ പ്രസ്തുത പരിപൂർണ്ണത അടങ്ങിയിരുന്നതു്. (Perfection of Pure human nature, of Supernature and of Praeternature).

ഇതിൽ ആദ്യത്തെ വരം നഷ്ടപ്പെടാതിരുന്നു എങ്കിൽ വിവേകബുദ്ധിയോടുകൂടിയ മനുഷ്യനെ, അവൻെറ പരമാന്ത്യം പ്രാപിക്കുന്നതിന് തികച്ചും പര്യാപ്തമാക്കുമാറ് ഓർമ്മ ബുദ്ധി മനു

സ്സ് എന്നിവ സജീവമായും സൽപന്ഥാവിൽക്കൂടി സഫലമായും സ്വയം പ്രവർത്തിക്കുമായിരുന്നു. ശരീരസൗഖ്യം, ഊർജ്ജസ്വലത, സൗന്ദര്യം ആദിയായ ശാരീരികഗുണങ്ങൾക്കും കുറവു നേരിടുന്നതല്ലായിരുന്നു സർവ്വോപരി ആദ്യപാപ ഫലമായി ഇന്നു നാം അനുഭവിക്കുന്ന ആത്മികവും ശാരീരികവുമായ അവശതകൾക്കൊന്നുംതന്നെ ഇടയാകുന്നതല്ലായിരുന്നു എന്നു സംക്ഷേപമായി പറയാം.

ഈ ആദ്യപാപംകാരണമല്ലായിരുന്നു എങ്കിൽ മനുഷ്യൻ ഭൂജാതം ചെയ്യുന്നതിനോടുകൂടി അവനു് സ്വാഭാവാതീത വരവും നൽകപ്പെടുമായിരുന്നു. തന്നിമിത്തം ജനനത്തിങ്കൽതന്നെ മനുഷ്യർ ദൈവത്തിന്റെ ദത്തുപുത്രരും തദ്വാരാ സ്വർഗ്ഗത്തിന്റെ അവകാശികളുമായിത്തീരുകയും നിർദ്ദിഷ്ടകാലത്തെ ലോകജീവിതത്തിനുശേഷം മരണവേദനക്കിടയാകാതെ തന്നെ 'ലോകാരംഭത്തിനു മുമ്പുമുതൽ നമുക്കായി തയ്യാറാക്കപ്പെട്ടിരിക്കുന്ന' (വി. മത്തായി XXV. 34) ദൈവരാജ്യത്തിലേക്കു് എടുക്കപ്പെടുകയും ചെയ്യുമായിരുന്നു

ഇതിനുംപുറമെ പ്രകൃതിപരവും പ്രകൃത്യാതീതവുമായ സത്യങ്ങൾ സമഷ്ടിയായി ഗ്രഹിക്കത്തക്ക, മനുഷ്യബുദ്ധിക്കതീതമായ, പല അത്ഭുതവരങ്ങളും മനുഷ്യനു് സിദ്ധിക്കുമായിരുന്നു ഏതന്നിമിത്തം വിജ്ഞാനസമ്പാദനവിഷയത്തിൽ മനുഷ്യനു് തെററുപററുവാനോ ദുരാശാപാശങ്ങൾ പ്രബലീഭവിച്ച് മനുഷ്യനോടെതിരിടുവാനോ സംഗതിയാകയില്ലായിരുന്നു. ദുരാശാപാശങ്ങളെല്ലാം നമ്മുടെ ശക്തിക്കു് തികച്ചും കീഴ്പ്പെട്ടിരുന്നുകൊള്ളുമായിരുന്നു. മരണവക്ത്രത്തിൽനിന്നും സർവ്വവിധ പീഡകളിൽനിന്നും മനുഷ്യനു് പരിച്ഛേദം ഒഴിഞ്ഞിരിക്കാമായിരുന്നു. തെററുപററാൻ പാടില്ലാത്തവനായും മരണമില്ലാത്തവനായും അത്രെ മനുഷ്യൻ ആദിയിൽ സൃഷ്ടിക്കപ്പെട്ടതു്. ചുരുക്കിപ്പറഞ്ഞാൽ ആദ്യപാപമല്ലായിരുന്നു എങ്കിൽ, ആ പാപത്തിൽ ഉൾപ്പെടുന്നതുവരെ ആദത്തിനുണ്ടായിരുന്നതുപോലെയുള്ള അസാധാരണവരങ്ങളെല്ലാം ഇന്നു് നമുക്കും ഉണ്ടായിരിക്കുമായിരുന്നു.

### അവകാശനഷ്ടംമൂലമുള്ള ദൂഷ്യഫലങ്ങൾ.

ആദിമാതാപിതാക്കന്മാരുടെ പാപം ഹേതുവാൽ പ്രകൃത്യാതീതങ്ങളായ വരങ്ങളെല്ലാം നമുക്കു നഷ്ടീഭവിച്ചു. അതുനിമി

ത്തം ദൈവപ്രസാദവരവും (Sanctifying Grace) തദ്വാരാ ദൈവത്തിൻെറ ദത്തുപുത്രരെന്നുള്ള മഹനീയപദവും സ്വർഗ്ഗഭാഗ്യത്തിനുള്ള അവകാശവും നഷ്ടപ്പെട്ടുപോയി. നാം നമ്മുടെ സ്വർഗ്ഗീയഭവനത്തിൽനിന്നും ബഹിഷ്കരിക്കപ്പെട്ടവരും, സ്വർഗ്ഗീയപിതാവിൻെറ കോപത്തിനു് അർഹരും ആയി ഭവിച്ചു. നമ്മുടെ കർത്താവീശോമിശിഹായുടെ അളവില്ലാത്ത യോഗ്യതകളില്ലായിരുന്നു എങ്കിൽ നാം എന്നേക്കും ഈ നിർഭാഗ്യസ്ഥിതിയിൽ തന്നെ ഇരിക്കേണ്ടതായിവരുമായിരുന്നു മോക്ഷവാതിൽ നമുക്ക എന്നേക്കുമായി അടയ്ക്കപ്പെട്ടും പോകുമായിരുന്നു.

രണ്ടാമതായി ഈ ആദ്യപാപംകാരണം മനുഷ്യവംശമത്രയും അജ്ഞതയ്ക്കും ദുരാശാപാശങ്ങൾക്കും കായികവും മാനസികവുമായ പീഡകൾക്കും സർവ്വോപരി മരണത്തിനുതന്നെയും വിധേയമായിപ്പോയി. മനുഷ്യൻെറ ബുദ്ധിക്കു മന്ദത ഭവിച്ചു, ആശാപാശങ്ങൾ അവനോടു എതിരിടുവാനും തുടങ്ങി. രോഗം, പകർച്ചവ്യാധികൾ, ക്ഷാമം, യുദ്ധം ഇതര അപകടങ്ങൾ ഇവയിൽ നിന്നെല്ലാം സീമാതീതമായ ക്ലേശങ്ങൾ അനുഭവിക്കേണ്ടതായി വന്നു. നമ്മുടെ സ്വന്ത പാപങ്ങളുടെയും, നിർദ്ദയത്വം, വൈരാഗ്യം, വഞ്ചന, മർദ്ദനം തുടങ്ങിയ അന്യരുടെ പാപങ്ങളുടെയും അനാശാസ്യഫലങ്ങൾക്കു നാമോരോരുത്തരും പങ്കാളികളാകുവാനുമിടയായി. മനുഷ്യൻ ഒരു നാൾ തീർച്ചയായും മരിക്കണമെന്നുള്ള വിധിക്കും നാം പാത്രവാന്മാരായി.

മനുഷ്യനു് ലോകജീവിതത്തിനാവശ്യമായ ഓർമ്മ, വിവേകബുദ്ധി തുടങ്ങിയ സ്വാഭാവികവരങ്ങൾ നിശ്ശേഷം നഷ്ടപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിലും അവയ്ക്കു ഗണ്യമായവിധത്തിൽ ഹാനി സംഭവിച്ചുപോയി. ബുദ്ധിയുടെ സൂക്ഷ്മതനശിച്ചു, അതിൻെറ പ്രവൃത്തിപരിധി ഇലോം ചുരുങ്ങി, വിവേചനാശക്തിയും തെറ്റാവരവും നഷ്ടപ്പെട്ടു. ദുരാശാപാശങ്ങളുടെ കളിപ്പാട്ടമായിത്തീരത്തക്കവിധം മാനസികശക്തി അത്രയ്ക്കു ക്ഷയിച്ചുപോയി. തൽഫലമായി നാം ദുരാശാപാശങ്ങൾക്കു പലപ്പോഴും അടിമപ്പെട്ടു് അടിക്കടി പല തിന്മകളിലും ഉൾപ്പെടാൻ ഇടയാകുന്നു. സംക്ഷേപമായി പറഞ്ഞാൽ, മുകളിലേക്കു് എറിയപ്പെടുന്ന ഒരു കല്ലു് ഭൂമിയുടെ ആകർഷണശക്തി ഹേതുവാൽ കീഴ്പ്പോട്ടു പോരുന്നതുപോലെയോ ഒഴുക്കിൽപ്പെട്ട വഞ്ചി ഒഴുക്കത്തു കീഴ്പ്പോട്ടു തന്നെ പോകുന്നതുപോലെയോ ദൈവപ്രസാദവരം നഷ്ടപ്പെട്ട

നാം സ്വാഭാവികമായി സദാ തിന്മയിലേക്കുതന്നെ ചാഞ്ഞു് അതിൽ ഉൾപ്പെട്ടുപോകുന്നു. ആത്മാവിനെയും ശരീരത്തെയും ഒരുപോലെ ക്ഷതപ്പെടുത്തുന്ന ഒരു വിഷമത്രെ പാപം. പാപം മൂലം ഉളവാകുന്ന ക്ഷതത്തെ ദൂരീകരിക്കാമെന്നിരുന്നാലും മനുഷ്യരിൽ അധികപങ്കും ഈ ദിവ്യൌഷധം പ്രാപിക്കാതെ പാപത്തിൽ തന്നെ മുഴുകിനടക്കുന്നതായിട്ടാണല്ലോ അനുഭവം. ഇതേപ്പററി ഓശാ (Osee) ദീർഘദർശി ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. സത്യമെന്നൊന്നില്ലെന്നായി. ദയയും അങ്ങനെതന്നെ. ദൈവചിന്തയെ ഇല്ല. ചതിവും വഞ്ചനയും, കളവും കൊലയും വ്യഭിചാരവും സീമാതീതമായി വർദ്ധിച്ചുപോയി. "രക്തം രക്തത്തെത്തന്നെ തൊട്ടിരിക്കുന്നു" (ഓശാ. 4. 1) ഇതെല്ലാമത്രെ ആദ്യപാപത്തിൻെറ അനാശാസ്യഫലങ്ങൾ.

ആദ്യപാപത്തിൻെറ ഈ ഭയങ്കരഫലങ്ങൾ നരവർഗ്ഗം ആകമാനം അനുഭവിക്കേണ്ടിവന്നതിനുള്ള കാരണം ഒരുദാഹരണംകൊണ്ടു് ഒന്നുകൂടി വിശദമാക്കാം. ധാരാളം ധനമുള്ള ഒരു ഗൃഹസ്ഥൻ കുടുംബഭരണം യഥായോഗ്യം നടത്തുന്നതായി വിചാരിക്കുക. ഗൃഹനായകൻ ഏവംവിധം കാര്യാദികൾ നടത്തുന്നിടത്തോളം കാലം കുടുംബാംഗങ്ങൾക്കു യാതൊരുവിധ വിഷമതകൾക്കും ഇടയാകുന്നില്ല. പശിയും ദാഹവും എന്നതു് അവർക്കു ജ്ഞാതമായിരിക്കും. ആവശ്യങ്ങളെന്നല്ല ആഡംബരങ്ങൾതന്നെയും മോടിയായി നടക്കുകയും ചെയ്യും. ഗൃഹനായകൻെറ മരണാനന്തരമാകട്ടെ പൈതൃകസ്വത്തിൻെറ ശരിയായ അംശം അവകാശികൾക്കു ലഭിക്കുകയും ചെയ്യുന്നു. നേരേമറിച്ചു് എത്ര സമ്പൽസമൃദ്ധിയുള്ള കുടുംബമായിരുന്നാലും കുടുംബനായകൻ മദ്യപാനം തുടങ്ങിയ ദുർന്നടപടികളിൽ ഉൾപ്പെട്ടു് ധനം ധൂർത്തടിച്ചു് സമ്പത്തും മാനവും നശിപ്പിക്കുന്നു എന്നു വിചാരിക്കുക. ഇതിൽ, ഈ തെററിൽ, ഇതരകുടുംബാംഗങ്ങൾക്കു പങ്കില്ലെന്നിരുന്നാലും ഗൃഹനായകൻെറ അനാശാസ്യനടപടികളുടെ നാശഫലങ്ങൾ നിരപരാധികളായ അയാളുടെ പുത്രകളത്രാദികളും അനുഭവിക്കാതെ തരമില്ലല്ലോ. ഈ നിയമത്തിനു വ്യത്യസ്തമില്ലതന്നെ. ഈ നിയമത്തിൻെറ അനുവർത്തനമാണു് ആദത്തിൻെറ സന്തതികളായ നമ്മെയും നിർദ്ദയം ബാധിച്ചിരിക്കുന്നതെന്നു ചുരുക്കത്തിൽ പറയാം. ആദത്തിൻെറ പാപത്തിൽ നാം പങ്കാളികളല്ലെങ്കിലും അതിൻെറ ഭവിഷ്യൽഫലങ്ങൾ മേല്പറഞ്ഞ ന്യായത്താൽ നമ്മെ

യും ബാധിക്കാതെ തരമില്ല. അതാണു് നാം ഇന്നു് അനുഭവിക്കുന്നതു്. നാം ഇഹത്തിൽവച്ചു് പീഡകൾ അനുഭവിക്കാൻ സംഗതിയായതിനുള്ള പ്രഥമവും പ്രധാനവുമായ കാരണം ഇതല്ലാതെ മറെറാന്നുമല്ല.

## ആദത്തിൻെറ ഭാഗ്യപ്പെട്ട തെററു് – Felix Culpa!

മേൽവിവരിച്ച ദുരവസ്ഥകൾക്കിടയിൽ തന്നെ ആശ്വാസസംദായകമായ ചില ഫലങ്ങളും ആദത്തിൻെറ പാപം നിമിത്തം നമുക്കുണ്ടാകാതിരുന്നിട്ടില്ലെന്നുള്ളതു് എത്രയും കൃതജ്ഞതാപുരസ്സരം നാം അനുസ്മരിക്കേണ്ടതുണ്ടു്. ആദ്യപാപത്തിൻെറ പ്രത്യക്ഷഫലം നിരാശാജനകം തന്നെ എന്നു സമ്മതിച്ചേതീരൂ. എങ്കിലും ഈ അനാശാസ്യഫലങ്ങളിൽനിന്നുതന്നെ അനന്തമായ ഭാഗ്യങ്ങൾ കൈവരുത്തത്തക്ക സാഹചര്യങ്ങൾ നൽകിയതിനു് പരമകാരുണികനായ ദൈവത്തോടു് നാം അതിവ കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാകുന്നു.

നമ്മുടെ സത്യവിശ്വാസമനുസരിച്ചു് ഇഹത്തിലെ ദുരിതങ്ങൾ പരത്തിൽ നാം അനുഭവിക്കുവാനിരിക്കുന്ന അനന്തഭാഗ്യങ്ങളുടെ ഒരു നാന്ദിയല്ലാതെ മറെറന്താണു്? ഈ നിലയിൽ പരിഗണിക്കുമ്പോൾ ഇഹത്തിലെ ദുഃഖദുരിതങ്ങൾ ഒരനുഗ്രഹമായിട്ടില്ലയോ തീൎന്നിരിക്കുന്നതു്? അതേ, ഒരു മഹാ വലിയ തിന്മയിൽനിന്നു് മനുഷ്യവൎഗ്ഗത്തിനു് മഹാ വലിയ നന്മകൾ കൈവരത്തക്കവണ്ണം സൎവ്വജ്ഞാനിയായ ദൈവം സൎവ്വവും ക്രമപ്പെടുത്തിയിരിക്കുന്നു. ഇത്ര വലിയ ഒരു രക്ഷകനെ ദൈവം പ്രദാനം ചെയ്യുന്നതിനു ആദത്തിൻെറ പാപം കാരണമായതിനാലത്രെ, ആ പാപത്തെ "ആദത്തിൻെറ ഭാഗ്യപ്പെട്ട തെററ്" എന്നു് ആലപിച്ചുകൊണ്ടുള്ള ഗീതം വലിയ ശനിയാഴ്ച നമ്മുടെ ദേവാലയങ്ങളിൽനിന്നും പ്രതിധ്വനിക്കുന്നതു്. ഇതിൻെറ കാരണം അനുക്തസിദ്ധവുമാണു്. ആദ്യപാപത്തിൻെറയും അതിൻെറ ഫലമായി ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ പാപങ്ങളുടെ പരിഹാരത്തിനായിട്ടാണല്ലോ ദിവ്യരക്ഷകൻ ഭൂമിയിൽ അവതരിച്ചു് അനേക കഷ്ടപ്പാടുകൾ സഹിച്ചതു്. മിശിഹായുടെ പങ്കപ്പാടിൻെറ അളവററ യോഗ്യതകൾ വഴിയായി ആദത്തിനു് നഷ്ടപ്പെട്ട പറുദീസാ മനുഷ്യവൎഗ്ഗത്തിനു് വീണ്ടുകിട്ടിയിട്ടില്ല, ആദ്യപാപത്തിൻെറ

അനാശാസ്യ ഫലങ്ങൾ നീക്കപ്പെട്ടിട്ടില്ല എന്നതു നേരുതന്നെ. എന്നാൽ ഇതിനേക്കാൾ വലിയ അനുഗ്രഹമാണു് മിശിഹായുടെ യോഗ്യതവഴിയായി നമുക്കു് സംസിദ്ധമായിരിക്കുന്നതു്. ക്ഷണഭംഗുരമായ ഈ ലോകത്തിലെ ദുഃഖദുരിതങ്ങൾ ക്ഷമയോടെ സഹിക്കുന്നതിനു് മിശിഹായുടെ പാടുപീഡകൾ നമ്മെ സഹായിക്കുകയും നമുക്കു ശക്തി നൽകുകയും ചെയ്യുന്നു. ഈ ദുഃഖാരിഷ്ടതകൾ മിശിഹായുടെ അളവില്ലാത്ത യോഗ്യതകളോടുകൂടി ചേർത്തു് നിത്യപിതാവിനു കാഴ്ചയായി സമപ്പിക്കുന്ന പക്ഷം മോക്ഷത്തിൽ മനുഷ്യചിന്തക്കതീതമായ ഉന്നതഭാഗ്യങ്ങൾ, അതേ, ആദത്തിനുണ്ടായിരുന്ന ആദിമവരങ്ങൾ എല്ലാം നമുക്കുണ്ടായിരുന്നു എന്നുവരികിൽ ലഭിക്കാമായിരുന്നതിനേക്കാൾ മഹനീയ ഭാഗ്യങ്ങൾ നമുക്കു പ്രാപിക്കുവാൻ സാധിക്കുന്നതാണു്.

എന്നാൽ ആദ്യപാപത്തിന്റെ അനന്തരഫലങ്ങൾ ദൈവം നേരത്തെ അറിഞ്ഞിരുന്നു എങ്കിൽ എന്തുകൊണ്ടു് അതു് സംഭവിക്കാനിടയാക്കി എന്നും, ഇനിയും പാപംചെയ്യുവാൻ എന്തുകൊണ്ടു ദൈവം അനുവദിക്കുന്നു എന്നും നിരപരാധികളെയവർകൂടി കഷ്ടതകൾ സഹിക്കുവാൻ ഇടയാക്കുന്ന പാപങ്ങൾ ചെയ്യുവാൻ ദുഷ്ടരെ എന്തുകൊണ്ടനുവദിക്കുന്നു എന്നും ചില പ്രശ്നങ്ങൾക്കു് ഇവിടെ വകയുണ്ടു്. മനുഷ്യനെ പരിപൂർണ്ണസ്വാതന്ത്ര്യനായിട്ടത്രെ ദൈവം സൃഷ്ടിച്ചതു് എന്നുമാത്രമാണു് മേൽപറഞ്ഞ പ്രശ്നങ്ങൾക്കുള്ള ഏക സമാധാനം. സ്വാതന്ത്ര്യമായ മനസ്സു് മനുഷ്യനു് ദൈവം നൽകിയിരിക്കുന്നു. ഈ സ്വാതന്ത്ര്യത്തിന്റെ പ്രവർത്തനത്തിൽ ദൈവം ഒരിക്കലും ഒരു വിധത്തിലും ഇടപെടുന്നതല്ല. അങ്ങനെ ഇടപെടുന്നതു് ദൈവം തന്നെ പ്രദാനംചെയ്തിട്ടുള്ള ഒരു ശക്തിയുടെ സ്വാതന്ത്ര്യ വ്യാപാരത്തെ പ്രത്യക്ഷമായിട്ടല്ലെങ്കിൽ പരോക്ഷമായിട്ടെങ്കിലും തടയുന്നതിനു സമവുമാണല്ലോ. പോരെങ്കിൽ അങ്ങനെ ഇടപെടുന്നതുനിമിത്തം മനുഷ്യന്റെ നടപടികൾക്കൊന്നും അവനു് ഉത്തരവാദിത്വമില്ലാതാകുന്നു. ഈ നിലയിൽ മനുഷ്യന്റെ സൽപ്രവൃത്തികൾക്കൊന്നിനും സമ്മാനത്തിനു് അർഹതയില്ലെന്നു വരുന്നു. മനുഷ്യനു സ്വാതന്ത്ര്യമായി ഒന്നും പ്രവർത്തിക്കുവാൻ പാടില്ലെന്നു വന്നാൽ, അവന്റെ പ്രവൃത്തികൾക്കു് അവനു് ഉത്തരവാദിത്വം ഇല്ലെന്നു വന്നാൽ, പിന്നെ രക്ഷക്കോ ശിക്ഷക്കോ സ്ഥാനമില്ലല്ലോ.

മനുഷ്യന് തിന്മയോ നന്മയോ എന്തും പ്രവർത്തിക്കുവാൻ ഒരുപോലെ സ്വാതന്ത്ര്യമുണ്ടു്. നന്മതിന്മകളെ തിരിച്ചറിയുവാനുള്ള വിവേകവും നൽകപ്പെട്ടിട്ടുണ്ടു്. ലോകം, പിശാചു്, ശരീരം എന്ന അവന്റെ ജന്മശത്രുക്കളോടു് പോരാടി ജയിക്കുന്നതിനുള്ള ദൈവസഹായവും അവനു ലഭിക്കുവാൻ പാടുണ്ടു്. എന്നാൽ ദൈവസഹായം സ്വീകരിക്കണമെന്നോ ഇന്നതു മാത്രം പ്രവൎത്തിക്കണമെന്നോ ദൈവം ആരെയും നിർബന്ധിക്കുന്നതല്ല.

മനുഷ്യരിൽ പലരും ഈ സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തുന്നു. പൂർണ്ണ അറിവോടും സമ്മതത്തോടുംകൂടി തിന്മയിൽ ഉൾപ്പെട്ടു തങ്ങൾക്കും അന്യർക്കുകൂടിയും നാശം വരുത്തിക്കൂട്ടുന്നു. ഇങ്ങനെ സംഭവിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല, പക്ഷെ അനുവദിക്കുന്നുണ്ടു്. അതായതു് വിവേകബുദ്ധിയോടുകൂടി മനുഷ്യനു നൽകിയിട്ടുള്ള സ്വാതന്ത്ര്യം അവന്റെ ഇഷ്ടാനുസരണം ഉപയോഗിക്കുവാൻ അനുവദിക്കുന്നു എന്നുമാത്രമേ ഉള്ളു. എന്നാൽ യഹൂദന്മാർക്കു് മിശിഹായുടെ നേരെ ഉണ്ടായിരുന്ന വൈരാഗ്യത്തെ എപ്രകാരം മനുഷ്യകുല രക്ഷക്കുള്ള ഉപകരണമാക്കിത്തീർത്തുവോ, അപ്രകാരം തന്നെ ദുഷ്ടന്മാരുടെ പാപങ്ങളെപ്പോലും അനന്തകാരുണികനായ അവിടുന്നു നീതിമാന്മാരുടെ ഉന്നതിക്കുള്ള ഉപകരണങ്ങളാക്കിത്തീർത്തുകൊണ്ടിരിക്കുന്നു.

## രണ്ടാമത്തെ കാരണം.

### പരസ്യവും സാമുദായികവുമായ പാപങ്ങളുടെ പരിഹാരം.

വ്യക്തികളുടേതായാലും പൊതുവായതായാലും പാപങ്ങൾക്കു പരിഹാരം ചെയ്യണമെന്നുള്ളതു് ദൈവനിശ്ചയമത്രെ. പരസ്യവും പൊതുവുമായ പാപങ്ങൾക്കു് ദൈവനീതിക്കനുയോജ്യമായവിധം ഓരോ വ്യക്തിയും ഏതെങ്കിലും വിധത്തിൽ പരിഹാരം ചെയ്തേ മതിയാവൂ. സാർവ്വത്രികമായ ദുഃഖാരിഷ്ടതകൾ പൊതുവെ അനുഭവിക്കുവാനിടയാകുന്നതിനുള്ള കാരണവും ഇതല്ലാതെ മറ്റൊന്നുമല്ല.

ഒരു നഗരത്തിലെയോ ഒരു രാജ്യത്തിലെയോ ജനങ്ങളിൽ അധികംപേരും ചേർന്നു് ചെയ്യപ്പെടുന്ന കഠിന പാപങ്ങളെയാണു് പരസ്യവും സാമുദായികവുമായ പാപങ്ങൾ എന്ന പദങ്ങൾകൊണ്ടു് വിവക്ഷിക്കുന്നതു്. വിശ്വാസത്യാഗം, ദൈവവിസ്മൃതി, നിർമ്മതത്വം, ചെറുപ്പക്കാരുടെ അസാന്മാർഗ്ഗിക വിദ്യാഭ്യാസം, പരസ്യമായ ദൈവനിന്ദയും ദൂഷണവും, അസാന്മാർഗ്ഗിക സാഹിത്യപ്രചരണം, അസാന്മാർഗ്ഗിക കലാപ്രകടനം, വിവാഹമോചനവും വ്യഭിചാരവും അനുവദിച്ചുകൊണ്ടുള്ള നിയമനിർമ്മാണം, ന്യൂനപക്ഷമർദ്ദനം, അസാന്മാർഗ്ഗിക വിനോദങ്ങൾ, ശുദ്ധ ദിവസങ്ങളുടെ അനാചാരം, വഞ്ചന, ചതിവു്, ആദിയായവയാകുന്നു വിവക്ഷിത പാപങ്ങളിൽ പ്രധാനപ്പെട്ടവ.

ഒരു സമുദായമോ ഒരു രാജ്യനിവാസികളോ, എത്ര കഠോര പാപങ്ങൾ ചെയ്താലും അനന്ത കരുണാനിധിയായ ദൈവം പെട്ടെന്നു് അവരെ ശിക്ഷിക്കുന്നില്ല. ശിക്ഷാർഹരാകാതെ അവർ മനസ്താപപ്പെട്ടു് നേർവഴിയിലേക്കു് പിന്തിരിയണമെന്നു തന്നെയാണു് അദ്ദേഹത്തിന്റെ ആഗ്രഹം. അതിനു് വേണ്ട അവസരവും സമയവും അവർക്കു നൽകുകയും ചെയ്യും. പഴയ നിയമത്തിൽ ഇതിനു് ഉദാഹരണങ്ങളും സുലഭമാണു്. ജലപ്രളയത്തെപ്പററിയുള്ള മുന്നറിവു് നൽകിക്കഴിഞ്ഞു് ഒരു ശതവർഷം തന്നെ മനുഷ്യരുടെ മാനസാന്തരത്തിനായി അദ്ദേഹം അത്യാശയോടെ പാർത്തിരുന്നു. ഓർശ്ലേത്തിന്റെ നാശത്തെപ്പററിയുള്ള പ്രവചനം നിറവേറുന്നതിനു് നാല്പതു സംവത്സരക്കാലത്തോളം താമസിക്കുന്നതിനും തിരുമനസ്സായി. യൗനാൻ ദീർഘദർശിയുടെ പ്രസംഗഫലമായി നിനവേ പട്ടണനിവാസികൾ അനുതാപപ്പെട്ടു പാപത്തിനു പരിഹാരം ചെയ്കയാൽ ആ പട്ടണത്തെ നാശത്തിൽനിന്നും അദ്ദേഹം പരിരക്ഷിച്ചു.

പാപികളുടെ നേരെ ദൈവം ഈ നയംതന്നെ ഇപ്പോഴും അനുവർത്തിച്ചുകൊണ്ടിരിക്കുന്നു. ഒരു സമുദായം സന്മാർഗ്ഗഭ്രഷ്ടും എത്രതന്നെ ദുഷിച്ചാലും എണ്ണമില്ലാത്ത പാപങ്ങൾ ചെയ്താലും ദൈവം ഉടനെ അതിനുള്ള ശിക്ഷ യാത്രയാക്കുന്നില്ല. അവരെ മാനസാന്തരപ്പെടുത്തി, കർത്തവ്യബോധമുള്ളവരാക്കി നിജസന്നിധിയിലേക്കാനയിക്കുന്നതിനു തക്ക അവസരങ്ങൾ നൽകി ആവും വിധമെല്ലാം ശ്രമിക്കുന്നു. എന്നാൽ അവരുടെ സ്വാതന്ത്ര്യത്തിന്റെ സ്വതന്ത്രമായ പ്രവർത്തനത്തിനു് ബാധകമായി-

ഒരിക്കലും ഒന്നും പ്രാർത്ഥിക്കുവാൻ ആഗ്രഹം തിരുമനസ്സാകുന്നുമില്ല. വിവേകബുദ്ധിയുള്ളവരായ മനുഷ്യർ ഇതുകൊണ്ടൊന്നും മാനസാന്തരപ്പെടാതെ ദുഷ്ടതയിൽ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുക മാത്രമാണു ചെയ്യുന്നതെങ്കിൽ അതിനുള്ള ശിക്ഷ അവർ അനുഭവിച്ചേ മതിയാവൂ. താദൃശഘട്ടങ്ങളിൽ അതിവർഷം, ജലപ്രളയം, കൊടുങ്കാററ്, ഭൂകമ്പങ്ങൾ, പഞ്ഞം, പട, വസന്ത, സാംക്രമിക രോഗങ്ങൾ, ആഭ്യന്തരകലഹങ്ങൾ, അരാജകത്വം ആദിയായ സാർവ്വത്രിക ശിക്ഷകൾ അനുഭവപ്പെടുക തന്നെ ചെയ്യും. ദുർമ്മാർഗ്ഗിയായ ഒരു പുത്രനെ നേർവഴിയിലേക്കു തിരിക്കുവാൻ അവന്റെ പിതാവു് വടി ഉപയോഗിക്കുന്നതുപോലെ തന്നെ ദുഷ്ടതപെരുത്ത ജനസമൂഹങ്ങളെ മാനസാന്തരപ്പെടുത്തി സുപഥത്തിലേക്കു നയിക്കുന്നതിനു പിതാവായ ദൈവം ഏവംവിധങ്ങളായ ശിക്ഷകൾ ചിലപ്പോൾ യാത്രയാക്കുന്നു.

ജലപ്രളയംകൊണ്ടു് ലോകത്തെ ദൈവം ശിക്ഷിച്ചതുപോലെ എപ്പോഴും ദൈവം നേരിട്ടു ശിക്ഷകൾ യാത്രയാക്കുന്നില്ല. മനുഷ്യരുടെ ചില തിന്മകൾ ജലപ്രളയംപോലെയോ അഥവാ അതിലും വലുതോ ആയ നാശങ്ങൾക്കു നിദാനമായി ഭവിക്കുന്നതിനാൽ ശിക്ഷകൾ എപ്പോഴും നേരിട്ടു യാത്രയാക്കേണ്ട ആവശ്യവും നേരിടുന്നില്ല ഉദാഹരണമായി യുവാക്കന്മാരുടെ മതരഹിതമായ, അസാന്മാർഗ്ഗികമായ വിദ്യാഭ്യാസത്തെ തന്നെ എടുക്കാം. ഏവംവിധമുള്ള ഒരു വിദ്യാഭ്യാസരീതി തുടർന്നുകൊണ്ടിരിക്കുന്നപക്ഷം ഒന്നുരണ്ടു തലമുറകൾ ആകുമ്പോൾ സന്മാർഗ്ഗത്തിന്റെയും തദ്വാരാ സകല നന്മകളുടെയും അടിസ്ഥാനമായ ദൈവവിശ്വാസമേ ഇല്ലാതാകുന്നു, നന്മതിന്മകളെപ്പററിയുള്ള ചിന്തയും താനേ അസ്തമിക്കുന്നു. ഇതിന്റെ ഫലം ഭയങ്കരമെന്നേ പറയേണ്ടതുള്ളു. നന്മ തിന്മയായും തിന്മ നന്മയായും പരിഗണിക്കപ്പെടും; സാന്മാർഗ്ഗിക നിയമങ്ങൾ പൊതുവേ അനാദരിക്കപ്പെടും; ലൗകിക വ്യാപാരങ്ങളിലും, നീതിന്യായക്കോടതികളിലും ജനപ്രതിനിധിസഭകളിലും എന്നുവേണ്ട സർവ്വത്ര അനീതിയും അക്രമങ്ങളും പ്രബലപ്പെടും; ജനങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന നികുതികൾ ചുരുക്കം ചില വഞ്ചകന്മാരുടെ കീശയിലാക്കപ്പെടും; ദുർഗ്ഗുണപരിഹാരപാഠശാലകൾ, ജയിലുകൾ ഇവയുടെ സംഖ്യ ക്രമപ്രവൃദ്ധമായി വർദ്ധിക്കുകയും ആ വകയ്ക്കായി ഭീമമായ ധനവ്യയം അവശ്യാവശ്യമായിത്തീരുകയും ചെയ്യും.

ധനം, അഭിമാനം, എന്നുവേണ്ട ജീവനു തന്നെയും സുരക്ഷിതമല്ലാത്ത പതനം സമാഗതമാകും. തൊഴിലാളി മുതലാളി ബന്ധം നശിച്ച് രക്തച്ചൊരിച്ചലിൽ കലാശിക്കും. പരസ്യമായ വ്യഭിചാരം വിവാഹമോചനം, മുതലായവ ഹേതുവാൽ ഗാർഹസ്ഥ്യജീവിതം സുരക്ഷിതമല്ലെന്നാകും. ജാതീയസ്പർദ്ധയും വൈരാഗ്യവും വർദ്ധിച്ച് മഹായുദ്ധത്തിനും തന്മൂലം ജനങ്ങൾക്കു വർണ്ണനാതീതമായ കഷ്ടനഷ്ടങ്ങൾക്കും ഇടയാകുകയും ചെയ്യും. ചുഴലിക്കാററു വിതക്കുന്നവൻ കൊടുങ്കാററു തന്നെ കൊയ്യണം.

ഏതൊരു തെററിനും പരിഹാരം ഉണ്ടായേ മതിയാവൂ. ഇതു ദൈവനീതിയുടെ നിശ്ചയമാണ്. പരസ്യവും പൊതുവുമായ പാപങ്ങൾക്ക് പരിഹാരം ഇഹത്തിൽവച്ചുതന്നെ പൊതുവായി ചെയ്യേണ്ടിയുമിരിക്കുന്നു. പരലോകത്തിൽവച്ചു അതിനവസരം ഉണ്ടാകുന്നതല്ല. എന്തുകൊണ്ടെന്നാൽ കുടുംബം, പട്ടണം, ജാതി, രാജ്യം എന്നിത്യാദി വിഭാഗങ്ങൾ പരലോകത്തിൽ ഉണ്ടായിരിക്കുന്നതല്ല. അവിടെ വ്യക്തികൾതമ്മിൽ ഇപ്പോഴുള്ള ഇതുപോലെ രാഷ്ട്രീയമോ, സമുദായികമോ, കുടുംബസംബന്ധമോ ആയ ബന്ധങ്ങളൊന്നും ഉണ്ടായിരിക്കുകയില്ല. അവിടെ ഓരോ വ്യക്തിയും അവനവന്റെ പ്രവൃത്തികൾക്കനുസരിച്ച് ശിക്ഷയോ, സമ്മാനമോ അനുഭവിക്കും. ഇതിൽനിന്നും പൊതുവായ പാപങ്ങളുടെ പരിഹാരം ഇഹത്തിൽവച്ച് പൊതുവായിത്തന്നെ ചെയ്യാതെ തരമില്ലെന്നു സിദ്ധിക്കുന്നുണ്ടല്ലോ.

### നിരപരാധികൾ എന്തുകൊണ്ടു പീഡിപ്പിക്കപ്പെടുന്നു?

ഈ സംശയം സാധാരണക്കാരിൽ പലക്കും ഉണ്ടാകാവുന്നതാണ്. പൊതുവായ പാപങ്ങളുടെ പരിഹാരത്തിനായി യാത്രയാകുന്ന അഥവാ ആ പാപങ്ങളിൽനിന്നുൽഭൂതമാകുന്ന ശിക്ഷകൾക്ക് നിരപരാധികളായവരെക്കൂടി വിധേയരാക്കുന്നത് ദൈവനീതിക്കു യോജിക്കുന്നതാണോ? ഇപ്രകാരം ദൈവം പ്രവർത്തിക്കുന്നത് എന്തുകൊണ്ടാണ്? ഇതിനു പല കാരണങ്ങളും ഉണ്ട്. അവയിൽ പ്രധാനമായവമാത്രം ഇവിടെ പ്രസ്താവിക്കാം.

1. സുഭിക്ഷകാലത്തിൽ നീതിമാന്മാരും ഇതരന്മാരോടൊപ്പം സർവ്വവിധ ഐശ്വര്യ സന്തോഷങ്ങളും അനുഭവിക്കുന്നതിനാൽ പൊതുശിക്ഷകളിലും അവർ ഭാഗഭാക്കാകണം എന്നത് കേവലം ന്യായയുക്തംമാത്രമാകുന്നു.

2. വ്യക്തിപരമായ നിലയിൽ നീതിമാന്മാരായിരിക്കുന്ന വർതന്നെയും പൊതുപാപങ്ങളെ സംബന്ധിച്ചിടത്തോളം എപ്പോഴും നിരപരാധികളായിരിക്കുന്നതല്ലാ. പലപ്പോഴും പരോക്ഷമായ വിധത്തിൽ അവർക്കും അതിൽ പങ്കുണ്ടായിരിക്കും. ഉദാഹരണമായി, അഭിമാനഹാനി വിചാരിച്ചോ, പീഡനത്തെ ഭയന്നോ, വല്ലൊരു കാര്യലാഭം ഇച്ഛിച്ചോ, എന്തെങ്കിലുമാകട്ടെ എന്നുള്ള മനഃസ്ഥിതി നിമിത്തമോ, നീതിമാന്മാരായി പരിഗണിക്കപ്പെടുന്നവർ ചിലപ്പോൾ ഒരു പരസ്യമായ തെററിനെ ശക്തിയുക്തം പ്രതിഷേധിച്ചില്ലെന്നോ, അതിനെ തടയുന്നതിനു് അവരുടെ അധികാരം യഥാശക്തി ഉപയോഗിച്ചില്ലെന്നോ, ന്യായമായ സ്വാധീനശക്തി പ്രയോഗിച്ചില്ലെന്നോ വരാം. തന്നിമിത്തം പരോക്ഷമായ വിധത്തിൽ അവരും ആ പൊതുപാപത്തിനു് ഒരു തരത്തിൽ ഉത്തരവാദികളായിത്തീരുന്നു

3. നീതിമാന്മാരുടെ പീഡകൾ ദൈവകോപത്തെ ശമിപ്പിക്കുവാൻ വളരെ ഉപകരിക്കും. തന്നിമിത്തം പൊതുപാപത്തിനുള്ള ശിക്ഷയുടെ കാഠിന്യം കുറയുവാനും ചിലപ്പോൾ അവരെ ഓർത്തു് ശിക്ഷയെ വേണ്ടെന്നുവയ്ക്കുവാനും ദൈവനീതി ഇഷ്ടപ്പെട്ടെന്നു വരാം.

4. നീതിമാന്മാരുടെ പീഡകൾ പാപികളുടെ മാനസാന്തരത്തിനു് വളരെ ഉപകരിക്കുന്നതാണു്. തങ്ങളുടെ പാപത്തിനുവേണ്ടി നീതിമാന്മാർകൂടെയും ശിക്ഷ അനുഭവിക്കുന്നതായി കാണുമ്പോൾ തങ്ങളുടെ പാപത്തിന്റെ കാഠിന്യത്തെപ്പററി ചിന്തിക്കുവാനും തദ്വാരാ പാപികൾ പെട്ടെന്നു് മാനസാന്തരപ്പെടുവാനും ഇടയുള്ളതാണല്ലൊ.

5. തങ്ങൾക്കു നേരിടുന്ന പീഡകൾമൂലം നീതിമാന്മാരായവരുടെ നിസ്സാര പാപങ്ങൾ ഇഹത്തിൽവച്ചു തന്നെ പരിഹരിക്കപ്പെടുവാനിടയാകുന്നു. നീതിമാൻ ദിവസത്തിൽ ഏഴുപ്രാവശ്യം പിഴയ്ക്കും, അതായതു് പലപ്പോഴും തെററിലുൾപ്പെട്ടുപോകാം എന്നാണല്ലൊ സുവിശേഷബോധനം. പാപലേശമുള്ളവർക്കു സ്വർഗ്ഗരാജ്യത്തിൽ പ്രവേശനം ഉണ്ടാകുന്നതല്ല. നീതിമാന്മാർ തന്നെയും ലഘുവായ പാപങ്ങളിൽ ഉൾപ്പെട്ടെന്നു വരാം. അവർ ഇഹത്തിലല്ലെങ്കിൽ ശുദ്ധീകരണസ്ഥലത്തിൽവച്ചു് അതിനു പരിഹാരം ചെയ്യാതെ നിവൃത്തിയുമില്ല. മരണാനന്തരം ശുദ്ധീകരണസ്ഥലത്തിൽ കിടന്നു് പരിഹാരം ചെയ്യുവാനിടയാ

കുന്നതിനെക്കാറം ഇഹത്തിൽവച്ച് തന്നെ ആ കടം തീർക്കുന്നതു പതിന്മടങ്ങു നല്ലതാണെന്നുള്ളതു തർക്കമററ കാൎയ്യമാണല്ലോ.

6. നമ്മുടെ ദിവ്യരക്ഷകൻ മനുഷ്യകുലത്തിൻെറ രക്ഷയ്ക്കു വേണ്ടി സ്വയം പെടാപാടുകറം സഹിക്കയാണല്ലോ ചെയ്തതു്. ആ നിലയിൽ പ്രസ്തുത വിഷയത്തിൽ ദിവ്യരക്ഷകനോടു സാദൃശ്യം ലഭിക്കുന്നതിൽ നീതിമാന്മാർക്കു് അതീവകൃതജ്ഞതക്കത്രെ അവകാശമുള്ളതു്. മാത്രമല്ല പീഡകറംമൂലം പരത്തിൽ അവർ അനുഭവിക്കുവാനിരിക്കുന്ന ആനന്ദത്തിൻെറ മാററു് വൎദ്ധിക്കുകയും ചെയ്യുന്നു.

## മൂന്നാമത്തെ കാരണം.

### അവിവേകത്തിൻെറ ഫലം.

മനുഷ്യർക്കു നേരിടുന്ന ദുഃഖദുരിതങ്ങളെല്ലാം ദൈവകല്പിതമാണെന്നു കരുതുന്നതിൽ പരം മൗഢ്യം മറെറാന്നുമില്ല അവയിൽ ഒരു ഭാഗമെന്നല്ല, ഒരു നല്ല ഭാഗം അവരവരുടെ സ്വയംകൃതാനൎത്ഥങ്ങളാണെന്നു നിസ്സംശയം പറയാം. മനഃസ്സാക്ഷിക്കും പ്രകൃതിനിയമങ്ങറംക്കും അനുസരിച്ചു് ജീവിക്കുന്നപക്ഷം ലോകത്തിൽ മനുഷ്യനു നേരിടുന്ന അനർത്ഥങ്ങളിൽ കുറയല്ല പകുതി മുക്കാലും നിശ്ശേഷം നിവാരണം ചെയ്യുവാൻ അവനു് സാധിക്കുമെന്നുള്ളതു് തൎക്കമററ സംഗതിയാണു്. അലംഘനീയങ്ങളായ പ്രകൃതിനിയമങ്ങളെ യഥായോഗ്യം അനുസരിക്കുകയും ദൈവപ്രമാണങ്ങളെ ലംഘിക്കാതെ കാത്തുപാലിക്കുകയും ചെയ്തിരുന്നു എങ്കിൽ ഇന്നു ലോകത്തിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന അനൎത്ഥങ്ങളിൽ ഏറിയ ഭാഗവും മനുഷ്യവൎഗ്ഗത്തിനു് ഒരിക്കലും അനുഭവപ്പെടുന്നതല്ലായിരുന്നു. ഇവയിൽ പ്രകൃതിനിയമങ്ങളുടെ ലംഘനംമൂലം ഉളവാകുന്ന അനൎത്ഥങ്ങളെപ്പററി പ്രഥമതഃ പരിചിന്തനം ചെയ്യാം.

#### രോഗങ്ങറം.

ദീൎഘജീവിതം, ആരോഗ്യം, തന്നിമിത്തമുള്ള സുഖസന്തോഷങ്ങറം ഇവയെല്ലാം മിക്കവാറും കൎശനമായ പ്രകൃതി നിയമങ്ങളെ ആശ്രയിച്ചിരിക്കുന്നുവെന്നുള്ളതു് പരക്കെ സമ്മതിക്കുന്ന

താണല്ലോ. പ്രകൃതിയുടെ ഈ നിയമാവലി ആരും അനുസരിക്കാതെ തരമില്ല. അനുസരിക്കാത്തവർ അതിൻെറ ഭവിഷ്യത്തു് അനുഭവിച്ചേതീരു. ഈ സംഗതിയിൽ കുബേരകുചേലവ്യത്യാസമോ പണ്ഡിതപാമരഭേദമോ ഇല്ലതന്നെ. അനിഷേദ്ധ്യമായ ഈ വാസ്തവത്തെ ഏതാനും ഉദാഹരണങ്ങളാൽ പ്രസ്പഷ്ടീകരിക്കാം.

കുറേ പ്രായമാകുന്നതോടുകൂടി ചിലർ ചില മാറാവ്യാധികൾക്കധീനരായി തീരാദുഃഖങ്ങൾ അനുഭവിക്കുന്നതു് നാം കാണാറുണ്ടു്. ഇതു് ദൈവനിശ്ചിതമാണെന്നു് ആരും വിധിക്കേണ്ട. ഒരിക്കലും അങ്ങനെയല്ല. യൗവ്വനദശയിൽ പ്രകൃതിനിയമങ്ങളെ കൂസലെന്യേ അനാദരിച്ചതിൻെറ അനിവ്വാര്യഫലം മാത്രമാണു് താദൃശ ദുരന്തദുഃഖങ്ങൾ. പ്രകൃതി നിയമങ്ങളെ ലംഘിച്ചവർ അതിൻെറ ഫലം അനുഭവിക്കുന്നു എന്നല്ലാതെ, അതിൽ മററാരെയും പഴിക്കേണ്ടതില്ല. കാലസ്ഥിതി ഭേദമൊന്നും നോക്കാതെ ചിലർ നടക്കുന്നു. മററു ചിലർ കിട്ടുന്നതെല്ലാം സമയാസമയം പരിഗണിക്കാതെയും ഭക്ഷിച്ചവ ദഹിക്കുന്നതിനു മുൻപും ഭക്ഷിക്കുന്നു. വേറെ ചിലരാകട്ടെ ആരോഗ്യസംരക്ഷണത്തിനാവശ്യമായ വ്യായാമങ്ങൾ ഒന്നും കൂടാതെ അലസരായി സദാ കഴിച്ചുകൂട്ടുന്നു. ഇനിയും ചിലർ ശരീരപോഷണത്തിനുപയുക്തമല്ലാത്ത ആഹാരപദാർത്ഥങ്ങൾ അവയുടെ രുചി മാത്രം നോക്കി അമിതമായി ഭക്ഷിക്കുന്നു. ആരോഗ്യത്തിനു് ഹാനി നേരിടത്തക്കവിധത്തിലുള്ള വസ്ത്രധാരണരീതിയിൽ ചിലർ ഭ്രമിച്ചുവശാകുന്നു. ഏവം വിധമുള്ള പ്രകൃതിനിയമനിഷേധകരെ പ്രകൃതി വെറുതേ വിടുന്നതല്ല. ഉടനെയോ അഥവാ കുറേ കഴിഞ്ഞോ നിയമലംഘനത്തിനുള്ള ശിക്ഷ അവർ അനുഭവിച്ചേ കഴിയൂ. ആരോഗ്യത്തിനു് ഹാനികരമായ ദുശ്ശീലങ്ങൾ നിമിത്തം നേരിടുന്ന അനർത്ഥങ്ങൾ ദൈവകല്പിതമാണെന്നു നിശ്ശങ്കം വിധിച്ചുകളയുന്നതിൽപരം മൗഢ്യം മറെറന്താണുള്ളതു്.

അപഥത്തിലുള്ള ജീവിതക്രമം, അമിതമായ ഭോഗാസക്തി, ലഹരിപാനീയങ്ങളുടെ അമിതമായ ഉപയോഗം, മുതലായവ നിമിത്തം ഉദരരോഗം, ഹൃദ്രോഗം, കരൾസംബന്ധമായും കുടൽസംബന്ധമായും ഉള്ള രോഗങ്ങൾ മുതലായവയ്ക്കധീനരാവുക എന്നതും അത്ര അപൂവ്വസംഭവമൊന്നും അല്ല. ഇതെല്ലാം സ്വയംകൃതാനത്ഥങ്ങളല്ലാതെ മറെറന്താണു്? പ്രകൃതിനിയമാനുസരണം

മിതമായ വിധത്തിൽ ജീവിക്കുന്നു എങ്കിൽ ഇവയിൽനിന്നെല്ലാം നിഷ്പ്രയാസം ഒഴിഞ്ഞിരിക്കാവുന്നതാണു്.

ചിലക്കു് ബുദ്ധിക്കു മന്ദതയും ചിലപ്പോഠം അസ്ഥിരതയും ഭവിച്ചുപോകുന്നു. ഇതിൻെറ കാരണം എന്താണു്? ഏറിയപങ്കും ജീവിതക്രമത്തിൻെറ ദൂഷ്യംകൊണ്ടത്രെ താദൃശമായ അനത്ഥങ്ങഠക്കിടയാകുന്നതു്. അനാരോഗ്യപരമായ സ്ഥലങ്ങളിലും കെട്ടിടങ്ങളിലും പകലെല്ലാം കഴിച്ചുകൂട്ടുക, പോഷകാംശങ്ങഠ വേണ്ടപോലെ അടങ്ങിയിട്ടില്ലാത്തതും ആരോഗ്യവർദ്ധനക്കു് സഹായിക്കുന്നതിനു പകരം, ഉള്ള ആരോഗ്യത്തെത്തന്നെ പാടെ ഹനിക്കുന്നതിനുമാത്രം ഉപകരിക്കുന്നതും ആയ ഭക്ഷണപദാത്ഥങ്ങഠ കടകളിലും മററും നിന്നു വാങ്ങിച്ചു ഭക്ഷിക്കുക, പ്രകൃത്യാതന്നെ അനാരോഗ്യരായവർ നിദ്ര വെടിഞ്ഞും ബുദ്ധിമുട്ടിയും രാത്രി മുഴുവൻ നാടകാദിമേളങ്ങളിൽ ഉഠപ്പെട്ടിരിക്കുക, അസന്മാഗ്ഗിക നടപടികളിൽ ഏപ്പെടുക ഇങ്ങനെയുള്ളവക്കാണു് ഇമ്മാതിരി അനിഷ്ടാനുഭവങ്ങഠ അധികവും ഉണ്ടാവുക. ഇത്തരക്കാരിൽ ആക്കെങ്കിലും ഇങ്ങനെ സംഭവിക്കാതിരിക്കുന്നുവെങ്കിൽ അതിലാണു് നാം അത്ഭുതപ്പെടേണ്ടതു്.

## ഗാർഹികവൈഷമ്യങ്ങഠ

ഇനി നമുക്കു് വേറൊരു തരം അനത്ഥങ്ങളെപ്പററി ചിന്തിക്കാം. കുടുംബജീവിതക്കാരിൽ ചിലക്കു് ജീവിതത്തിനിടയിൽ പല തീരാദുഃഖങ്ങളും അനുഭവപ്പെടുന്നതായി നാം കാണുന്നുണ്ടു്. ഇതിൻെറ കാരണം എന്താണു്? ഇങ്ങനെ സംഭവിക്കണമെന്നുള്ളതു് ദൈവകല്പിതമാണോ? ഒരിക്കലുമല്ല. 'വിതക്കുന്നതു കൊയ്യും' അതെ, ഓരോരുത്തനും വിതക്കുന്നതുതന്നെ അവനവൻ കൊയ്യുന്നു എന്നേ പറയേണ്ടതുള്ളു. ചിലർ ദൈവത്തിൻെറയും സഭയുടെയും നിയമങ്ങഠക്കു വിരോധമായും, ചുററുപാടുകളും പരിതഃസ്ഥിതികളും നോക്കാതെയും, കേവലം ജഡികോദ്ദേശ്യം മാത്രം മുൻനിറുത്തിയും വിവാഹബന്ധത്തിലേപ്പെടുന്നു. പ്രാത്ഥനയും, വിശുദ്ധ കൂദാശകളുടെ അടിക്കടിയുള്ള സ്വീകരണവും, പുണ്യജീവിതവും വഴിയായി സ്വയം ഒരുക്കികൊണ്ടു വിവാഹകൂദാശയെ സ്വീകരിക്കണം എന്നാണു് ദൈവനിശ്ചയം. ഇതിനെ ലംഘിക്കുന്നവർ ദൈവാനുഗ്രഹത്തിനു പകരം ദൈവശാപം

തങ്ങളുടെമേൽ വരുത്തിവെയ്ക്കുന്നു. ഒരു യുവതി ദുശ്ശീലയും, ആഡം
ബരഭ്രമിയും മനഃസാക്ഷി ഇല്ലാത്തവളും സ്വന്ത കടമകൾ നിർവ്വ
ഹിക്കുന്നതിൽ അലസയുമായി സന്തോഷങ്ങളിൽ മുങ്ങിപ്പൊങ്ങി
നടക്കുന്നവളും ഒരു ത്യാഗവും സഹിക്കുവാൻ സന്നദ്ധത ഇല്ലാത്ത
വളും ആണെന്നു അനുഭവ ബോദ്ധ്യമായിരുന്നിട്ടും, ഒരാൾ അതൊ
ന്നും വകവെയ്ക്കാതെ അവളുടെ ആകാരഭംഗിയിൽ ഭ്രമിച്ചോ ഇതര
ലൌകികാദായങ്ങൾ ഇച്ഛിച്ചോ അവളെ വിവാഹം ചെയ്യുന്നു
വെങ്കിൽ, ആ അവിവേകപ്രവൃത്തിയുടെ ഭയങ്കര ഫലം കുടുംബ
ജീവിതത്തിൽ ആ ദമ്പതികൾ അനുഭവിക്കാതെ നിവൃത്തിയുണ്ടോ?
അപ്രകാരംതന്നെ ദുർമ്മാർഗ്ഗിയും മദ്യപാനിയും, വിഷയാലമ്പടനും
സകല ദുർഗ്ഗുണങ്ങളുടെയും വിളനിലവുമായ ഒരുവനെ അവൻെറ
താൽക്കാലിക സാമുദായികനിലയെ, പണമൊ, കാര്യശേഷി
യെയോമാത്രം പരിഗണിച്ചു് ഒരു സ്ത്രീ വരിക്കുന്നു എങ്കിൽ എങ്ങനെ
അവരുടെ കുടുംബജീവിതം സൌഭാഗ്യകരമായിത്തീരും? ദൈവ
നിശ്ചയത്തെ അതിലംഘിച്ചു പ്രവർത്തിക്കുന്ന ഇക്കൂട്ടർ ഒടുവിൽ
തങ്ങൾക്കു പററിയ തെററു മനസ്സിലാക്കി പശ്ചാത്തപിച്ചേക്കാം.
പക്ഷെ എന്തു ഫലം?

സ്വന്തഭാവിയെപ്പററി അശേഷവും ചിന്തിക്കാതെ ചിലർ
മിശ്രവിവാഹത്തിൽ ഏർപ്പെടുന്നു. താദൃശമായ വിവാഹം കഴി
ഞ്ഞശേഷം, അകത്തോലിക്കനായ ഭർത്താവു് മതവിരോധമായ
വിഷയങ്ങളിൽ ഏർപ്പെടുന്നതിനു് കത്തോലിക്കയായ ഭാര്യയെ
നിർബന്ധിച്ചെന്നുവരാം. തൻെറ മനഃസാക്ഷിക്കു വിരോധമായി
സ്വന്ത കുട്ടികളെ കത്തോലിക്കേതരരായിത്തന്നെ വളർത്തുവാൻ
കത്തോലിക്കാമാതാവു് നിർബന്ധിതയായെന്നും വരാം. ഇവ
യെല്ലാം സാക്ഷാൽ മനോവേദനക്കും തീരാദുഃഖത്തിനും ഇടയാ
ക്കുന്നവയാണെന്നിരുന്നാലും നേരത്തെ പ്രവർത്തിച്ചുപോയ അവി
വേകത്തിൻെറ ഫലം അനുഭവിക്കാതെ നിർവ്വാഹമില്ലതന്നെ.
എന്നാൽ ഇതൊക്കെ സ്വയംകൃതാനർത്ഥങ്ങളല്ലാതെ വിധിവൈപ
രീത്യമെന്നോ ദൈവശിക്ഷയെന്നോ വിധിക്കുന്നതിൽ എന്തർത്ഥ
മാണുള്ളതു്? ഈ സാഹചര്യങ്ങളോടുകൂടിയ കുടുംബങ്ങളിൽ അ
നസ്യൂതം കലഹങ്ങളും കലാപങ്ങളും അന്തഃഛിദ്രങ്ങളും അതി
നുള്ള വേർപ്പാടുകളും ചിലപ്പോൾ കൊലപാതകങ്ങൾതന്നെയും
സംഭവിക്കുന്നതായി കാണുന്നുണ്ടു്. പക്ഷെ ഇതെല്ലാം സഭാനി
യമനിഷേധത്തിൻെറ അനിവാര്യഫലങ്ങൾ മാത്രമാകുന്നു.

ചില മാതാപിതാക്കന്മാർ, മക്കളുടെ അസാന്മാൎഗ്ഗികവും അനാശാസ്യവുമായ നടപടികളും ജീവിതക്രമവും ഹേതുവാൽ നിസ്സീമമായ ദുഃഖസങ്കടങ്ങൾ അനുഭവിക്കുവാൻ ഇടയാകുമ്പോൾ ആവലാധിപ്പെടുന്നു മനഃക്ലേശം മാനഹാനി, ധനനാശം ആദിയായവയെല്ലാം ഈ വഴിക്കു സംഭവിക്കാവുന്നതാണു്. വിധിവൈപരീത്യമോ ദൈവകല്പിതമോ ആണോ ഇതിനെല്ലാം കാരണം? ഒരിക്കലുമല്ല കുട്ടികളുടെ നല്ല വളൎത്തൽ സംബന്ധിച്ചിടത്തോളം മാതാപിതാക്കന്മാർ പ്രദൎശിപ്പിക്കുന്ന അക്ഷന്തവ്യവും ആക്ഷേപാൎഹവുമായ അനാസ്ഥയുടെ ഫലമത്രെ സന്താനങ്ങളിൽനിന്നും നേരിടുന്ന ദുഃഖങ്ങൾക്കുള്ള ഏകനിദാനം. ശൈശവത്തിൽ ശിക്ഷയും ഉപദേശങ്ങളും സന്മാതൃകകളും വഴിയായി അനുസരണയും ദൈവഭയവും ഉള്ളവരായി വളൎത്തപ്പെടാത്ത പൈതങ്ങൾ പ്രായമാകുമ്പോൾ നാട്ടിനും നാട്ടാൎക്കും വീട്ടിനും വീട്ടുകാൎക്കും സൎവ്വോപരി സ്വന്തം മാതാപിതാക്കന്മാൎക്കും നാശകാരണവും ദുഃഖഹേതുവുമായി ഭവിക്കാതെ ഇരിപ്പാൻ നിവൃത്തിയില്ല. അതിൽ ഖേദിച്ചിട്ടോ പശ്ചാത്തപിച്ചിട്ടോ വിധിയെ പഴിച്ചിട്ടോ ആവശ്യമോ ഫലമോ ഇല്ല.

ചില മാതാപിതാക്കന്മാർ അശ്രദ്ധമൂലം മക്കളെ താന്തോന്നികളായി വിട്ടയക്കുന്നു. മററു ചിലരാകട്ടെ അതിവാത്സല്യം നിമിത്തം എന്തു തെററും എത്ര വലിയ അഴിമതിയും പ്രവൎത്തിച്ചാലും കണ്ണടച്ചു കളയുന്നു. ഈ അനാസ്ഥയുടെയും അശ്രദ്ധയുടെയും ഭയങ്കരവും അനിവാൎയ്യവുമായ ഫലം പ്രത്യക്ഷത്തിൽ അനുഭവപ്പെടുമ്പോൾ മാത്രം അവർ പ്രബുദ്ധരാകുന്നു. പക്ഷെ എന്തു ഫലം? കുട്ടികൾ അനുസരണമില്ലാത്തവരും കൃതഘ്നരും ദുശ്ശാഠ്യരും ആയിത്തീൎന്നു് തീരാദുഃഖത്തിന്നിടയാകാതിരിപ്പാൻവേണ്ടി ചെറുപ്പത്തിൽ അവരെ യഥായോഗ്യം ശിക്ഷിച്ചു് അനുസരണയുള്ളവരായി വളൎത്തണം. ഇതിൽ അമാന്തിക്കുന്നവൎക്കത്രെ മേൽ വിവരിച്ച ഘോരദുഃഖങ്ങൾ വന്നു് ഭവിക്കുന്നതു്. "നിന്റെ പുത്രൻ വളൎന്നുവരുന്നതോടെ ധിക്കാരിയും നിന്നെ അവഗണിക്കുന്നവനും നിന്റെ ഹൃദയത്തെ ദുഃഖിപ്പിക്കുന്നവനും ആകാതിരിക്കണമെങ്കിൽ, അവൻ ചെറുപ്പമായിരിക്കുമ്പോൾതന്നെ അവനെ കീഴ്വഴക്കുകയും, അവന്റെ ബാല്യത്തിൽതന്നെ അവനെ ശിക്ഷിച്ചു വളൎത്തുകയും ചെയ്യുക." എന്നു് ബോധജ്ഞാനിയായ ശ്ലേമോൻ ഉപദേശിക്കുന്നു. സ്വന്ത കടമകൾ തക്ക കാലത്തു് വേ

ണ്ടവിധം നിർവഹിക്കാത്ത മാതാപിതാക്കൾ വാർദ്ധക്യകാലത്തു് അവരുടെ പ്രവൃത്തിയുടെ ഫലം അനുഭവിച്ചേ തീരൂ.

### മററു വിഷമതകൾ.

കുടുംബകാര്യങ്ങൾ സംബന്ധിച്ച അമിതവ്യയങ്ങൾ, മിഥ്യാഭിമാനത്തിനുവേണ്ടി ശക്തിയിൽ കവിഞ്ഞുള്ള ചെലവുകൾ ഇത്യാദി അവിവേകപ്രവൃത്തികൾമൂലം സാമ്പത്തികമായും മററും നിസ്സീമങ്ങളായ മനഃക്ലേശങ്ങളോ ദുഃഖാരിഷ്ടതകളോ അനുഭവിക്കുന്നവരും അത്ര കുറവൊന്നുമല്ല. ഏവംവിധം നിലയില്ലെന്നാകുമ്പോൾ സ്ഥാവരജംഗമസ്വത്തുക്കൾ പണയപ്പെടുത്തുന്നു; ഒടുവിൽ എല്ലാം നശിക്കുകയും ചെയ്യുന്നു. ഈ ദുഃഖങ്ങളും സ്വയംകൃതങ്ങളും മനുഷ്യാവിവേകത്തിന്റെ ഫലവുമാണ് അല്ലാതെ ദൈവകല്പിതങ്ങളല്ല.

ദുഃഖാരിഷ്ടതകളിൽ ഒരു നല്ല പങ്കിനു് മനുഷ്യന്റെ അവിവേകപരമായ പ്രവൃത്തികൾ പ്രത്യക്ഷ കാരണങ്ങളാണെന്നുള്ളതിനു് മേൽ വിവരിച്ചിട്ടുള്ളവ ചില ഉദാഹരണങ്ങൾ മാത്രമാണ്. ഇവയിൽ ദൈവത്തിനോ മററാർക്കെങ്കിലുമോ, പങ്കില്ലെന്നുള്ളതും സുവിദിതമാണല്ലോ.

## നാലാമത്തെ കാരണം.

### ദൈവപ്രമാണലംഘനത്തിന്റെ ഫലം

മനുഷ്യൻ അനുഭവിക്കേണ്ടതായി വരുന്ന കഠോരപീഡകളിൽ സിംഹഭാഗവും ദൈവത്തിന്റെ പത്തു പ്രമാണങ്ങളെ ലംഘിക്കുന്നതിന്റെ അനിർവാര്യഫലമാണെന്നു അതിശയോക്തിലേശമെന്യേ പറയാം. ഉദാഹരണത്തിനായി നമ്മുടെ നിത്യാനുഭവത്തിൽപ്പെട്ടതായ ചിലതിനെമാത്രം ഇവിടെ ചൂണ്ടിക്കാണിക്കാം.

വിഷയസുഖംപോലെ മനുഷ്യന്റെ ആരോഗ്യത്തിനു് ഏതു കാലപര്യന്തം ഹാനിവരുത്തിയിട്ടുള്ളതായി മറെറാന്നില്ലെന്നു സകാരണം സമർത്ഥിക്കാം. "കഴിഞ്ഞ ഒന്നുരണ്ടു തലമുറകൾക്കിടയിൽ മനുഷ്യജീവിതത്തിൽ മതത്തിനുണ്ടായിരുന്ന സ്വാധീന

ശക്തിക്കു് ക്ഷയം സംഭവിച്ചതനുസരിച്ചു് മനുഷ്യരുടെയിടയിൽ ബീജസംബന്ധവും ദുരന്തക്ലേശങ്ങൾക്കു നിദാനവുമായ രോഗങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു" എന്നാണു് സുപ്രസിദ്ധനായ ഡോക്ടർ ജെയിംസ് ജെ. വാൽഷിന്റെ അഭിപ്രായം. വിഷയാലമ്പടന്മാരെ സംബന്ധിച്ചിടത്തോളം വി. ലിഖിതത്തിലെ ചില പ്രസ്താവനകൾ അക്ഷരാർത്ഥം നിറവേറിയിരിക്കയാണു്. "തന്റെ സ്രഷ്ടാവിന്റെ സമക്ഷത്തുവച്ചു പാപം ചെയ്യുന്നവൻ വൈദ്യന്റെ കരങ്ങളിൽ വീഴുന്നതാണു്" (പ്രസംഗികൻ 38-15) "നീ നിന്റെ ആത്മാവിനു അതിന്റെ ഇച്ഛകൾ സാധിച്ചുകൊടുക്കുന്നു എങ്കിൽ അതു നിന്നെ നിന്റെ ശത്രുക്കൾക്കു സന്തോഷ (വിഷയ) മാക്കിത്തീർക്കും" (പ്രസം. 18-31) "പരസ്ത്രീകളോടു സംയം ചേരുന്നവൻ, ദുഷ്ടനായിരിക്കും. ചീച്ചിലും പുഴുക്കളും അവനെ അവകാശപ്പെടും." (പ്രസം. 19-3) "അവന്റെ (ദുഷ്ടന്റെ) അസ്ഥികൾ ബാല്യത്തിലെ ദുഷ്ടതകൾകൊണ്ടു നിറഞ്ഞിരിക്കുകയും, അവ അവനോടുകൂടെ മണ്ണിൽ നിദ്രചെയ്യുകയും ചെയ്യും" (യോബു് 20-11.) വിഷയസുഖഭ്രമികളായ പല സ്ത്രീപുരുഷന്മാരും ഓരോ തീരാവ്യാധികൾക്കധീനരായി കാണികളുടെ ഹൃദയങ്ങളെ ഭേദിപ്പിക്കുമാറു് നാനാദുരിതങ്ങൾ അനുഭവിക്കുന്നതായി നാം കാണുന്നു. ആത്മഹത്യമൂലം തങ്ങളുടെ നാരകീയജീവിതം അവസാനിപ്പിക്കുവാൻതന്നെയും ഇത്തരക്കാർ ആഗ്രഹിക്കുക സർവ്വസാധാരണമത്രെ അഹോ കഷ്ടം! ഈ അശുദ്ധാഗ്രഹത്തിനു വഴിപ്പെടാതിരുന്നുവെങ്കിൽ ഈ അനാശാസ്യസ്ഥിതിക്കൊന്നും ഇടവരികയില്ലായിരുന്നു.

വിഷയസുഖേച്ഛുക്കളുടെ ദയനീയസ്ഥിതി നേരിട്ടു ഗ്രഹിക്കുന്നതിനു് ഒരു ജനറൽ ആസ്പത്രിയോ, മറ്റേതെങ്കിലും രോഗികളുടെ സങ്കേതസ്ഥാനങ്ങളോ ഒന്നു സന്ദർശിച്ചാൽ മതി. ധനവാനെയും ദരിദ്രനെയും എന്നുവേണ്ട എല്ലാ പ്രായത്തിലും എല്ലാ തരത്തിലും ഉള്ളവരെയും അവിടെ കാണാം. അവരുടെ ശരീരത്തിനുമാത്രമല്ല, പലപ്പോഴും ബോധത്തിനുകൂടെ ക്ഷതം ഭവിച്ചിരിക്കുന്നതായി അവരുടെ ദൃഷ്ടിയിൽനിന്നുതന്നെ ഗ്രഹിക്കാൻ കഴിയും. സ്വയംകൃതാനർത്ഥങ്ങളുടെ ഫലമായി ഇക്കൂട്ടർ മരിക്കാതെ മരിക്കുകയത്രെ ചെയ്യുന്നതു്. വിലക്കപ്പെട്ടതായ ആ സന്തോഷം അനുഭവിക്കുവാൻ മനസ്സായതോർത്തു് ഇവർ ദുഃഖിക്കുന്നു. പക്ഷെ സമയം അതിക്രമിച്ചുപോയി. എന്തു ലാഭത്തി

ന്തുവേണ്ടിയാണു് അവർ ഈ ദുരന്തദുരിതങ്ങളനുഭവിക്കുന്നതു്? സ്വല്പ സമയത്തേക്കുമാത്രമുള്ള ഒരു പൈശാചിക സുഖാനുഭൂതി നിമിത്തമത്രെ. ഹാ! എത്ര ദയനീയമായ സ്ഥിതിയാണിതെന്നു ഗാഢഗാഢം ചിന്തിച്ചാലും!

ആസ്പത്രികളിലും, ആതുരശാലകളിലുംമാത്രമല്ല കുടിലിലും കൊട്ടാരത്തിലും ഈ വകക്കാരെ കാണ്മാൻ സാധിക്കും. അവരുടെ പ്രവൃത്തിയുടെ ഫലം അവർ അനുഭവിക്കുന്നുണ്ടു്. പക്ഷേ കാണികൾ അറിയുന്നില്ല, അവരെ അറിയിക്കുന്നുമില്ല എന്നേ ഉള്ളു. ഇക്കൂട്ടരുടെ സന്തതികൾപോലും ഇവരുടെ ദുഷ്കൃത്യങ്ങളുടെ ഫലം അനുഭവിക്കേണ്ടിവരുന്നതാണു് അതിലും പരിതാപകരം. അന്ധരും അംഗഭംഗം ഉള്ളവരും കൃശഗാത്രരും അനാരോഗ്യവാന്മാരായ സന്താനങ്ങൾ ജനിക്കുന്നതിനുള്ള കാരണവും മാതാപിതാക്കന്മാരുടെ ദുർനടപടികളല്ലാതെ മറെറാന്നുമല്ല. ഒരുവൻെറ അഥവാ ഒരുത്തിയുടെ അസാന്മാർഗ്ഗിക നടപടികളുടെ അനാശാസ്യഫലം ഒന്നോ രണ്ടോ അല്ല മൂന്നും നാലും തലമുറവരെ നീണ്ടുനില്ക്കുമെന്നുള്ളതാണു് അതിലും ഭയങ്കരം. ഭയാനകമെന്നല്ലാതെ എന്തു പറയട്ടെ!

പക്ഷേ കാരണമില്ലാതെ കാര്യമുണ്ടാകുന്നതല്ല, എന്ന പ്രകൃതിനിയമത്തിൻെറ പ്രവർത്തനഫലം മാത്രമാണിതു്. മാതാപിതാക്കന്മാർ ദൈവികനിയമങ്ങളെ ലംഘിക്കാതെയും അസാന്മാർഗ്ഗിക നടപടികളിൽ ഉൾപ്പെടാതെയും അനുസ്യൂതം ദൈവസ്നേഹത്തിൽ ജീവിച്ചിരുന്നുവെങ്കിൽ അവരുടെ ലോകജീവിതം സന്തോഷകരമായി പര്യവസാനിപ്പിക്കാമായിരുന്നു. അവരുടെ സന്താനപരമ്പരകൾക്കും ഇതിൻെറ സൽഫലം അനുഭവിക്കാൻ ഇടവരികയും ചെയ്യുമായിരുന്നു. അതിനുപകരം അവർ ദൈവനിയമത്തെ അതിലംഘിച്ചു അതിൻെറ ഫലം അവരനുഭവിച്ചേ തീരൂ. മാത്രമോ, മൂന്നും നാലും തലമുറവരെയുള്ള അവരുടെ സന്തതികളും ഈ പൂർവ്വന്മാരുടെ പ്രവൃത്തികളുടെ ഫലം അനുഭവിക്കണം. ഇക്കൂട്ടരുടെ പാപത്തിനു് അവരുടെ പ്രവൃത്തികളുടെ പരിണതഫലത്തിൽ കൂടുതലായി മറെറന്തു ശിക്ഷയാണു് ഉണ്ടാകേണ്ടതു്? പ്രകൃതിനിയമങ്ങൾ അത്ഭുതകരമായി ഭേദപ്പെടുകയോ, ആരെങ്കിലും ഭേദപ്പെടുത്തുകയോ ചെയ്യാതെ ഈദൃശ ദുരനുഭവങ്ങളിൽനിന്നും ഒഴിഞ്ഞിരിക്കുവാൻ ഈ നിയമലംഘനക്കാർക്കു് ഒരിക്കലും സാധ്യമല്ല. അടിക്കടി അസാന്മാർഗ്ഗിക നടപടികളിൽ ഉൾപ്പെടുന്ന

വക്കു് അതുമൂലം അകാലമരണംതന്നെ സംഭവിക്കാനിടയുണ്ടെന്നുള്ളതാ പോകട്ടെ. അതിനപ്പുറമേ ദീർഘകാലത്തേക്കു് നിലനിന്നു് മനുഷ്യരെ അതിദാരുണമായവിധം കഷ്ടപ്പെടുത്തുന്ന ചില രോഗങ്ങളും, അന്ധരും, അംഗഹീനരും, കൃശഗാത്രരും, അസ്ഥിരചിത്തരും ആയ ശിശുക്കളുടെ ജനനം എന്നിവയെല്ലാം മാതാപിതാക്കന്മാരുടെ ഈദൃശ നടപടികളത്രെ കാരണമായിത്തീരുന്നതു്.

മദ്യാസക്തന്മാരുടെ അനുഭവവും ഇതിൽനിന്നും ഒട്ടും വ്യത്യസ്തമല്ല. ലഹരിപാനീയങ്ങളുടെ അമിതമായ ഉപയോഗംനിമിത്തം യൌവ്വനം നശിക്കുന്നു; ബുദ്ധി ക്ഷയിക്കുന്നു; ഭയങ്കരരോഗങ്ങൾക്കും, പലപ്പോഴും അകാലചരമത്തിനും ഇടയാകുന്നു. വിഷയേച്ഛുക്കളുടെ എന്നതുപോലെതന്നെ മദ്യാസക്തരുടെ സന്താനങ്ങളും സ്വന്ത മാതാപിതാക്കന്മാരുടെ കുററത്തിനുള്ള ശിക്ഷയിൽ പങ്കു് അനുഭവിക്കേണ്ടി വരുന്നു.

### തിന്മയിൽനിന്നും നന്മ പ്രാപിക്കുക.

ദൈവപ്രമാണങ്ങളെയും പ്രകൃതിനിയമങ്ങളെയും ലംഘിച്ചുകൊണ്ടു് മനുഷ്യർ നിരവധി സ്വയംകൃതാനർത്ഥങ്ങൾ വരുത്തിക്കൂട്ടുന്നതായി കണ്ടുകഴിഞ്ഞുവല്ലോ. ഈ വിധമുള്ള ദുഃഖാരിഷ്ടതകൾ നേരിടുമ്പോൾ കേവലം അജ്ഞാനികളെപ്പോലെ എല്ലാം വിധിയെന്നു് വിചാരിച്ചു് ശരണക്കേടിലുൾപ്പെടുകയേ നമുക്കു് ഗത്യന്തരമുള്ളോ എന്നാണു് ഇനി ചിന്തിക്കുവാനുള്ളതു്. ഇവിടെ സമാധാനത്തിനു് വകയില്ലാതില്ല. ആദത്തിൻെറ പാപത്തെ മിശിഹായുടെ ജീവിതവും പീഡാനുഭവങ്ങളുംമൂലം ദൈവം എപ്രകാരം മനുഷ്യനു് അനുഗ്രഹസംദായകമാക്കിത്തീർത്തുവോ, അപ്രകാരംതന്നെ ഓരോരുത്തക്കും അവരവരുടെ അവിവേകവും ബുദ്ധിഹീനതയും നിമിത്തമോ അല്ലാതെയോ, നേരിടുന്ന നിരവധി കഷ്ടാരിഷ്ടതകളിൽനിന്നും നിസ്സീമമായ നന്മകൾ ലഭിക്കത്തക്കവണ്ണം ദൈവം തിരുമനസ്സായിരിക്കുന്നു. ആകയാൽ ഇതിലേക്കു് ഒന്നാമതായിത്തന്നെ ധൂർത്തപുത്രനെ അനുകരിച്ചു് ചെയ്തുപോയ പാപങ്ങളെപ്പററി ശരിയായ പശ്ചാത്താപത്തോടെ ദൈവത്തിൻ പക്കലേക്കു് പിന്തിരിഞ്ഞു് പാപസങ്കീർത്തനംവഴിയായി പാപങ്ങൾക്കു് പരിഹാരം വരുത്തണം. എന്തുകൊണ്ടെന്നാൽ ഇഹ

ത്തിൽ ഓരോരുത്തനും നേരിടുന്ന ദുഃഖങ്ങൾക്കു് പരത്തിൽ സമ്മാനം ലഭിക്കണമെങ്കിൽ ഓരോരുത്തരും ദൈവപ്രസാദവരത്തോടുകൂടി മരിക്കണമെന്നുള്ളതു് അവശ്യം ആവശ്യമാകുന്നു.

രണ്ടാമതായി ഇഹത്തിൽവച്ചു് നേരിടുന്ന സങ്കടങ്ങളാകുന്ന ശിക്ഷയെക്കാൾ വലിയ ശിക്ഷ, അതേ നിത്യനരകാഗ്നി തന്നെ, നിന്റെ പാപങ്ങൾ നിമിത്തം നീ അർഹിക്കുന്നു എന്നുള്ള പരമാർത്ഥം ഏറ്റുപറയുകയും, ഇതുവരെ നിന്റെ ആ ഭയങ്കരശിക്ഷയ്ക്കു് നീ വിധിക്കപ്പെടാതിരുന്നതുതന്നെ കരുണാനിധിയായ ദൈവത്തിന്റെ അനന്തമായ അനുഗ്രഹത്തിന്റെ ആധിക്യം ഒന്നുകൊണ്ടു മാത്രമാണെന്നുള്ളതു് കൃതജ്ഞതാപുരസ്സരം സ്മരിക്കുകയും ചെയ്യുക.

മൂന്നാമതായി, ചെയ്തുപോയ പാപങ്ങളുടെ പരിഹാരാർത്ഥം ഇഹത്തിൽ നേരിടുന്ന ക്ലേശങ്ങളെ നമ്മുടെ കർത്താവീശോമ്ശിഹായുടെ പാടുപീഡകളോടു ചേർത്തു് നിത്യപിതാവിനു കാഴ്ചയായി സമർപ്പിക്കുന്നുണ്ടെന്നു് പ്രതിജ്ഞ ചെയ്യുക. ഏവംവിധം പ്രവർത്തിക്കുന്നതു നിമിത്തം നമ്മുടെ പാപങ്ങൾക്കു പൊറുതി ലഭിക്കും. ശുദ്ധീകരണസ്ഥലത്തിൽ കിടന്നു് അനുഭവിക്കേണ്ടതായ അനിത്യശിക്ഷയുടെ ദൈർഘ്യം കുറയുകയും, ഒരു പാപത്തിലും വീഴാതിരുന്നാൽ ലഭിക്കുമായിരുന്നതിനെക്കാൾ വലിയ ഭാഗ്യത്തിനർഹരായി തീരുകയും ചെയ്യും.

ഇങ്ങനെ ത്രിവിധ ഗുണങ്ങളാണു് മേൽ വിവരിച്ച വിധമുള്ള പശ്ചാത്താപവും കുറ്റസമ്മതവും കാഴ്ചവെപ്പു മൂലം നമുക്കു സിദ്ധിക്കാനിടയാകുന്നതു്. അതിനാൽ രോഗമോ ശാരീരികവിഷമതകളോ ദാരിദ്ര്യദുഃഖങ്ങളോ എന്തുതന്നെ നേരിട്ടാലും അതെല്ലാം സ്വന്ത പാപപരിഹാരാർത്ഥം നിത്യപിതാവിനു് കാഴ്ചയായി സമർപ്പിക്കുക. തക്കതായ പ്രതിഫലം അതിനു് ഇഹത്തിൽ അല്ലെങ്കിൽ പരത്തിൽ നമുക്കു് ലഭിക്കാതിരിക്കയില്ല. സ്വന്തപ്പെട്ടവരായ ആർക്കെങ്കിലുംവേണ്ടി ബുദ്ധിമുട്ടേണ്ടതായി വരുന്നു എങ്കിൽ അതിൽ ഒട്ടും ക്ലേശിക്കാതെ ക്രിസ്തീയസ്നേഹം പ്രദർശിപ്പിക്കാനായി ദൈവം നൽകിയ ഒരവസരമാണെന്നു് കരുതി, അതു ഫലിപ്പിക്കാൻ നോക്കുക. "എന്റെ ഈ സഹോദരന്മാരിൽ ഏറ്റം ചെറിയവനുവേണ്ടി എന്തെങ്കിലും നിങ്ങൾ ചെയ്യുന്നു എങ്കിൽ അതു് എനിക്കു ചെയ്തതായിരിക്കുമെന്നു് ഞാൻ സത്യമായി നിങ്ങളോടു് പറയുന്നു." (വി. മത്തായി 25. 40.)

എന്നുള്ള നമ്മുടെ ദിവ്യരക്ഷകന്റെ വാക്യം ഇവിടെ പ്രത്യേകം സ്മർത്തവ്യമാണു്. നമ്മുടെ ദോഷാതങ്ങളിൽ നിന്നുകൂടെയും നിരവധി നന്മകൾ പ്രാപിക്കാൻ ഇടവരുത്തുന്ന ദൈവത്തിന്റെ അനുഗ്രഹാധിക്യത്തെ നാം എന്നെന്നും സ്തുതിക്കേണ്ടതത്രെ.

## അഞ്ചാമത്തെ കാരണം.

### നമ്മുടെ പാപത്തിനുള്ള അനിത്യശിക്ഷ.

സ്വന്തപാപങ്ങൾക്കുള്ള അനിത്യശിക്ഷ ഇഹത്തിൽ അല്ലെങ്കിൽ പരത്തിൽ ഓരോരുത്തനും ശരിവരെ അനുഭവിച്ചേ തീരൂ. ഏവംവിധമുള്ള പാപപരിഹാരത്തിനായി ദൈവം ചിലപ്പോൾ മനുഷ്യർക്കു് ദുഃഖസങ്കടങ്ങൾ യാത്രയാക്കുന്നുണ്ടു്. ചില സാംക്രമികരോഗങ്ങൾ, ഭൂകമ്പങ്ങൾ, മഹായുദ്ധങ്ങൾ, മററു മനുഷ്യരുടെ ദുഷ്ടമനസ്സുമൂലം നമുക്കു നേരിടുന്ന അനർത്ഥങ്ങൾ ആദിയായവ ഇതിനു് ഉദാഹരണങ്ങളായി എടുക്കാം. ഇവയിൽനിന്നു ഒഴിഞ്ഞുമാറുവാൻ യാതൊരു മനുഷ്യനും സാദ്ധ്യമല്ല. പാപത്തിനുള്ള അനിത്യശിക്ഷ ഇഹത്തിൽവച്ചനുഭവിക്കാത്തവർ ശുദ്ധീകരണസ്ഥലത്തിൽ കിടന്നു് പാപപരിഹാരം ചെയ്യേണ്ടിവരും. അതിനാൽ പാപപരിഹാരാർത്ഥമെന്ന നിലയിൽ മനുഷ്യനു് ഇഹത്തിൽവച്ചു ദുഃഖാരിഷ്ടതകൾ അനുഭവിക്കാനിടയാകുന്നതു് ദൈവത്തിന്റെ ഒരു അനുഗ്രഹമെന്നാണു് പറയേണ്ടതു്.

എത്ര നിസ്സാരമായ പാപം ആയിരുന്നാലും അതു് മനുഷ്യനെ അപരാധിയും ശിക്ഷാർഹനുമാക്കുന്നു എന്നുള്ളതു് ഈ അവസരത്തിൽ പ്രത്യേകം ധരിച്ചിരിക്കേണ്ടതുണ്ടു്. പാപകരമായ ഒരു പ്രവൃത്തിമൂലം നാം ദൈവത്തോടു് അനാചാരപരമായി വർത്തിക്കുന്നു. തന്നിമിത്തം നാം ദൈവതിരുമുമ്പിൽ കുററക്കാരായും ഭവിക്കുന്നു ചെയ്തുപോയ തെററിനു പരിഹാരം ചെയ്തേ തീരൂ അതായതു് കുററത്തിന്റെ ഗൗരവത്തിനനുസരിച്ചുള്ള ശിക്ഷ അനുഭവിക്കണം എന്നു ചുരുക്കം. നിത്യവും, അനിത്യവും എന്നിങ്ങനെ രണ്ടു വിധത്തിലാണു് പാപത്തിനുള്ള ശിക്ഷ. അനിത്യശിക്ഷ കാലാന്തരത്തിൽ അവസാനിക്കുന്നു. മറേറതാകട്ടെ എന്നേക്കും ദീർഘിക്കുന്നു. ഘനമായ പാപം ചെയ്യുന്നവൻ ഈ രണ്ടു ശിക്ഷകളും അനുഭവിക്കണം. അതായതു് അവൻ

ഇഹത്തിൽ ദുരിതവും പരത്തിൽ നിത്യശിക്ഷയും അനുഭവിച്ചേ തീരൂ ലഘുവായ പാപത്തിനു് അനിത്യശിക്ഷമാത്രം അനുഭവിച്ചാൽ പരിഹാരം സിദ്ധിക്കുന്നു. "നിത്യശിക്ഷക്കു വിധിക്കപ്പെടുന്നവൻ കെടാത്ത തീയിൽ എരിയാത്ത കട്ടപോലെ കിടന്നു നരകിക്കേണ്ടിവരും" (വി. മർക്കോസ് 9-42) എന്നാൽ ലഘുവായ പാപങ്ങളായാലും അവയുടെ ഗൗരവത്തിനനുസരിച്ചു് ശിക്ഷയുടെ ആധിക്യം കൂടിയും കുറഞ്ഞും ഇരിക്കും. അനിത്യശിക്ഷ ഇഹത്തിൽവച്ചാണെങ്കിൽ ഇഹത്തിലെ ക്ലേശങ്ങൾകൊണ്ടും ഓരോരുത്തൻ ചെയ്യുന്ന പ്രായശ്ചിത്ത പ്രവൃത്തികൾകൊണ്ടും, പരത്തിലാണെങ്കിൽ ശുദ്ധീകരണസ്ഥലത്തിലെ അഗ്നിയാൽ മാത്രവും തീരുന്നു.

പാപസങ്കീർത്തനം വഴിയായും ഉത്തമമനസ്താപം മൂലവും ചാവുദോഷത്തിനു പൊറുതി ലഭിക്കുമെന്നതു തീർച്ചതന്നെ. എങ്കിലും ആ പാപത്തിന്റെ അനിത്യ ശിക്ഷയ്ക്കു് മിക്കപ്പോഴും പൂർണ്ണപരിഹാരം സിദ്ധിക്കുന്നില്ല. പാപസങ്കീർത്തനം വഴിയായി ചാവുദോഷത്തിൽനിന്നും അതിനുള്ള നിത്യശിക്ഷയിൽനിന്നും നാം പൂർണ്ണമായും വിമോചിതരാകുന്നുണ്ടു്. ഒരു പാപിയുടെ പശ്ചാത്താപത്തിന്റെ ഗൗരവമനുസരിച്ചു് അനിത്യ ശിക്ഷയുടെ കാഠിന്യമോ, ശിക്ഷാവിധിയുടെ ദൈർഘ്യമോ ഏറെക്കുറെ കുറയുമെന്നല്ലാതെ അതിൽനിന്നും പൂർണ്ണമോചനം സിദ്ധിക്കുക എളുപ്പമല്ല. എന്നാൽ ഇതിൽനിന്നും ഉത്തമമനസ്താപം കൊണ്ടു് പാപത്തിനു് പൂർണ്ണമായ പൊറുതി ലഭിക്കുന്നതല്ലെന്നു തെററി ധരിക്കരുതു്. ശരിയായ മനസ്താപംമൂലം ചാവുദോഷത്തിനുള്ള നിത്യവും അനിത്യവുമായ എല്ലാ ശിക്ഷകളിൽനിന്നും മോചനം ലഭിക്കാമെന്നുള്ളതിനു് വി. മറിയംമഗ്ദലേനായുടെ കാര്യംതന്നെ മതിയായ ഒരു തെളിവാണല്ലോ. മനസ്താപം അതുക്കു് ആത്മാർത്ഥവും ഹൃദയംഗമവും പരിപൂർണ്ണവുമായിരിക്കണമെന്നേ ഉള്ളു.

മനസ്താപത്തിനും പാപസങ്കീർത്തനത്തിനും ശേഷം ശേഷിക്കുന്ന പാപത്തിന്റെ അനിത്യശിക്ഷക്കു് ഓരോരുത്തരും പിന്നീടു് പരിഹാരം ചെയ്യുകതന്നെ വേണം. അതു് ഇഹത്തിൽ വച്ചു് പ്രായശ്ചിത്തപ്രവൃത്തികളാൽ സാധിക്കാം. അല്ലെങ്കിൽ പരലോകത്തിൽ ശുദ്ധീകരണ സ്ഥലത്തിലെ ശിക്ഷ കൊണ്ടു് സാധിക്കേണ്ടതായി വരുന്നു. എന്നാൽ അവിടത്തെ ചുരുങ്ങിയ സമ

യതെത്ത വേദനപോലും ഇഹത്തിൽ ലോകാവസാനത്തോളമുള്ള സൎവ്വ വേദനയെയുംകാൾ ഭയങ്കരതരമാണെന്നു് നാം പ്രത്യേകം ധരിക്കണം.

പ്രസ്താവിതസത്യങ്ങളെപ്പററിയുള്ള ഒരു പരിചിന്തനം.

പാപം ചെയ്തുപോയാൽ അതിന്നു ശിക്ഷയുണ്ടെന്നും അതനുഭവിക്കാതെ തരമില്ലെന്നും, ഓരോ പാപത്തിന്റെയും ഘനാഘനമനുസരിച്ചു് ശിക്ഷയും; കൂടിയും കുറഞ്ഞും ഇരിക്കുമെന്നല്ലാതെ ഇതിൽ മററു വ്യത്യസ്ഥങ്ങളൊന്നും ഇല്ലെന്നും ഉള്ള യാഥാൎത്ഥ്യം ഗ്രഹിച്ചുകഴിഞ്ഞു ഈ നിലയിൽ ഓരോരുത്തരും ചെയ്തുപോയിട്ടുള്ള പാപങ്ങളെപ്പററി ഒന്നു പരിചിന്തിക്കുന്നതു അഥവാ ഒരു സ്വയപരിശോധന നടത്തുന്നതു് അത്യന്തം ഉപകാരപ്രദവും അവസരോചിതവും ആയിരിക്കും. സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം ഓരോരുത്തനും യഥാൎത്ഥത്തിൽ നാളിതുവരെ ചെയ്തിട്ടുള്ള പാപങ്ങൾക്കുവേണ്ടി അനുഭവിക്കേണ്ടതായിട്ടുള്ള അനിത്യശിക്ഷ സാധാരണഗതിയിൽ നാം പ്രതീക്ഷിക്കുന്നതിൽ വളരെ വളരെ അധികമായിരിക്കുവാനേ ഇടയുള്ളു. അതിന്നു പ്രധാനമായി രണ്ടു കാരണങ്ങളാണുള്ളതു്. ഒന്നാമതായി ഓരോ പാപത്തിന്നും അതിന്റെ ഗൗരവത്തിനനുസരിച്ച നിലയിലുള്ള ശിക്ഷ അനുഭവിച്ചേ മതിയാവൂ. രണ്ടാമതായി ഓരോരുത്തനും വളരെ അധികം പാപങ്ങൾ ചെയ്തിട്ടുണ്ടായിരിക്കും. ഒരു വസ്തുവിനെ അതിന്റെ നിഴൽ എന്നോണം പാപത്തെ അതിന്റെ ശിക്ഷ അനുഗമിക്കുന്നു. ഒരു തലമുടിനാരിന്നു് അതിന്റെ വലിപ്പത്തിന്നനുസരിച്ച ഒരു നിഴലുണ്ടു്. ഒരു പെൻസിൽ, ഒരു വൃക്ഷം, ഒരു ഭവനം, ഒരു മഹാ പൎവ്വതം, എന്നിവയ്ക്കു് അതതിന്റെ വലിപ്പത്തിന്നനുസരിച്ചു് വലിയ നിഴലുകളും കാണും. ഇപ്രകാരംതന്നെ പാപം എത്ര നിസ്സാരമായിരുന്നാലും അതിന്നു് ഒരു ശിക്ഷയുണ്ടു്. ഓരോന്നിന്റെയും ഗുരുലഘുത്വമനുസരിച്ചു് ശിക്ഷാകാഠിന്യം കൂടിയും കുറഞ്ഞും ഇരിക്കുമെന്നുള്ള ഒരു വ്യത്യാസമേ ഉള്ളു.

ചാവുദോഷത്തിന്നുള്ള ശിക്ഷ നിത്യ നരകമാണെന്നുള്ളതു് തൎക്കമററ വാസ്തവമാണല്ലോ. മററു പാപങ്ങളുടെ വിശിഷ്യ ചാവുദോഷങ്ങളോടു് ഏററം സമീപിക്കുന്ന പാപങ്ങളുടെ കാഠിന്യം എത്രമാത്രമെന്നും അവയ്ക്കുള്ള ശിക്ഷ എന്തായിരിക്കുമെന്നും ഓൎ

ക്കം നിശ്ചയിച്ചുകൂടാ. ചില പാപങ്ങൾ പാപദോഷമോ ചാവുദോഷമോ എന്നു നിശ്ചയിക്കുന്നതിന്നു് അതിവിദഗ്ദ്ധന്മാരായ വേദശാസ്ത്രജ്ഞന്മാർക്കു് കൂടെയും സാദ്ധ്യമല്ലതന്നെ.

വിമോചിക്കപ്പെട്ടിട്ടുള്ള സ്വന്ത ചാവുദോഷങ്ങൾക്കുവേണ്ടി അനുഭവിക്കേണ്ടതായ അനിത്യശിക്ഷയ്ക്കുംപുറമെ, ലഘുവായ പാപങ്ങൾക്കുള്ള നിത്യശിക്ഷയുംകൂടി ആകുമ്പോൾ എത്ര വലിയ ശിക്ഷയാണു് ഓരോ വ്യക്തിയും അർഹിക്കുന്നതെന്നു് ശരിയായൊരു ആത്മശോധന നടത്തുന്നപക്ഷം നിഷ്പ്രയാസം ഗ്രഹിക്കാം. താദൃശമായ ഒരാത്മശോധന സാധാരണഗതിയിൽ അസുഖപ്രദമായ ഒന്നാണെങ്കിലും തന്മൂലം പലപല നന്മകളും സിദ്ധിക്കാനിടയുണ്ടെന്നുള്ളതു് നിസ്സംശയമത്രെ. തങ്ങളുടെ യഥാർത്ഥത്തിലുള്ള ആത്മീയനില ഗ്രഹിക്കുവാനിടയാകുന്നതു് നിമിത്തം തഴക്കമായിട്ടുള്ള പല തെററുകളിൽനിന്നും ഒഴിയുവാൻ ഓരോരുത്തനും സ്വയം പ്രേരിതനാകാതിരിക്കയില്ല. ഏവംവിധം നിഷ്പക്ഷനിലയിൽ ഒരാത്മശോധന നടത്തുമ്പോൾ ഓരോരുത്തന്റെയും ദയനീയമായ നില അവനവനു ബോധ്യമാകും.

അതിനാൽ വിവേകബുദ്ധി ഉണ്ടായതിനുശേഷം നീ എത്ര എത്ര ചാവുദോഷങ്ങൾതന്നെ ചെയ്തുപോയി എന്നു് ഒന്നു പരിശോധിച്ചുനോക്കുക. നിരൂപണ, വചനം, പ്രവൃത്തികളാലും സ്വന്ത കടമകളെ പരിച്ഛേദം വിഗണിച്ചും എത്രയോ പാപങ്ങൾ ചെയ്തിരിക്കണം. കടപ്പെട്ട ദിവസങ്ങളിൽ പൂജ കാണാതിരിക്കയോ വേലജോലികൾ ചെയ്കയോ ചെയ്തിട്ടുണ്ടോ? നോയമ്പു് ദിവസങ്ങളെ ലംഘിച്ചിട്ടുണ്ടോ? അയല്ക്കാരന്റെ ദേഹത്തിനോ, അവന്റെ സ്വത്തിനോ, സൽകീർത്തിക്കോ ഹാനി വരുത്തിയിട്ടുണ്ടോ? ആരോടെങ്കിലും വൈരാഗ്യത്തോടുകൂടിയിരുന്നിട്ടുണ്ടോ? പരദൂഷണത്തിലോ പരനിന്ദയിലൊ ഏർപ്പെട്ടിട്ടുണ്ടോ? വിചാരം വഴിയോ പ്രവൃത്തിമൂലമോ, ആഗ്രഹമോ, സംഭാഷണമോ, നോട്ടമോ വഴിയൊ ശുദ്ധതയ്ക്കെതിരായ പാപത്തിൽ വീഴാൻ ഇടയായിട്ടുണ്ടോ? ഏതാദൃശമായ ഏതെങ്കിലും പാപം ചെയ്തുപോയിട്ടുണ്ടെങ്കിൽ, പാപത്തിൽ ഉൾപ്പെട്ട ആ ക്ഷണംമുതൽ അവയുടെ ഗൌരവത്തിനനുസരിച്ചുള്ള അനിത്യശിക്ഷക്കു നീ അർഹനായിത്തീർന്നിട്ടുണ്ടു് എന്നു ധരിച്ചുകൊൾക.

ഇനിയും നിന്റെ ആയുഷ്കാലത്തിൽ ചെയ്തുപോയിട്ടുള്ള പാപദോഷങ്ങളെപ്പററി ശരിയായ ഒരു ആത്മശോധന നടത്തു-

ന്നപക്ഷം അവയുടെ എണ്ണം നിന്റെ തലമുടി നാരുകളുടേതിനെക്കാൾ അധികമായിരിക്കുമെന്നുള്ളതു് സംശയരഹിതമായ വാസ്തവമത്രെ. പ്രാർത്ഥനയിലുള്ള അനാസ്ഥ, പല വിചാരത്തോടുകൂടിയുള്ള പ്രാർത്ഥന, അന്യരോടുള്ള അസൂയ, സഹജീവികളോടുള്ള കൃതഘ്നത, പകരം വീട്ടലുകൾ, അരുതാത്ത സംസാരങ്ങളും കളിവിളയാട്ടങ്ങളും, ഡംഭു്, പരപരിഹാസം എന്നിങ്ങനെ കണക്കാക്കിയാൽ കണക്കില്ലാതെ പാപദോഷങ്ങൾ നീ ചെയ്തുകൂട്ടിയിട്ടുള്ളതായി കാണാൻ കഴിയും. ഇവയ്ക്കും പുറമേ മനസ്സറിയാതെ എത്ര എത്ര പാപങ്ങളിൽ ഉൾപ്പെട്ടുപോയിരിക്കാം. ഒരു വിധത്തിൽ അവയ്ക്കുവേണ്ടിക്കൂടി ദൈവസന്നിധിയിൽ കണക്കു കൊടുക്കേണ്ടതായിട്ടാണിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ ദൈവത്തോടുള്ള നിന്റെ കടമകളിൽ അക്ഷന്തവ്യമായ വിധത്തിൽ അശ്രദ്ധനായിരിക്കുന്നതു നിമിത്തമത്രെ നിനക്കു ഈവിധമുള്ള ദുരനുഭവങ്ങൾക്കിടയാകുന്നതു്. അതിനാൽ അവയ്ക്കും നീ പരിഹാരം ചെയ്യേണ്ടതാണെന്നു് വരുന്നു. ഇതെല്ലാം പരിഗണിക്കുമ്പോൾ നമ്മുടെ ആത്മസ്ഥിതി യഥാർത്ഥത്തിൽ എത്ര ഭയങ്കരമായിരിക്കുന്നു എന്നു് ഗാഢമായി ആലോചിച്ചുനോക്കുക.

നിഷിദ്ധമോ നിരോധിക്കപ്പെട്ടിട്ടുള്ളതോ ആയ യാതൊന്നും പ്രത്യക്ഷത്തിൽ പ്രവർത്തിക്കാത്തവൻ ഒരു പാപത്തിലും ഉൾപ്പെടുന്നില്ല എന്നു ചിലർ കരുതിയേക്കാം. എന്നാൽ പ്രവൃത്തിമൂലമെന്നതിനെക്കാൾ അധികം ആഗ്രഹവും വിചാരവും വഴിയായിട്ടത്രെ മനുഷ്യർ പിഴക്കുന്നതു് എന്നുള്ളതു് ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കേണ്ടതുണ്ടു്. പാപകരമായവയെ പൂർണ്ണമനസ്സോടെ ആഗ്രഹിച്ചു കഴിയുമ്പോൾ പ്രവൃത്തികൂടാതെ തന്നെ ഒരുവൻ പാപത്തിൽ ഉൾപ്പെടുന്നു. ഉദാഹരണമായി ഒരു ദുഷ്കൃത ചെയ്യാനിടയായില്ലെങ്കിലും ചെയ്യുവാൻ പൂർണ്ണമനസ്സോടെ ആഗ്രഹിക്കുന്നതോടുകൂടി ആഗ്രഹിക്കുന്ന ആൾ പാപത്തിൽ ഉൾപ്പെടുന്നു. "വിഷയേച്ഛയോടുകൂടി അന്യസ്ത്രീയെ നോക്കുന്ന ഒരുവൻ ആ ക്ഷണത്തിൽതന്നെ അവളുമായി ആഗ്രഹത്താലെ വ്യഭിചരിച്ചു കഴിഞ്ഞു." (വി. മത്തായി 5-28) എന്നാണല്ലോ വേദവാക്യം.

നമ്മുടെ ആത്മസ്ഥിതിയെ ഇരുളടഞ്ഞ ഒരു മുറിയോടു് സാമ്യപ്പെടുത്താം. പുറമേ വൃത്തിയുള്ളതായി കാണപ്പെടുന്നുവെങ്കിലും വെളിച്ചത്തിന്റെ സഹായത്തോടുകൂടി അകം പരിശോധിക്കു

മ്പോൾ മാത്രമേ ആ മുറി വൃത്തിയുള്ളതോ വൃത്തിഹീനമായതോ എന്നു തെളിയുകയുള്ളു. മററുള്ളവരുടെതിനെ അപേക്ഷിച്ചു് തന്റെ ആത്മസ്ഥിതി വളരെ ഭേദമെന്നല്ല പ്രശംസാർഹംതന്നെ എന്നു് പ്രഥമവീക്ഷണത്തിൽ പലക്കും തോന്നിപ്പോകാം. എന്നാൽ ശരിയായ ഒരാത്മശോധന നടത്തികഴിയുമ്പോൾ ഓരോരുത്തന്റെയും പ്രതീക്ഷ എത്രമാത്രം അസ്ഥാനത്താണെന്നു ബോദ്ധ്യപ്പെടുന്നതാണു്.

ചാവുദോഷങ്ങൾക്കും പാപദോഷങ്ങളിൽ പലതിനും പാപസങ്കീർത്തനം വഴിയായി മോചനം ലഭിച്ചിട്ടുണ്ടെന്നുതന്നെ കരുതാം. എന്നാൽ മോചനം ലഭിച്ചതുകൊണ്ടു് അവയുടെ അനിത്യ ശിക്ഷയും നിശ്ശേഷം നീങ്ങിപ്പോയി എന്നു് കരുതുവാൻ ഒരിക്കലും പാടുള്ളതല്ല. താദൃശമായ ഒരു ശിക്ഷാമോചനം പാപങ്ങളെപ്പററിയുള്ള ഓരോരുത്തരുടെയും മനസ്താപത്തെയും പാപപരിഹാരാർത്ഥം ചെയ്യുന്ന പ്രായശ്ചിത്ത പ്രവൃത്തികളെയുമത്രെ ആശ്രയിച്ചിരിക്കുന്നതു്. എപ്പോഴെങ്കിലും പാപത്തെപ്പററി ഉള്ളഴിഞ്ഞുള്ള മനസ്താപം ഉണ്ടായിട്ടുണ്ടോ? എന്തുമാത്രം പ്രായശ്ചിത്ത പ്രവൃത്തികൾ പാപപരിഹാരാർത്ഥം ചെയ്തിട്ടുണ്ടു്? പാപസങ്കീർത്തനത്തിൽ ഗുരു നിശ്ചയിച്ച നിസ്സാരമായ പ്രായശ്ചിത്തജപംകൊണ്ടു് മിക്കപ്പോഴും പ്രായശ്ചിത്തം അവസാനിപ്പിക്കയല്ലേ പതിവു്? എന്നിപ്രകാരം ഓരോ വ്യക്തിയും പ്രത്യേകം പ്രത്യേകം ചിന്തിക്കണം. യഥാർത്ഥം ഇങ്ങനെ ആണെങ്കിൽ നിന്റെ പാപങ്ങൾക്കുള്ള അനിത്യശിക്ഷ നീ അനുഭവിച്ചുതന്നെ തീരേണ്ടതാണെന്നുള്ളതിനു് സംശയമില്ല.

യഥാർത്ഥത്തിൽ നീ ശിക്ഷകർഹനായിരിക്കുന്ന സ്ഥിതിക്കു് ദുഃഖദുരിതങ്ങളാകുന്ന ശിക്ഷകൾ ദൈവം യാത്രയാക്കുന്നുവെങ്കിൽ എന്തിനു് നീ വിസ്മയിക്കുന്നു? അവയിൽ നിന്നും ഒഴിയുവാൻ ആഗ്രഹിക്കുന്നതു് വിശുദ്ധന്മാർക്കുപോലും നൽകിയിട്ടില്ലാത്ത അനുഗ്രഹം നൽകണമെന്നു ശഠിക്കുന്നതിനു തുല്യമാണു്. എന്തുകൊണ്ടെന്നാൽ നിസ്സാര പാപങ്ങൾക്കുവേണ്ടി അതിദാരുണമായ വിധത്തിൽ വിശുദ്ധന്മാരെ ദൈവം ശിക്ഷിച്ചുവെങ്കിൽ മഹാ പാപികളായ നമ്മെ ഒരു ശിക്ഷയും കൂടാതെ രക്ഷിക്കണമെന്നു ശഠിക്കുന്നതു് എത്ര വലിയ തുനിവാണെന്നു് ഊഹിച്ചുകൊള്ളുകയാണുത്തമം.

ദൈവത്തിന്റെ വാക്കിനെ അവിശ്വസിച്ചതിനാൽ വാഗ്ദത്തംചെയ്യപ്പെട്ട ഭൂമിയിൽ പ്രവേശിക്കുവാൻ മൂശയെ ദൈവം അനുവദിച്ചില്ല; കൊലപാതകം തുടങ്ങിയ പാപങ്ങളിൽ ഉൾപ്പെട്ടതിനാൽ ദാവീദ് തന്റെ ഓമനസുതന്റെ നഷ്ടംമൂലം ഖേദിക്കുവാനിടയായി; മാലാഖായുടെ വാക്കിനെപ്പററി സംശയിച്ചതിനാൽ വി. യോഹന്നാൻ മാംദാനായുടെ പിതാവായ സ്കറിയാനിവ്യാ ഒരു കൊല്ലത്തോളം ബധിരനായിരുന്നു. ഇങ്ങനെയുള്ള ഉദാഹരണങ്ങൾ എത്ര വേണമെങ്കിലും ഉദ്ധരിക്കുവാൻ സാധിക്കും. ഈ നിലയ്ക്കു പാപികളായ നാം എത്ര വലിയ ശിക്ഷകൾക്കെല്ലാം അർഹരാകേണ്ടതാണ്? നാം പീഡകൾ സഹിക്കുന്നതിനുള്ള അഞ്ചാമത്തെ കാരണവും ഇതല്ലാതെ മററൊന്നുമല്ല.

## ആറാമത്തെ കാരണം.

### ശുദ്ധീകരണസ്ഥലത്തിലെ ശിക്ഷകൾ പകരം.

ശുദ്ധീകരണസ്ഥലത്തിലെ അതീവ ഭയങ്കരമായ ശിക്ഷയിൽനിന്നും നമ്മെ ഒഴിവാക്കുവാൻവേണ്ടി കരുണാനിധിയായ ദൈവം ഇഹത്തിൽവച്ച് നമുക്ക് ക്ലേശങ്ങൾ യാത്രയാക്കുന്നു. ഇതത്രെ നമ്മുടെ പീഡകൾക്കുള്ള വേറൊരു കാരണം.

മനസ്താപത്താലും പാപസങ്കീർത്തനം വഴിയായും പാപങ്ങൾക്കു പൊറുതി ലഭിച്ചാലും അവയുടെ അനിത്യമായ ശിക്ഷയിൽനിന്നും പരിഹരദം ഒഴിവാക്കപ്പെടുക ദുർല്ലഭമാണെന്നു മുകളിൽ നാം കണ്ടുകഴിഞ്ഞു. ഓരോ വ്യക്തിയും അനുഭവിക്കേണ്ടതായ അനിത്യ ശിക്ഷ എത്രമാത്രമാണെന്ന് ഏകദേശമായി ഊഹിക്കുവാൻപോലും ശക്യമല്ലെങ്കിലും ഓരോ മനുഷ്യനും അടിക്കടി ഘനവും ലഘുവുമായ പാപങ്ങളിൽ ഉൾപ്പെടുന്നുണ്ടെന്നുള്ളത് നമുക്കെല്ലാം അനുഭവബോദ്ധ്യമാകയാൽ, അവൻ അനുഭവിച്ചു തീർക്കേണ്ടതായ അനിത്യശിക്ഷ അത്ര ലഘുവല്ലെന്നു നിഷ്പ്രയാസം അനുമാനിക്കാം. പാപലേശമെങ്കിലും ഉള്ളവർക്ക് ദൈവരാജ്യത്തിൽ പ്രവേശനമില്ലെന്നുള്ളത് തർക്കമററ വാസ്തവമാകയാൽ ഓരോരുത്തരും അവരവരുടെ പാപങ്ങൾക്ക് ദൈവത്തിന്റെ അനന്തനീതിക്കനുയോജ്യമായവിധം ഇഹത്തിലല്ലെങ്കിൽ പരത്തിൽവച്ച് പരിഹാരം ചെയ്തേ മതിയാവൂ എന്നത്

തീർച്ചയാണ്. ഇഹത്തിൽവച്ച് പ്രായശ്ചിത്ത പ്രവൃത്തികൾ വഴിയായി പാപത്തിനു പരിഹാരം ചെയ്യാവുന്നതാണ്. എന്നാൽ അങ്ങനെ ചെയ്യാത്തവർ ശുദ്ധീകരണസ്ഥലത്തിൽവച്ച് അവയ്ക്കു പരിഹാരം ചെയ്തേ മതിയാവൂ. ശേഷിച്ചിട്ടുള്ള പാപപരിഹാരം മരണാനന്തരം പരത്തിൽവച്ചു അനുഭവിച്ചു തീർത്തുകൊള്ളാമെന്നു് പലരും പലപ്പോഴും വിചാരിക്കുന്നു. പക്ഷേ, ശുദ്ധീകരണസ്ഥലത്തിലെ ശിക്ഷയുടെ കാഠിന്യവും ഭയങ്കരതയും ഗ്രഹിക്കാത്ത മൂഢന്മാർ മാത്രമേ ഇങ്ങനെ ആശിക്കയുള്ളു.

ശുദ്ധീകരണസ്ഥലത്തിലെ ഏററവും ലഘുവായ വേദന ഇഹത്തിൽ ഒരു മനുഷ്യനനുഭവപ്പെടാവുന്നതിൽ ഏററം വലിയ ദുരിതത്തെക്കാൾ പതിന്മടങ്ങല്ല സഹസ്രംകോടി മടങ്ങ് വലുതായിരിക്കുമെന്നുള്ള വാസ്തവം ഇക്കൂട്ടർ അറിയുന്നില്ല. ശുദ്ധീകരണസ്ഥലത്തിലെ വേദന നരകവേദനയെക്കാൾ ഒട്ടും കുറവല്ലെന്നത്രെ വിശുദ്ധന്മാർ സാക്ഷിക്കുന്നതു്. നരകവാസിയെ അപേക്ഷിച്ച് ശുദ്ധീകരണസ്ഥലവാസിക്കുള്ള ഏക ആശ്വാസം ശുദ്ധീകരണസ്ഥലത്തിലെ വേദന എന്നെങ്കിലും ഒരിക്കൽ അവസാനിക്കുമെന്നുള്ള വസ്തുതയാണ്. നരകവാസിക്കാകട്ടെ ഈ ആശ്വാസത്തിനുപോലും വകയില്ലെന്നുള്ളതല്ലാതെ ഇരുകൂട്ടരുടെയും വേദനതമ്മിൽ വ്യത്യാസമില്ല

ഇഹത്തിൽവച്ച് പാപപരിഹാരത്തിനുവേണ്ടി അനുഭവിക്കുന്ന അരിഷ്ടതകൾക്ക് ശുദ്ധീകരണസ്ഥലത്തിലെ ശിക്ഷയെ അപേക്ഷിച്ച് മറെറാരു വലിയ മേന്മയുള്ളതും പ്രത്യേകം ഓർമ്മിച്ചിരിക്കേണ്ട ഒന്നുതന്നെ ആണ്. ശുദ്ധീകരണസ്ഥലത്തിൽ കിടന്നു് ഒരു ശതവർഷക്കാലംകൊണ്ടുമാത്രം ചെയ്തുതീർക്കാവുന്ന ഒരു പാപത്തിന്റെ പരിഹാരം ഇഹത്തിൽവച്ചായാൽ ചിലപ്പോൾ ഒരു മണിക്കൂറുകൊണ്ടുതന്നെയും ചെയ്യുവാൻ സാധിച്ചെന്നുവരാം. ഇതിലേക്ക് താഴെ പറയുന്ന ഭക്തികൃത്യങ്ങൾ അനുഷ്ഠിച്ചാൽ മതിയാകും. ഒന്നാമതായി അടിക്കടി ദൈവസ്നേഹപ്രകരണങ്ങളും അനുതാപപ്രകരണങ്ങളും ചെയ്തുകൊണ്ട്. ദൈവസ്നേഹത്തിൽ വളരുന്നതിനും, സ്വന്തപാപങ്ങളെപ്പററി മനസ്തപിക്കുന്നതിനും ശ്രമിക്കുക. രണ്ടാമതായി ഒരുപക്ഷേ നരകശിക്ഷക്കർഹരായ നമ്മെ ആ ഭയങ്കര ശിക്ഷയിൽ ഉൾപ്പെടുത്താതെ കാത്തുപാലിക്കുന്നതിന് കരുണാനിധിയായ ദൈവത്തോട് ഹൃദയംഗമമായ വിധം കൃതജ്ഞത പ്രകടിപ്പിക്കുകയും ഇഹത്തിൽവച്ചു നേരി

ടുന്ന ദുഃഖാരിഷ്ടതകൾ ക്ഷമയോടെ സഹിച്ചുകൊണ്ടു് ദൈവത്തിനു കാഴ്ചവെയ്ക്കുകയും ചെയ്യുക. അവസാനമായി കർത്താവിന്റെ പീഡാനുഭവങ്ങളെയും കുരിശുമരണത്തെയുംപ്പറ്റി കൂടെക്കൂടെ ചിന്തിച്ചുകൊണ്ടു് നമ്മുടെ ക്ലേശങ്ങളും ഞെരുക്കങ്ങളും അവയോടു ചേർത്തു് നമ്മുടെ പാപങ്ങൾക്കു് പരിഹാരമായി സ്വീകരിക്കുവാൻ ദൈവത്തോടു പ്രാർത്ഥിക്കുക. ഇപ്രകാരം ചെയ്യുന്നതായാൽ ശുദ്ധീകരണസ്ഥലത്തിൽ കിടന്നു വളരെക്കാലംകൊണ്ടു് അനുഭവിച്ചുമാത്രം തീർക്കാവുന്ന പാപപരിഹാരം ഇഹത്തിൽ വളരെ എളുപ്പത്തിൽ എത്രയും ചുരുങ്ങിയ സമയംകൊണ്ടു തീർക്കുവാൻ സാധിക്കുന്നതാണു്.

ഇഹത്തിൽവച്ചനുഭവിക്കുന്ന സങ്കടത്തിനുള്ള മറെറാരു വൈശിഷ്ട്യം അതു് നമ്മുടെ പാപങ്ങൾക്കു പരിഹാരമായിത്തീരുന്നതിനും പുറമേ മോക്ഷത്തിൽ കൂടുതൽ മഹിമയ്ക്കു് നമ്മെ അർഹരാക്കി തീർക്കുകകൂടി ചെയ്യുന്നു എന്നുള്ളതാണു്. ശുദ്ധീകരണസ്ഥലത്തിലെ വേദനമൂലം പാപപരിഹാരംമാത്രമേ സിദ്ധിക്കുകയുള്ളു. മനസ്സാലെ സഹിക്കുന്ന നിസ്സാരമായ ഒരവമാനം, ലഘുവായ ഒരു വേദന, ചെറുതായ ഒരാശാനിഗ്രഹം എന്നിവമൂലം ശുദ്ധീകരണസ്ഥലത്തിൽവച്ചു് വളരെക്കാലംകൊണ്ടുമാത്രം ചെയ്തുതീർക്കാവുന്ന പാപപരിഹാരം ചെയ്യാമെന്നു മാത്രമല്ല അതോടുകൂടിത്തന്നെ മോക്ഷത്തിൽ വലിയവലിയ മഹിമകളെല്ലാം നമുക്കു് കൈവരുത്തുകയും ചെയ്യാം. ശുദ്ധീകരണസ്ഥലത്തിലെ ഭയങ്കരപീഡകൾ വഴിയായി പാപത്തിന്റെ പരിഹാരകടം ക്രമേണ മുഴുവനായിത്തീരുന്നുവെന്നല്ലാതെ, ഏതൻമൂലം എത്രയും നിസ്സാരമായ ഒരു യോഗ്യതപോലും സ്വർഗ്ഗത്തിൽ ലഭിക്കുന്നില്ല. ഈ യോഗ്യത സമ്പാദിക്കുന്നതിനുള്ള സുവർണ്ണാവസരമാകട്ടെ മരണത്തോടുകൂടി ഇങ്ങിനി വരാതെവണ്ണം ഓരോരുത്തർക്കും നഷ്ടപ്പെടുകയാണു ചെയ്യുന്നതു്.

ഇത്രയും പ്രസ്താവിച്ചതിൽനിന്നും ശുദ്ധീകരണസ്ഥലത്തിലെ വേദനയും ഇഹത്തിൽവച്ചു നേരിടുന്ന പീഡകളും തമ്മിലുള്ള അജഗജാന്തരവും ഇഹത്തിൽ നേരിടുന്ന ദുരിതങ്ങൾക്കു് മറേറതിനെ അപേക്ഷിച്ചുള്ള മേന്മയും വിശദമായിട്ടുണ്ടല്ലോ. ഇഹത്തിൽ ഒരുവനു് എത്രയധികം സങ്കടങ്ങൾ നേരിടുന്നുവോ അത്രക്കു് അയാൾക്കു പരലോകത്തിൽ മഹിമ വർദ്ധിക്കുവാൻ സംഗതിയാകുക അത്രെ ചെയ്യുന്നതു്. അവയെ സന്തോഷത്തോടും ക്ഷമ

യോടുംകൂടി സഹിക്കണമെന്നേ ഉള്ളു. അനുദിനവും നേരിടുന്ന വിഷമതകളും പരീക്ഷകളും യഥായോഗ്യം ഉപയോഗപ്പെടുത്തുന്നതുമൂലം ഓരോ വ്യക്തിയും പരത്തിൽ കൂടുതൽ കൂടുതൽ മഹിമയ്ക്കും സന്തോഷത്തിനും അവകാശിയാകുകയാണു്. ശുദ്ധീകരണസ്ഥലത്തിലെ വേദനകൾക്കാകട്ടെ ഇഹത്തിലെ പീഡകളെ അപേക്ഷിച്ചു് ദൈർഘ്യം കൂടുമെന്നതിനുംപുറമേ അവകൊണ്ടുള്ള ഏകഗുണം, പാപപരിഹാരം സാധിക്കുക എന്നുള്ളതുമാത്രമാണെന്നു പറഞ്ഞുവല്ലോ. ശുദ്ധീകരണസ്ഥലത്തിലെ വേദന അനുഭവിക്കുന്ന ഒരാത്മാവിനെ ഒരിക്കൽകൂടി ലോകത്തിലേക്കയക്കുന്നപക്ഷം ആ ആത്മാവു് എത്രമാത്രം സന്തോഷത്തോടുകൂടി ഇഹത്തിലെ ദുരിതങ്ങളെ ആഗ്രഹിക്കുമെന്നു ഊഹിക്കുകതന്നെ വിഷമം. പക്ഷെ ആ ഭാഗ്യം ആർക്കും ലഭിക്കുകയില്ല.

ഈ നിലക്കു പരീക്ഷകളും ദുഃഖങ്ങളും നേരിടുമ്പോൾ നാം നിരാശപ്പെടുകയോ ദൈവപരിപാലനയ്ക്കു് എതിരായി പിറുപിറുക്കുകയോ ചെയ്യുന്നതു് എത്രവലിയ മൂഢത്വമാണെന്നു് ഓരോരുത്തരും ആലോചിച്ചു നോക്കേണ്ടതാകുന്നു. വിശ്വാസസ്ഥിരതയോടെ പരത്തിലെ പരമാനന്ദത്തെപ്പററി ധ്യാനിക്കുന്നുവെങ്കിൽ ഇഹത്തിലെ സങ്കടങ്ങളും ഞെരുക്കങ്ങളും ഒരിക്കലും ഒരുതരംശം അസഹ്യമായിത്തീരുകയില്ലെന്നു് മാത്രമല്ല ഭയങ്കരസങ്കടങ്ങളിൽക്കൂടെയും തങ്ങളുടെ നിത്യമഹിമയെ കാംക്ഷിച്ചും തങ്ങളുടെ നേർക്കുള്ള ദൈവത്തിന്റെ അളവററ സ്നേഹംമൂലവും മാത്രമാണു് മനുഷ്യർക്കു് കരിശുകൾ താൻ യാത്രയാകുന്നതെന്നു് നന്നായി ഗ്രഹിച്ചുകൊണ്ടു് ഏവരും ദൈവത്തെ വാഴ്ത്തി സ്തുതിക്കുന്നതുമാണു്.

## ഏഴാമത്തെ കാരണം.

### പാപപരിഹാരത്തിൽ ശരീരത്തിനുള്ള സ്ഥാനം.

ശരീരത്തിന്റെ അംശങ്ങളായ അവയവങ്ങൾ വഴിയായിട്ടാണല്ലോ മനുഷ്യൻ പാപം ചെയ്യുന്നതു്. ആ സ്ഥിതിക്കു് ഓരോരുത്തർ ചെയ്യുന്ന പാപങ്ങൾക്കുള്ള പരിഹാരവിഷയത്തിലും ശരീരത്തിനും തദനുയോജ്യമായ പങ്കുണ്ടാകണമെന്നു് വരുന്നതു് കേവലം ന്യായയുക്തം മാത്രമാണു്. പീഡകൾ, വിശിഷ്യ ശാ

രീരിക പീഡകാം അനുഭവിക്കുവാനിടയാകുന്നതിനുള്ള കാരണ ങ്ങളിൽ ഒന്നു് ഇതല്ലാതെ മറെറാന്നുമല്ല. ഇത്തരുണത്തിൽ പാ പപരിഹാരകൃത്യങ്ങളുടെ വിഭജനത്തെപ്പററി അല്പം പ്രസ്താവിക്കേ ണ്ടതുണ്ടു്.

മനുഷ്യൻ ചെയ്യുന്ന ഓരോ പ്രവൃത്തിയിലും നന്മയായാലും തിന്മയായാലും ആത്മാവും ശരീരവും ഒരുപോലെ ഭാഗഭാക്കാ കുന്നു. ഈ ഇരു ഘടകങ്ങളുടെയും ഏകീകരിച്ചുള്ള സഹകരണ മില്ലാത്തതായി നമ്മിൽ ഒരു പ്രവൃത്തിയും ഇല്ല. ശരീരത്തിൻെറ ഒരംശത്തിൻെറ അഥവാ അവയവത്തിൻെറ എങ്കിലും സജീവ മായ സഹകരണം കൂടാതെ ഒരു ദുർവ്വിചാരം വിചാരിക്കുന്നതി നോ, പാപകരവും ഹീനവുമായ വാക്കുകാം ഉച്ചരിക്കുന്നതിനോ, ഒരു നിഷിദ്ധപ്രവൃത്തി ചെയ്യുന്നതിനോ, കടമ നിർവ്വഹിക്കാതിരി ക്കുന്നതിനോ സാധിക്കുന്നതല്ല. ഏതവയവത്തിൻെറ സഹകര ണമാണോ ഒരു പാപം ചെയ്യുന്നതിൽ സഹകരിക്കുന്നതു് ആ അ വയവംതന്നെയായിരിക്കും അതുമൂലം കൂടുതൽ സന്തോഷം അനുഭ വിക്കുന്നതും. കുറെക്കൂടി വിശദമായി പറയുന്നതായാൽ, വിചാ രവും ആഗ്രഹവും വഴിയായി ചെയ്യുന്ന പാപങ്ങളെ സംബന്ധി ച്ചിടത്തോളം ഓരോരുത്തരുടെയും ബുദ്ധിയാണു് കൂടുതൽ പ്രവ ർത്തിക്കുന്നതു്; ഹീനമായ സംഭാഷണം, പരിഹാസം, ദൈവനാ മത്തിൻെറ ദുർവ്വിനിയോഗം എന്നിത്യാദി വചനംവഴി ചെയ്യുന്ന പാപങ്ങളെ സംബന്ധിച്ചിടത്തോളമുള്ള ഉത്തരവാദിത്വം നാവി നാണു് നൽകേണ്ടതു്; ഇടച്ചു, ഭോഗാസക്തി, ലൌകികസ ന്തോഷങ്ങളിലുള്ള അത്യാസക്തി എന്നീ പാപങ്ങാംക്കുള്ള ഉത്ത രവാദിത്വം ശരീരത്തിനു പൊതുവേയുമാണു്. ഉദാഹരണമായി വിനയരഹിതമായ വേഷഭൂഷണാദികാംവഴി നീ മററുള്ളവക്കു് ഇടച്ചയ്ക്കു അവസരം നൽകുന്നു എന്നു വിചാരിക്കുക. ജ്ഞാന സ്നാനത്താൽ ദൈവസേവനത്തിനായി പ്രത്യേകം പ്രതിഷ്ഠിതമായ നിൻെറ ആ ശരീരം വഴിയായിട്ടത്രെ നീ അന്യരെ നാശഗർത്ത ത്തിൽ നിപതിപ്പിക്കുന്നതു്. ഇപ്രകാരംതന്നെ വിഷയസുഖാനു ഭോഗത്തിലും നമ്മുടെ ശരീരവും അതിൻെറ അവയവങ്ങളും ഭാഗ ഭാക്കാകുന്നു. അതിനാൽ ചുരുക്കത്തിൽ ഓരോ അവയവും ഓ രോ വിധത്തിൽ പാപത്തിനു് സഹകരിക്കുന്നുണ്ടെന്നു പറയാം.

മനുഷ്യൻ വിചാരത്താലും, വചനത്താലും, പ്രവൃത്തിയാലും ചെയ്യുന്ന പാപങ്ങളിൽ ശരീരം ഏതെല്ലാം വിധത്തിൽ എത്രമാ

ത്രം സഹകരിക്കുന്നു എന്നു് ഏകദേശമായിട്ടെങ്കിലും നാം കണ്ടു
കഴിഞ്ഞു. മേൽ പ്രസ്താവിച്ചവയിൽനിന്നും ഇഹത്തിൽവച്ചു്
നാം ചെയ്യുന്ന പാപങ്ങളിൽ അധികപങ്കം ശരീരം വഴിയായിട്ടും
ശാരീരിക സുഖസന്തോഷങ്ങളെ മുഖ്യമായി പുരസ്കരിച്ചും ആണു്
ചെയ്യുന്നതെന്നും വിശദമായിട്ടുണ്ടല്ലോ. ഇങ്ങനെ ശാരീരികസ
ന്തോഷത്തിനുവേണ്ടി ശാരീരികാവയവങ്ങൾ വഴിയായി ചെയ്യു
ന്ന പാപങ്ങളുടെ പരിഹാരംകൂടി ശുദ്ധീകരണസ്ഥലത്തിൽവച്ചു്
ആത്മാവുതന്നെ ചെയ്യുകയെന്നും ശരീരത്തെ പരിഛേദം അതിൽ
നിന്നു് ഒഴിവാക്കുകയെന്നും വരുന്നതു് കേവലം ലോകനീതിക്കു
തന്നെയും അനുയോജ്യമല്ലല്ലോ. മനസ്സാക്ഷി പ്രകൃത്യാതന്നെ
പാപത്തെ വെറുക്കുകയാണു് ചെയ്യുന്നതു്. ജഡികാശകളുടെ
ശക്തിമത്തായ പ്രേരണ നിമിത്തം മനസ്സു് തിന്മക്കുവിധേയമാ
കുന്നു എന്നേയുള്ളു. ആ സ്ഥിതിക്കു് ശരീരത്തെ പാപപരിഹാ
രവിഷയത്തിൽ ഒഴിച്ചു നിറുത്തുവാൻ അനുവദിക്കുന്നതു് ശരിയോ?
ഒരിക്കലുമല്ല. ലൌകിക ന്യായമനുസരിച്ചുതന്നെയും വിധിക്കു
ന്നപക്ഷം ശരീരം വഴിയായി ചെയ്ത പാപങ്ങൾക്കു് ശരീരംത
ന്നെ പരിഹാരം ചെയ്യേണ്ടതാണെങ്കിലും, ശുദ്ധീകരണസ്ഥല
ത്തിൽകിടന്നു നരകിക്കുന്നതു് ആത്മാവുമാത്രമാണു്. മരണത്തോ
ടുകൂടി ശരീരം— അതേ തിന്മയിൽനിന്നു് ക്ഷണികസന്തോഷം അ
ധികവും അനുഭവിച്ചു സുഖിച്ച ശരീരം— അഴിഞ്ഞു് മണ്ണായിത്തീ
രുന്നു. പിന്നീടു് ശരീരത്തിനു് യാതൊരുവിധ പീഡകൾക്കും
ഇടയാകുന്നതുമില്ല. ഇതു് എത്രമാത്രം അനീതിപരമായ ഒരു നീ
തിനടത്തലാണെന്നു് ആലോചിക്കുക.

യാഥാർത്ഥ്യം ഈ വിധമായിരിക്കെ പലപ്പോഴും ചീത്ത
യായ പല കാഴ്ചകൾ കണ്ടു ക്ഷണികമായിട്ടെങ്കിലും സന്തോഷം
അനുഭവിച്ച നമ്മുടെ കണ്ണിനോ, പാപകരമായ സംഭാഷണ
ങ്ങൾ പലപ്പോഴും ഇമ്പമോടെ ശ്രവിച്ചിട്ടുള്ള ചെവിക്കോ, അശു
ദ്ധമായ പലതും ചിന്തിച്ചാനന്ദിച്ചിട്ടുള്ള ഉത്തമാംഗത്തിനോ, പാ
പകരമായ പ്രവൃത്തികൾ ചെയ്ത കൈകൾക്കോ, പാപത്തിനുള്ള
സാഹചര്യങ്ങളിലേക്കും സ്ഥലത്തേക്കും നമ്മെ ആനയിച്ച കാലു
കൾക്കോ, ഇതുപോലെ പാപത്തിനു സഹായിച്ച മറെറതെ
ങ്കിലും അവയവങ്ങൾക്കോ, എന്തെങ്കിലും വേദനയോ അസ്വാ
സ്ഥ്യമോ ഉണ്ടായാൽ എന്തിനു് നാം പിറുപിറുക്കുന്നു? പാപ
ത്തിനു സഹായിച്ച നമ്മുടെ അവയവങ്ങളുടെ അവശ്യ പരി

ഹാരം ചെയ്യാനും, അത്രയും ഭാരം നമ്മിൽനിന്നു കുറയ്ക്കുവാനും തിരുമനസ്സായ ദൈവത്തോട് നാം അതീവകൃതജ്ഞരായിരിക്കുകയല്ലയോ വേണ്ടതു്?

പ്രഥമദൃഷ്ടിക്കു അസഹനീയമെന്നു തോന്നുന്ന ഈദൃശമായ അരിഷ്ടതകൾവഴി പാപപരിഹാരം വരുത്തുന്നതോടുകൂടിത്തന്നെ നിരവധി നന്മകൾ നാം പ്രാപിക്കത്തക്കവണ്ണം ദൈവം തിരുമനസ്സായിട്ടുണ്ടെന്നുള്ള വസ്തുതയും നാം അനുസ്മരിക്കേണ്ടതാണു്. ലോകത്തിൽ നേരിടുന്ന ദുഃഖാനർത്ഥങ്ങൾ ക്ഷമയോടെ സഹിക്കുന്നതുനിമിത്തം പാപങ്ങൾക്കുള്ള അനിത്യശിക്ഷ മുഴുവനായി നീങ്ങുകയും തദ്വാരാ ശുദ്ധീകരണസ്ഥലത്തിലെ വേദനകളിൽനിന്നു് നാം രക്ഷപ്പെടുകയും ചെയ്യുന്നു. മാത്രമല്ല, മോക്ഷത്തിൽ വലിയ ഭാഗ്യത്തിനും ആനന്ദത്തിനും നാം അർഹരാകുകകൂടി ചെയ്യുന്നു. ഇങ്ങനെ പീഡകൾ സഹിക്കുന്നതുമൂലം ഇരുവിധ ഗുണങ്ങൾ നമുക്കു സിദ്ധിക്കുന്നുണ്ടെന്നുള്ളതു് ഒരിക്കലും വിസ്മരിച്ചുകൂടാത്തതാകുന്നു.

## എട്ടാമത്തെ കാരണം.

### മാനസാന്തരത്തിനുള്ള മാർഗ്ഗം.

മനുഷ്യരെല്ലാവരും പരമാനന്ദമോക്ഷഭാഗ്യം പ്രാപിക്കണമെന്നത്രെ പരമകാരുണികനായ ദൈവത്തിന്റെ അഭിലാഷം. തൽസാദ്ധ്യാർത്ഥം പാപാന്ധകാരത്തിൽ നടക്കുന്നവരെല്ലാവരെയും മാനസാന്തരപ്പെടുത്തി നേർവഴിയിലേക്കു നയിക്കുന്നതിനു് താൻ പല വിധത്തിലും ശ്രമിച്ചുകൊണ്ടാണിരിക്കുന്നതു്. മനുഷ്യനു പീഡകൾ യാത്രയാകുന്നതിനുള്ള പല കാരണങ്ങളിൽ ഒന്നു് ഇതുതന്നെ ആകുന്നു.

അനാദിമുതൽ നമുക്കായി ഒരുക്കപ്പെട്ടിരിക്കുന്ന നിത്യാനന്ദഭാഗ്യത്തിൽ നാം ചെന്നു ചേരുവാൻ ദൈവം ആഗ്രഹിക്കുന്നു. എന്നാൽ മനുഷ്യവർഗ്ഗത്തിന്റെ സ്ഥിതി ഏററം ദയനീയമായ ഒന്നാകുന്നു. നമ്മിൽ പലരും ഇപ്പോഴത്തെ സ്ഥിതിയിൽ മരിക്കുവാനിടയാകുന്നപക്ഷം ആ മഹാഭാഗ്യത്തിനു് തികച്ചും അനർഹരാണെന്നു് നിഷ്പ്രയാസം ഗ്രഹിക്കാം. അതേ, ഒരുവൻ ചാവു

ദോഷത്തിലാണിരിക്കുന്നതെങ്കിൽ "കരച്ചിലിന്റെയും പല്ലുകടിയുടേയും സ്ഥലമായ" നിത്യനരകത്തിലേക്കായിരിക്കും അവൻ വിധിക്കപ്പെടുന്നതു്.

ദൈവാസ്തികൃത്തെപ്പോലും പാടെ നിഷേധിക്കുന്ന "വിഡ്ഢി"കളുടെ ഗണത്തിൽ ഉൾപ്പെട്ടവരില്ലേ? വേദപുസ്തകത്തിൽ പറയുന്നതുപോലെ "മൂഢൻ ദൈവമില്ലായെന്നു് സ്വയം ഘോഷിക്കുന്നു." ഇങ്ങനെ ഭാവിക്കുകയും അഹങ്കരിക്കുകയും ചെയ്യുന്ന മൂഢന്മാർ അത്ര അപൂർവ്വമല്ല. ഇവിടെ ഭാവിക്കുന്നു എന്നു പറഞ്ഞതിനു പ്രത്യേകകാരണമുണ്ടു്. എന്തുകൊണ്ടെന്നാൽ, സുബുദ്ധിയുള്ളവർക്കാർക്കും ദൈവാസ്തികൃത്തെ നിഷേധിപ്പാൻ സാധിക്കുന്നതല്ല. ദൈവമില്ലായിരുന്നു എങ്കിൽ കൊള്ളാമായിരുന്നു എന്നു ചിലർ ആഗ്രഹിക്കുന്നു. ആ കൂട്ടരത്രെ ദൈവാസ്തികൃത്തെ നിർവ്വിശങ്കം നിഷേധിക്കുന്നതു്. അതിനാലത്രെ ദൈവമില്ലായെന്നു് ഭാവിക്കുന്നവർ എന്നു മുകളിൽ പ്രസ്താവിച്ചതു്. ദൈവമില്ലായിരുന്നു എങ്കിൽ ദൈവപ്രമാണങ്ങളും അവയെ അനുസരിക്കേണ്ട ആവശ്യവും ഉണ്ടാകുമായിരുന്നില്ലല്ലോ എന്നും, ജഡികസന്തോഷങ്ങളിൽ മുങ്ങിപ്പൊങ്ങി ജീവിക്കാമായിരുന്നല്ലോ എന്നും അത്രെ ഇക്കൂട്ടർ—ദൈവമില്ലായെന്നു ഭാവിക്കുന്ന മൂഢന്മാർ—വിചാരിക്കുന്നതു്. ജഡികസന്തോഷങ്ങൾ അനുഭവിക്കാൻവേണ്ടി മാത്രമത്രെ ഇവർ ദൈവമില്ലായെന്നു ഭാവിക്കുന്നതും അന്യരെ അങ്ങനെ വിശ്വസിപ്പിക്കുവാൻ പണിപ്പെടുന്നതും. ഇക്കൂട്ടർ ഇതേ നിലയിൽ മരിക്കുവാനിടയാകുന്നു എങ്കിൽ ഉണ്ടാകുന്ന അനുഭവം എന്താണെന്നു ചിന്ത്യമാണല്ലോ.

വേറെ ചിലർ സത്യമതാനുയായികൾതന്നെയെങ്കിലും വഴിപിഴച്ചുപോയവരായിരിക്കും. ലൗകികവ്യാപാരങ്ങളിൽ ഹിതാനുസരണം വർത്തിക്കുന്നതിനു് മതം ഒരു വലിയ പ്രതിബന്ധമായി തോന്നുന്നതിനാൽ മററു ചിലർ മതത്തിന്റെ പിടിയിൽനിന്നും സ്വയം വിമുക്തരാകുന്നു. പ്രമാണങ്ങളെ അനുസരിക്ക എന്നതു് അശക്യമായിത്തീരുകയാൽ വേറെ ചിലർ മതമുപേക്ഷിച്ചും കളയുന്നു. ആറും ഒൻപതും പ്രമാണങ്ങളായിരിക്കും ഇനിയും ചിലർക്കു് വലിയ ഭാരമായിത്തോന്നുക. നിയമവിരുദ്ധമായ വിവാഹബന്ധത്തിലേർപ്പെട്ടതുകൊണ്ടും താദൃശമായ മററു കൂട്ടുകെട്ടുകളിലും ഗൂഢസംഘങ്ങളിലും ഉൾപ്പെട്ടതുകൊണ്ടും മററും

നാനാവിധത്തിലുള്ള കഠോര പാപങ്ങളിൽ ഉൾപ്പെട്ടു് മതവും ഉപേക്ഷിച്ചു് ജീവിക്കുന്നവരും ഉണ്ടാവാം. ഇവരുടെ അന്ത്യഫലവും ചിന്ത്യം തന്നെ.

ഇനിയും ഒരു തരക്കാരുണ്ടു്. ഇവർ നിർമ്മതസ്ഥരുമല്ല, നിരീശ്വരവാദികളുമല്ല, നാമമാത്ര മതാവലംബികളത്രെ. ഇത്തരക്കാരുടെ അന്തർഗ്ഗതങ്ങൾ സർവ്വജ്ഞാനിയായ ദൈവമല്ലാതെ ആരറിയുന്നു? ഇവർ ചെയ്തിട്ടുള്ള പാപങ്ങളുടെ സംഖ്യ ചിലപ്പോൾ ഇവരുടെ തലമുടിനാരുകളുടെ എണ്ണത്തെക്കാൾ അധികമായിരുന്നേക്കാം. കടപ്പെട്ട ദിവസങ്ങളിൽ കഴിവുണ്ടായിരുന്നിട്ടും കർബാന മുടക്കിയും, കൂദാശകൾ സ്വീകരിക്കാതെയും, അന്യരെയോ തന്നെത്തന്നെയോ ശപിച്ചും അന്യരെ ദുഷിച്ചും, പ്രതികാരം ചെയ്തും, ഇടർച്ചമൂലം അന്യർക്കാത്മനാശത്തിനിട കൊടുത്തും അശുദ്ധ വിചാരങ്ങളിൽ മുഴുകിയും എന്നുവേണ്ട വിചാരത്താലും വചനത്താലും പ്രവൃത്തിയാലും ഇക്കൂട്ടർ ചെയ്തുകൂട്ടിയിട്ടുള്ള പാപങ്ങൾ എത്രമാത്രമെന്നു മററാർക്കും ഗ്രഹിക്കുവാനോ ഊഹിക്കുവാൻ തന്നെയോ ശക്യമല്ലായിരിക്കും. ജീവിതകാലത്തിൽ അധികപങ്കും ചാവുദോഷത്തിൽ മുഴുകി നടക്കുന്ന ഇക്കൂട്ടരെ നിത്യശിക്ഷ നിഴൽ കണക്കെ അത്രെ അനുഗമിക്കുന്നതു്.

ഇതിനുംപുറമെ ബാഹ്യമായവയെമാത്രം ആസ്പദമാക്കി വിധി കല്പിക്കുന്ന മനുഷ്യരുടെ ദൃഷ്ടിയിൽ മഹാഭക്തരും അനുകരണീയരുമായി കാണപ്പെടുന്ന ചിലരുടെ യഥാർത്ഥസ്ഥിതി ദുർഗ്ഗന്ധം വമിക്കുന്ന മൃതശരീരം സൂക്ഷിക്കപ്പെട്ടിട്ടുള്ള ഒരു ശവകടീരത്തിനു സമമത്രെ. കേവലം ഒരു കടമ തീർക്കുന്നതിനെന്നവണ്ണം ഇവർ കുമ്പസാരവും ദിവ്യകാരുണ്യസ്വീകരണവും നടത്തുന്നു. വിഷയേച്ഛയോടുകൂടിയവരായ ചെറുപ്പക്കാരുടെ സംഖ്യയും ഒട്ടും കുറവല്ല. ഇവരും കൂദാശാസ്വീകരണവിഷയത്തിൽ അത്ര പിന്നോക്കമല്ലായിരിക്കാം. പക്ഷെ ഭയങ്കരമെന്നല്ലാതെ എന്തുപറയട്ടെ! പാപഹേതുകമായ കാഴ്ചകളെയോ സാഹചര്യങ്ങളെയോ കൂട്ടുകാരെയോ പരിച്ഛേദം ഉപേക്ഷിക്കുവാൻ ഇവർ മനസ്സാകുന്നില്ല. അടിക്കടിയുള്ള ഉക്കൂട്ടരുടെ കൂദാശാസ്വീകരണംവഴിയായി ഭയങ്കരങ്ങളായ ദൈവദോഷങ്ങൾ വരുത്തിവെയ്ക്കുമെന്നുള്ളതല്ലാതെ ഇവരുടെ മതാനുഷ്ഠാനംകൊണ്ടു് മറെറന്തു ഫലമാണു ഉണ്ടാവുക? പാപങ്ങളിൽനിന്നും പാപം ചെയ്യത്തക്ക പരിതസ്ഥിതികളിൽനിന്നും മുഴുവനായി ഒഴിഞ്ഞിരുന്നുകൊള്ളാമെന്നുള്ള

ദൃഢമായ പ്രതിജ്ഞ കൂടാതെ പാപപരിഹാരം ലഭിക്കുന്നതാണോ? ഒരിക്കലുമില്ല.

വിവാഹമെന്ന കൂദാശയെ ദാമ്പത്യജീവിതക്കാരായ ചിലർ നീചനീചമായ നിലയിൽ ലംഘിക്കുന്നു. നിർമ്മതസ്ഥരും നിരീശ്വരവാദികളുമായ അജ്ഞാനികളുടെ ദുരുപദേശങ്ങൾക്കും ദുഷ്പ്രേരണകൾക്കും വശംവദരായി സന്താനനിയന്ത്രണം തുടങ്ങിയ ദൂഷിച്ച സംരംഭങ്ങളിൽ നിസ്സന്ദേഹം ഉൾപ്പെടുന്നവർ പ്രത്യേകിച്ചും ഈ ആധുനികകാലത്ത് അത്ര കുറവൊന്നുമല്ല. ഇവർ ലൗകികമായി വലിയ നിലയും വിലയും കൈവന്നിട്ടുള്ളവരും, മതാനുഷ്ഠാനവിഷയത്തിൽ മററാരെയും ഉല്ലംഘിക്കുന്ന വലിയ ഭക്താത്മാക്കളെന്നു മററുള്ളവരാൽ കരുതപ്പെടുന്നവരുമായിരിക്കാം. പതിവായി പാപസങ്കീർത്തനം നടത്തി ദിവ്യകാരുണ്യം സ്വീകരിക്കുന്നവരും ചിലപ്പോൾ തിരുക്കർമ്മശുശ്രൂഷകർ തന്നെയും ആയിരുന്നേക്കാം. എന്നാൽ ഇത്തരക്കാരുടെ ഉള്ളുകള്ളികൾ സർവ്വജ്ഞാനിയായ ദൈവമല്ലാതെ ആരറിയുന്നു. ലജ്ജ കൊണ്ടോ ഭയം ഹേതുവാലോ അഭിമാനഹാനി വിചാരിച്ചോ തുടർച്ചയായി കള്ളക്കുമ്പസാരം നടത്തുന്നവരും, മാസങ്ങളെന്നല്ല വർഷങ്ങൾ തന്നെയും ഈ സ്ഥിതിയിൽ കഴിച്ചുകൂട്ടുന്നവരുമില്ലെന്നില്ല

മേൽവിവരിച്ചതിൽ ഏതു ഗണത്തിൽപെട്ടവരായാലും ശരി, ചെയ്ത പാപങ്ങളെപ്പററി പശ്ചാത്തപിച്ച് വീണ്ടും പാപം ചെയ്കയില്ലെന്നു പ്രതിജ്ഞ ചെയ്ത് പാപസങ്കീർത്തനം ചെയ്യാതെ നിത്യരക്ഷ പ്രാപിക്കുക സാദ്ധ്യമല്ലെന്നു ഓരോരുത്തനും അറിഞ്ഞിരിക്കേണ്ടതാണ്.

ഏതാദൃശമായ ഒരു മനസ്താപം, അതേ ഒരു മാനസാന്തരം തന്നെ, എങ്ങനെ സംഭവിക്കുവാനിടയാകുമെന്നുള്ളതാണ് അടുത്ത പ്രശ്നം. ഇതുവരെ പൊഴിഞ്ഞ ദൈവവരങ്ങൾ ഇവരെ മാനസാന്തരപ്പെടുത്തുവാൻ പര്യാപ്തമായിട്ടില്ലെങ്കിൽ ഇനി എന്നാണ് അതു പര്യാപ്തമായിത്തീരുക? മനുഷ്യൻ ഓരോ പാപത്തിൽ നിപതിക്കുംതോറും ദൈവത്തിൽനിന്നും കൂടുതൽ കൂടുതൽ അകന്നുപോവുകയത്രെ ചെയ്യുന്നത്. അവിഹിതമായ വിധത്തിൽ ഓരോ പ്രാവശ്യവും കൂദാശകൾ സ്വീകരിക്കുന്നതോടുകൂടി ആ വ്യക്തിയുടെ ഹൃദയം കഠിനതരമായിത്തീരുന്നു ഒടുവിൽ ഒരു വലിയ അത്ഭുതം തന്നെ ഉണ്ടായാൽകൂടെയും ഇളകാത്ത വിധത്തിൽ ആ

വ്യക്തിയുടെ ഹൃദയം കടുത്തുപോകയും ചെയ്യുന്നു. ഇതിനു് യൂദാസിന്റെ കാര്യം ഉത്തമമായ ഒരുദാഹരണമാണു്. യൂദാ മിശിഹായുടെ ഒരു അനുഗാമിയും ഒരു ശ്ലീഹാതന്നെയും ആയിരുന്നിട്ടും അവൻ നശിച്ചുപോയി. ദൈവപ്രസാദവരം അവനിൽ പ്രവർത്തിച്ചില്ല. അവൻ മിശിഹായെ ഒററിക്കൊടുത്തു; ഒടുവിൽ നിരാശാഗർത്തത്തിൽ നിപതിച്ചു് സ്വയം ആത്മഹത്യയും ചെയ്തു. "യൂദാസു് ജനിക്കാതിരുന്നുവെങ്കിൽ അവനു നന്നായിരുന്നു" എന്നു പറയത്തക്കവണ്ണം ആയിരുന്നു അവന്റെ അന്ത്യം. ഇതുതന്നെ ആയിരിക്കാം മേൽപ്രസ്താവിച്ച തരത്തിൽ പെട്ടവരുടെയും അനുഭവം. ദൈവത്തിന്റെ വിശേഷാനുഗ്രഹംകൂടാതെ ഇത്തരക്കാർ മരണശയ്യയിൽവച്ചുപോലും മാനസാന്തരപ്പെടുക പ്രയാസമാണു്. ഇവർ അന്ത്യകൂദാശകൾ സ്വീകരിക്കാനിടയായാലും അതുകൊണ്ടു് സാമാന്യമായി അവരുടെ പാപഭാരം പൂർവ്വവൽ വർദ്ധിക്കുന്നതല്ലാതെ മററു ഗുണമൊന്നും സിദ്ധിക്കാറില്ലെന്നാണു് പറയേണ്ടതു്.

എന്നാൽ അനന്ത ദയാനിധിയായ ദൈവം, ഇത്തരം മഹാപാപികളുടെ ശോചനീയസ്ഥിതിയെയും ഹൃദയകാഠിന്യത്തെയും യഥായോഗ്യം ഗ്രഹിച്ചിരിക്കുന്നവനായ ആ നല്ല പിതാവു്, പൈതൃകമായ വാത്സല്യത്തോടെ ദുഃഖങ്ങളും അരിഷ്ടതകളുമാകുന്ന ഉപാധികൾവഴിയായി നിരന്ന മാനസാന്തരപ്പെടുത്തി ഒരിക്കൽകൂടി വീണ്ടെടുക്കുവാൻ ഉദ്ദേശിക്കുന്നുവെന്നു വിചാരിക്കുക. നിത്യശിക്ഷക്കു പാത്രീഭവിക്കുന്ന നിർഭാഗ്യവാന്മാരുടെ ആത്മാക്കൾ നരകത്തിൽ അനുഭവിക്കാനിരിക്കുന്ന മഹാ ദുരിതങ്ങളെ ഇഹത്തിൽവച്ചു് ദൈവം ശാരീരികപീഡകൾവഴി പാപികളെ അനുസ്മരിപ്പിക്കുന്നു. കഠിനകഠിനമായ പീഡകൾ യാത്രയാക്കിയെങ്കിലല്ലാതെ പാപിയുടെ മനസ്സു് ഇളകി പശ്ചാത്താപം ഉണ്ടാകുന്നതല്ല പാപികളോടുള്ള അതിവാത്സല്യം നിമിത്തമത്രെ ദൈവം അവരെ പീഡിപ്പിക്കുന്നതു്. ഓരോരുത്തരുടെയും മാനസാന്തരത്തിനു് ആവശ്യമായ പീഡകളും ദുഃഖങ്ങളുംമാത്രമേ അനന്തജ്ഞാനിയായ പിതാവു് ഓരോരുത്തർക്കും യാത്രയാക്കുകയുള്ളു. ശസ്ത്രക്രിയക്കുദ്യുക്തനാകുന്ന ഒരു ഡോക്ടർ രോഗിയുടെ ഛേദിക്കപ്പെടേണ്ട അംശംമാത്രം എത്ര സൂക്ഷ്മതയോടുകൂടിയാണോ ഛേദിക്കുന്നതു് അപ്രകാരംതന്നെ ഓരോരുത്തന്റെയും മാനസാന്തത്തിനവശ്യാവശ്യമായ പീഡകൾമാത്രമേ ദൈവം മനുഷ്യർക്കു് യാത്രയാക്കുകയുള്ളു.

ഓരോരുത്തർ ഏർപ്പെട്ടിരിക്കുന്ന വമ്പിച്ച നിലയിലുള്ള തൊഴിലുകളുടെ അധഃപതനം, ഭീമമായ വസ്തുനാശം, ധനനാശം, സ്വന്തപ്പെട്ടവരുടെ അകാലവിയോഗം, ദീർഘനാൾ നീണ്ടുനില്ക്കുന്ന രോഗബാധ, കുടുംബാംഗങ്ങൾക്കു തുടരെത്തുടരെയുണ്ടാകുന്ന രോഗങ്ങൾ, കീർത്തിനാശം, ശത്രുക്കളിൽനിന്നു അകാരണമായുള്ള ആക്രമണം ഇതെല്ലാം ദൈവകോപത്തിൻെറയല്ല, പ്രത്യുത ദൈവസ്നേഹത്തിൻെറ ലക്ഷണങ്ങളാണെന്നാണു് പറയേണ്ടതു്. തന്നോടുകൂടി മോക്ഷത്തിൽ ആനന്ദിച്ചു വാഴുവാൻ ഇടയാക്കിത്തീർക്കുന്നതിനുവേണ്ടിയത്രെ ദൈവം ഏതാദൃശ ദുഃഖദുരിതങ്ങൾ ചിലപ്പോൾ ചിലർക്കു് യാത്രയാക്കുന്നതു്. ഓരോരുത്തൻെറയും യഥാർത്ഥനില ദൈവം അറിയുന്നു. അതിനനുസരിച്ചുള്ള പ്രതിവിധികൾ ഓരോരുത്തർക്കും യാത്രയാക്കുന്നു എന്നേയുള്ളൂ. അതിനാൽ ദൈവം യാത്രയാക്കുന്ന ഓരോ കുരിശും ക്ഷമാപൂർവ്വം വഹിച്ചു് അതിൻെറ ഫലം പ്രാപിക്കുകയത്രെ നമ്മുടെ കടമ. സ്വർഗ്ഗീയ വൈദ്യനായ ദൈവം യാത്രയാക്കുന്നവയെ ബുദ്ധിപൂർവ്വം ഉപയോഗപ്പെടുത്തിയാൽ ഏതൊരു കഠിനപാപിക്കും നിത്യശിക്ഷയിൽനിന്നും ഒഴിഞ്ഞു് നിത്യാനന്ദം പ്രാപിക്കുവാനിടയാകും.

## ഒമ്പതാമത്തെ കാരണം.

### പരിപൂർണ്ണമായ മാനസാന്തരത്തിൻെറ ആവശ്യകത.

ഒരുവൻ പാപദോഷത്തിലല്ല ജീവിക്കുന്നതെങ്കിലും പാപത്തിൽ വീഴുന്നതിനുള്ള സാഹചര്യങ്ങളിലാണു് ജീവിക്കുന്നതു് എന്നുവരാം. ഏതന്നിമിത്തം തൽക്കാലജീവിതരീതി ഒന്നു നവീകരിക്കേണ്ടതു് ആവശ്യമാണെന്നും വന്നേക്കാം. ഈ കാര്യസാദ്ധ്യത്തിനുവേണ്ടിയും കരുണാനിധിയായ ദൈവം മനുഷ്യർക്കു് സങ്കടങ്ങൾ യാത്രയാക്കാറുണ്ടു്. ഇതത്രെ പീഡകൾ സഹിക്കുന്നതിനുള്ള വേറൊരു കാരണം.

പീഡകൾ സഹിക്കുവാനിടയാക്കുന്ന കാരണങ്ങളിൽ മുൻവിവരിച്ച ഏട്ടാമത്തേതു് വായിക്കുന്ന ഒരാൾ 'ദൈവസഹായത്താൽ ഞാൻ നിർഭാഗ്യരായ പാപികളുടെ ഗണത്തിൽ ഒന്നും പെട്ടവനല്ല' എന്നു പറഞ്ഞേക്കാം. ശരിതന്നെ. പക്ഷെ വലിയ പാപങ്ങളിൽ ഒന്നും ഉൾപ്പെട്ടിട്ടില്ലാത്ത ചിലർ മതാനുഷ്ഠാന

ത്തിലും മററമുള്ള അക്ഷന്തവ്യമായ അനാസ്ഥനിമിത്തവും ലൌകികകാൎയ്യാദികളിൽമാത്രം സദാ ബദ്ധശ്രദ്ധരായിരിക്കുന്നതുകൊണ്ടും നാശമാൎഗ്ഗത്തിലാണു് ജീവിക്കുന്നതെന്നു വരാം. നിഷ്പക്ഷനിലയിലുള്ള ഈദൃശ ജീവിതം ഒരുവിധത്തിൽ പറഞ്ഞാൽ പാപദോഷത്തിൽ ജീവിക്കുന്നതിനെക്കാൾ അപകടകരമാണു് എന്നു പറയാം. ഈ തരക്കാരെ ദൈവം പലപ്പോഴും പീഡകൾമൂലമത്രെ ആത്മീയ കാൎയ്യങ്ങളിൽ പ്രബുദ്ധരാക്കിത്തീൎക്കുന്നതു്.

ദൈവത്തെ നീ ഏതുവിധം സേവിക്കുന്നു എന്നു് ഗാഢഗാഢം പരിചിന്തിക്കുക. പാപദോഷങ്ങളിൽനിന്നെന്നതുപോലെ മനസ്സറിവോടെയുള്ള ലഘുവായ പാപങ്ങളിൽനിന്നുകൂടെയും ഒഴിഞ്ഞിരിപ്പാൻ നീ ശ്രമിക്കുന്നുണ്ടോ? അതോ അവയെ നിസ്സാരങ്ങളായി പരിഗണിക്കമാത്രമാണോ ചെയ്യുന്നതു്? അനൎഹവും ആപൽക്കരവുമായ അതിരുകവിഞ്ഞ ലൌകികാസക്തിയെ സാംക്രമികരോഗങ്ങളെ എന്നവണ്ണം വെറുത്തു് അതിന്റെ ആക്രമണത്തിൽനിന്നും രക്ഷപ്പെടാൻ നീ ശ്രമിക്കുന്നുണ്ടോ? അതോ ലൌകിക സുഖസന്തോഷങ്ങളിൽ അമിതമായി മുഴുകി നടക്കുകയാണോ? രണ്ടു യജമാനന്മാരെ ഒരേസമയം സേവിക്കാൻ ഉദ്യമിക്കുന്നുണ്ടോ? സൎവ്വശക്തിയോടുംകൂടി ദൈവത്തെ സ്നേഹിച്ചു സേവിക്കുന്നുണ്ടു് എന്നു് അഭിമാനിക്കണമെങ്കിൽ, നിന്നിലുള്ള ത്രിവിധ ദുരാശകളെ നീ പൂൎണ്ണമായും നിഗ്രഹിച്ചേ മതിയാവൂ. ഈ നിഗ്രഹകാൎയ്യത്തിൽ പ്രത്യേകം നീ ശ്രദ്ധിക്കാറുണ്ടോ?

നീ ലൌകികവസ്തുക്കളോടും ധനത്തോടും അമിതമായ ആസക്തി പ്രദൎശിപ്പിക്കുന്നുണ്ടെന്നു് വരാം. ലക്ഷപ്രഭുവാകണമെന്നു് ആഗ്രഹിക്കുന്നില്ലെങ്കിലും ആവശ്യത്തിൽ കവിഞ്ഞു് ധനം സമ്പാദിക്കുവാൻ സദാ ആഗ്രഹിക്കുന്നുവെന്നും വരാം. സൌകൎയ്യമെന്നു കണ്ടാൽ അന്യായമായിത്തന്നെയും ഉദ്ദേശ്യസാദ്ധ്യത്തിനായി ചിലപ്പോൾ ശ്രമിച്ചേക്കാം. അനീതി പ്രവൎത്തിച്ചശേഷം 'മററുള്ളവൎക്കാകാമെങ്കിൽ എന്തുകൊണ്ടു് എനിക്കു് പാടില്ല' എന്നു പറഞ്ഞു് സ്വയം സമാധാനിച്ചുകൊണ്ടു് ചിലർ മനഃസാക്ഷിയെ തൃപ്തിപ്പെടുത്തുവാൻ ശ്രമിക്കും. മററു പലരും ചെയ്തിട്ടുണ്ടു് അല്ലെങ്കിൽ ചെയ്യുന്നുണ്ടു് എന്ന ന്യായത്താൽ, ദൈവനീതിയെ ലംഘിക്കാമെന്നു് കരുതുന്നതിൽപ്പരം മൌഢ്യം മറെറന്താണുള്ളതു്?

ഇനിയും, നിന്റെ സ്ഥാനസംബന്ധമായ ചുമതലകൾ യഥായോഗ്യം നീ നിൎവ്വഹിക്കുന്നുണ്ടോ എന്നു് പരിശോധിക്കുക.

കീഴിലുള്ള ജോലിക്കാൎക്കു് അവരുടെ ജോലിക്കനുസരണമായ പ്രതിഫലം നൽകുന്നുണ്ടോ? കൂലിക്കാരനെങ്കിൽ പററുന്ന പ്രതിഫലത്തിനു തക്ക ജോലി ചെയ്യുന്നുണ്ടോ? പ്രാപ്തിക്കനുസരണമായ വിധം ദാനധൎമ്മമോ, മററു സൽപ്രവൃത്തികളോ ചെയ്യുന്നുണ്ടോ? ഇങ്ങനെ ഓരോരുത്തനും നിഷ്പക്ഷനിലയിൽ ഒരു സ്വയപരിശോധന നടത്തുന്ന പക്ഷം ധനത്തോടുള്ള അത്യാസക്തി നിമിത്തം പലപല കുററങ്ങളും കുറവുകളും വന്നുപോയിട്ടുള്ളതായി കരതലാമലകംപോലെ തെളിയുന്നതാണു്.

വേറെ ചിലർ വിഷയേച്ഛയെന്ന ദുൎഗ്ഗുണത്തിനു് പലേ പ്രകാരത്തിൽ വിധേയരായിട്ടുള്ളവരായിരിക്കാം. ചാരിത്രശുദ്ധിക്കു് വിരുദ്ധമായ വലിയ പാപങ്ങളിൽനിന്നും ഒരുവൻ വിമുക്തനായിരിക്കാം. പക്ഷേ, വിഷയേച്ഛ എന്നതിനാൽ ഇവിടെ വിവക്ഷിക്കുന്നതു് അമിതമായ എല്ലാ ജഡികസന്തോഷങ്ങളുമാണെന്നു് ഗ്രഹിക്കണം. ലോകവും പിശാചും കാണിച്ചുതരുന്നതും പണംമൂലം പ്രാപിക്കാവുന്നതുമായ സകല വിധ ലൌകികസന്തോഷങ്ങളിലും മുഴുകി ജീവിക്കുന്നതുനിമിത്തം നാം നമ്മുടെ കൎത്താവിന്റെ ഉപദേശത്തെ അവഗണിക്കുകയത്രെ ചെയ്യുന്നതു്. "എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ചു് സ്വന്ത കുരിശു വഹിച്ചുകൊണ്ടു് എന്നെ അനുഗമിക്കട്ടെ" (വി. ലൂക്കാ 9–23) എന്നു് ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നു. കൎത്താവു നടന്ന വഴിയാകട്ടെ ഗാഗുൽത്താമലയിലേക്കുള്ളതായിരുന്നു എന്നു് പറയേണ്ടതുമില്ലല്ലൊ. "സ്വന്തജീവനെ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ ആരോ അവൻ അതു നശിപ്പിക്കുന്നു. എന്നെക്കുറിച്ചു തന്റെ ജീവനെ നശിപ്പിക്കുന്നവൻ ആരോ അവൻ അതു രക്ഷിക്കുന്നു" (വി. ലൂക്കാ 9–24.) ഈ വാക്കുകൾ പ്രത്യേകം ശ്രദ്ധേയങ്ങളത്രെ. സ്വയം പരിത്യജിക്കാതെ ഈലോകജീവിതസന്തോഷങ്ങളിൽ ആറാടി ശരീരത്തെ സൎവ്വവിധത്തിലും സന്തോഷിപ്പിച്ചു ജീവിക്കുന്നവൻ നിത്യജീവിതത്തിനു് പ്രതിബന്ധം വരുത്തുകയാണു് ചെയ്യുന്നതു്. നേരെ മറിച്ചു് പാപം ചെയ്യുന്നതിനേക്കാൾ സ്വന്തജീവനെത്തന്നെയും ഉപേക്ഷിക്കുവാനുള്ള സന്നദ്ധതയോടുകൂടി തന്നെത്താൻ പരിത്യജിച്ചു് ദുഃഖാനൎത്ഥങ്ങൾ അനുഭവിക്കുന്നവൻ നിത്യാനന്ദജീവിതത്തിനു വഴി തെളിക്കുകയും ചെയ്യുന്നു. ഈ അവസരത്തിൽ ജഗൽപ്രസിദ്ധനായ കാർഡിനൽ മാന്നിങ്ങിന്റെ വാക്കുകൾ

ഇവിടെ ഉദ്ധരിക്കുന്നതു് അവസരോചിതമായിരിക്കുമെന്നു കരുതുന്നു:—

"ആധുനികപരിഷ്ക്കാരത്തിന്റെയും ശാസ്ത്രീയമായ പുതിയ പുതിയ കണ്ടുപിടുത്തങ്ങളുടെയും ഫലമായി സംജാതമായിട്ടുള്ള അന്തരീക്ഷം മനുഷ്യനെ വഴി പിഴപ്പിക്കുവാൻ തികച്ചും പര്യാപ്തമായിട്ടുള്ള ഒന്നാണു്. ഈ മായാവിഭ്രാന്തികളിൽപ്പെട്ടു് ഉഴലാതിരിക്കണമെങ്കിൽ മനുഷ്യൻ പ്രത്യേക കരുതലോടും സ്ഥിരനിശ്ചയത്തോടും കൂടിയിരിക്കേണ്ടതാണു്. ഉയർന്ന തരക്കാരുടെ ഇടയിൽ പ്രത്യേകിച്ചും വസ്ത്രധാരണവിഷയത്തിലും സുഖസന്തോഷാദികളിലും കളിവിനോദങ്ങളിലും ഉള്ള സുഖലോലുപത അതികലശലായിത്തീർന്നിരിക്കുന്നു. ഇതു് ഏറ്റവും ആപൽക്കരമായിട്ടുള്ള ഒരവസ്ഥയാണു്. നിയമാനുസൃതമായ പരിധിയുടെ അങ്ങേ അററത്തുകൂടിത്തന്നെ എപ്പോഴും സഞ്ചരിക്കുന്നവർ പലപ്പോഴും അതിന്റെ അതിരുകടപ്പാനെളുപ്പമുണ്ടു്. മാത്രമല്ല അന്യായമായതുതന്നെയും ന്യായയുക്തമാണെന്നു് ഇക്കൂട്ടർക്കു് തോന്നിപ്പോവുകയും ചെയ്യും. അഗാധമായ താഴ്വരയുടെ മുകളിൽക്കൂടി സഞ്ചരിക്കുന്നവർ മറിഞ്ഞു വീഴാനിടയാകുന്നുവെങ്കിൽ അതിൽ വിസ്മയിപ്പാനൊന്നുമില്ലല്ലൊ. വി. അപ്പോസ്തോലൻ സ്ത്രീകളെപ്പററി പറയുന്ന കൂട്ടത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: "ലൗകികസുഖസന്തോഷങ്ങളിൽ മുഴുകി ജീവിക്കുന്നവരം ജീവിച്ചിരിക്കുമ്പോഴും തന്നെ മൃതപ്രായമാണു്." (1 Tim. 5-6.) താദൃശമായ ഒരു ജീവിതം വെള്ള പൂശി വെടിപ്പാക്കപ്പെട്ട ഒരു ശവകുടീരത്തിനു തുല്യമാകുന്നു. പുറമെ എല്ലാം ഭംഗിയായിരിക്കുമെങ്കിലും അതിന്റെ അകം നികൃഷ്ടമായതാണു്. വി. ശ്ലീഹായുടെ ഉപദേശം പ്രത്യേകിച്ചും ഈ ആധുനികകാലത്തു് നമ്മുടെ നാട്ടിൽ അനുകരിക്കേണ്ടതുതന്നെയാണു്: "എന്റെ ദൃഷ്ടിയിൽ സർവ്വതും ന്യായാനുസൃതംതന്നെ. പക്ഷെ എല്ലാം എനിക്കു് അനുയോജ്യമോ ആവശ്യാവശ്യമോ അല്ല." (1. Cor. 6-12.) ഈ തോതു വച്ചുകൊണ്ടു് നമ്മുടെ വേഷഭൂഷണാദികൾ, കളിവിനോദങ്ങൾ, സുഖസന്തോഷങ്ങൾ, സ്വന്തവും ഗാർഹികവുമായ ചെലവുകൾ എന്നിവയെ പരിശോധിക്കുമ്പോൾ പലേടത്തും ഈ തോതു വിഗണിക്കപ്പെട്ടതായി കാണ്മാൻ സാധിക്കും."

(Card. Manning. The four great evils of the day. P. 57.)

ദൈവത്തേയും ദൈവികകാര്യങ്ങളെയും നിശ്ശേഷം മറന്നു്

മായാവിഭ്രാന്തികളിൽ മാത്രം മുഴുകി ജീവിക്കുവാൻ മനുഷ്യനെ സർവ്വപ്രകാരേണയും സഹായിക്കുന്നതായ റേഡിയോ യന്ത്രം, ദൃക്ഷേപിണിയന്ത്രം, ചലനചിത്രങ്ങൾ തുടങ്ങിയവ കണ്ടുപിടിക്കുന്നതിനു മുമ്പാണ് മേൽപ്രസ്താവിച്ച തത്വം ഉപദേശിക്കപ്പെട്ടിട്ടുള്ളത്. ആ സ്ഥിതിക്ക് പ്രസ്തുത ഉപദേശം നിരീശ്വരവാദം തുടങ്ങിയവ കൂടി പ്രബലപ്പെട്ടിരിക്കുന്ന ഈ ആധുനികകാലത്ത് എത്രമാത്രം പ്രാധാന്യം അർഹിക്കുന്നു എന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ. കേവലം സാധുക്കളായവർക്കുപോലും പലവിധത്തിലുള്ള ലൗകിക സുഖാനുഭൂതിക്ക് അവസരവും സൗകര്യവും നൽകുന്ന ഒരു കാലമാണിത്. പക്ഷേ ആധുനിക പരിഷ്കാരത്തിന്റെയും കണ്ടുപിടുത്തങ്ങളുടെയും ഫലം നിർബാധം ആസ്വാദിക്കുന്നതിനോടുകൂടി ഭക്തിപരമായ ഒരു ജീവിതം നയിക്കുക എന്നുള്ളത് പ്രായേണ അസാദ്ധ്യമാണെന്ന് മതാത്മക കാര്യങ്ങളിൽ അല്പമാത്ര ചിന്തയെങ്കിലും ഉള്ളവർ പ്രത്യേകം ധരിച്ചിരിക്കേണ്ട ഒന്നാണ്. നമ്മുടെ കർത്താവിന്റെ വചനങ്ങൾ ഇനിയും അസ്ഥാനത്തായി ഭവിച്ചിട്ടില്ല. "ഇടുങ്ങിയ പടിവാതില്ക്കൽകൂടി കടന്നുകൊള്ളുക. എന്തുകൊണ്ടെന്നാൽ നാശത്തിലേക്കുള്ള വാതിൽ വിസ്താരമേറിയതും വഴി വീതിയുള്ളതും ആകുന്നു. ഇതിലെ പോകുന്നവരോ ധാരാളവുമാണ്. എന്നാൽ ആയുസ്സിലേക്കു കടക്കുവാനുള്ള വാതിൽ എത്രയോ ഇടുങ്ങിയതും, വഴി എത്രയോ ഞെരുക്കമുള്ളതും ആകുന്നു. ഇതിനെ കണ്ടെത്തുന്നവരോ ചുരുക്കമത്രെ" (വി. മത്തായി 7. 13.) വി. പൌലോസിന്റെ വചനങ്ങൾ ഇന്നും വളരെ അർത്ഥവത്തായിട്ടാണിരിക്കുന്നത്. "നിങ്ങൾ ജഡികമുറയ്ക്കു ജീവിക്കുന്നെങ്കിൽ നിങ്ങൾ മരണം പ്രാപിക്കും. എന്നാൽ ജഡത്തിന്റെ പ്രവൃത്തികളെ നിഗ്രഹിച്ചുകൊണ്ടു് ജീവിക്കുന്നുവെങ്കിൽ നിങ്ങൾ (നിത്യമായി) ജീവിക്കയും ചെയ്യും." (റോമ. 8 13.)

നീ ഒരു പക്ഷേ വലിയ അഹങ്കാരിയും അത്യാഗ്രഹിയും ആയിരിക്കാം. സാമുദായികമായോ രാഷ്ട്രീയമായോ തൊഴിൽപരമായോ ഉള്ള ഉയർച്ചക്ക് മതം വിഘാതമെന്നു കണ്ടാലുടൻ നീ മതത്തെ വിഗണിച്ചു കളഞ്ഞിരിക്കാം. ലൗകികാദായങ്ങൾ പരിഗണിച്ച് മതവിരോധമായ സംരംഭങ്ങളെത്തന്നെ അനുകൂലിക്കാനും പ്രോത്സാഹിപ്പിക്കാനും മടിച്ചിട്ടില്ലായിരിക്കാം. മതവിരോധ സംഘങ്ങളിൽ സഹകരിച്ചിട്ടുണ്ടാവാം. നിരീശ്വരവാദി

കളുടേയോ നിർമ്മതസ്ഥരുടെയോ വക സ്ക്കൂളുകളിലായിരിക്കാം കുട്ടികളെ അയക്കുന്നതു്. സന്മാർഗ്ഗത്തിനു വിരോധമായ വിധത്തിൽ നടത്തപ്പെടുന്ന നൃത്തം, നാടകാദിവിനോദങ്ങൾ മുതലായവയിൽ അജ്ഞാനികളെക്കാൾ കഷ്ടതരമായവിധം സഹകരിച്ചിരിക്കാം. ധനവാനും ദരിദ്രനും വിഭിന്നങ്ങളായ സന്മാർഗ്ഗനിയമങ്ങളുണ്ടെന്നായിരിക്കാം നിന്റെ വിചാരം. ജഡികസന്തോഷങ്ങളെ നിയന്ത്രിക്കുന്ന ചട്ടങ്ങളിലും നിയമങ്ങളിലും നിന്നെല്ലാം ധനവാനെ ഒഴിവാക്കിയിരിക്കയാണെന്നായിരിക്കാം നിന്റെ മനോഭാവം. ഈ തരത്തിലുള്ള ആശയഗതികളോടുകൂടിയ പലരെയും നമുക്കു കാണാൻ കഴിയും.

സഭയോടും തദധികൃതരോടും സഭാനിയമങ്ങളോടും ഉള്ള നിന്റെ അനുവർത്തനം എവ്വിധമെന്നും ഇനി പരിഗണിക്കാം. സഭക്കും സഭാധികൃതക്കും പരിപൂർണ്ണമായും വിധേയനായിരിക്കുന്നതിനു പകരം നീ വിമർശനത്തിനുദ്യുക്തനായിട്ടുണ്ടോ? വിഗ്രഹാരാധന തെററാണു്, എല്ലാമതങ്ങളും ഒരുപോലെയാണെന്നുള്ള ധാരണ ശരിയല്ല, പാപികൾക്കു നിത്യശിക്ഷാവിധിയുണ്ടു് എന്നിത്യാദിസുവിശേഷപ്രബോധനങ്ങൾ അജ്ഞാനികളെ ഗ്രഹിപ്പിച്ചു് അവരെ സുപഥത്തിലേക്കു നയിക്കുവാൻ യാവച്ഛക്യം നീ ശ്രമിച്ചിട്ടുണ്ടോ? അസാന്മാർഗ്ഗിക കൃതികൾ വായിക്കുകയോ, ശപിക്കപ്പെട്ട സംഘടനകളിൽ ഉൾപ്പെടുകയോ, മതരഹിതമായ വിദ്യാഭ്യാസ രീതിയെയും മിശ്രവിവാഹത്തെയും സർവ്വശക്തിയോടുംകൂടി സഭ പ്രതിഷേധിക്കുന്നതുനിമിത്തം സഭയുടെ പേരിൽ നിനക്കു് അതൃപ്തി ജനിക്കുകയോ ഉണ്ടായിട്ടുണ്ടോ? വിവാഹമോചനം, ആത്മഹതി മുതലായവയെ ഈ ആധുനിക പരിഷ്ക്കാരകാലത്തും പഴയപടി എതിർക്കുന്നതുനിമിത്തം സഭ കാലാനുകൂലമായ വിധത്തിൽ നൂതനാശയങ്ങളെയും അഭിപ്രായങ്ങളെയും ആദരിക്കുന്നില്ലെന്നു പറഞ്ഞു സഭയെ കുററപ്പെടുത്താറുണ്ടോ? ഏവംവിധമായ ഒരു സൂക്ഷ്മനിരീക്ഷണം നടത്തുന്നപക്ഷം ഈ കൂട്ടത്തിൽ ഉൾപ്പെടുത്തത്തക്ക പലരെയും നമുക്കു കാണാൻ സാധിക്കും.

ഒരാൾ ഇതിൽ ഏതെങ്കിലും തരത്തിൽ പെട്ടവനാണെന്നു കാണുന്നപക്ഷം അയാൾ ആത്മീയരോഗം ബാധിച്ചവനാണെന്നും, നിത്യനാശത്തിന്റെ മാർഗ്ഗത്തിലാണിരിക്കുന്നതെന്നും, ഈ സ്ഥിതിയിൽ നിലനില്ക്കുന്നപക്ഷം ഇപ്പോൾ ബാധിച്ചിട്ടുള്ളതായ ഈ രോഗം വർദ്ധിച്ചു് കാലാന്തരത്തിൽ അവൻ ദൈവത്തിൽനിന്നും

വളരെ അകന്നു് നിത്യനിർഭാഗ്യത്തിൽ ഉൾപ്പെടുകയുമെന്നും ധരിക്കുക. എന്തെന്നാൽ ഒരേസമയം രണ്ടു യജമാനന്മാരെ സേവിക്കുക സാദ്ധ്യമല്ല.

ആകയാൽ ചാവുദോഷത്തിൽ ഉൾപ്പെട്ടിരിക്കുന്നവൎക്കെന്നതുപോലെ മന്ദജീവിതക്കാരായ ഇത്തരക്കാൎക്കും തക്കതായ ഒരു മാനസാന്തരം ഉണ്ടാകേണ്ടതാവശ്യമാണെന്നു് സിദ്ധിക്കുന്നു. അതേ, മാമ്മോദീസായിൽ നാം പറഞ്ഞൊത്തതുപോലെ ലോകത്തെയും പിശാചിനെയും ശരീരത്തെയും പരിത്യജിച്ചു് പൂൎണ്ണഹൃദയത്തോടുകൂടി ദൈവത്തെ സ്നേഹിക്കേണ്ടിയിരിക്കുന്നു.

അവശ്യാവശമായ ഈ മാനസാന്തരം സാധിതപ്രായമാക്കുന്നതിലേക്കത്രെ കരുണാനിധിയായ ദൈവം പീഡകൾ യാത്രയാക്കുന്നതെന്നു ധരിച്ചുകൊള്ളുക. മനുഷ്യനെ അവൻെറ സ്രഷ്ടാവിൽനിന്നും അകററുന്ന നശ്വരമായ ലൌകികസുഖസന്തോഷങ്ങളോടു വിരക്തി ജനിപ്പിച്ചു് അവനെ പ്രബുദ്ധനാക്കുന്നതിനുവേണ്ടിയാണു് ദൈവം പീഡകളാകുന്ന ആയുധം ഓരോരുത്തരുടെമേലും പ്രയോഗിക്കുന്നതു്. "പശ്ചാത്തപിക്കുകയില്ലെങ്കിൽ നിങ്ങളെല്ലാം ഇങ്ങനെതന്നെ നശിച്ചുപോകും." (വി. ലൂക്കാ 13-3.) ഈ തത്വം ഓരോരുത്തരെയും അനുസ്മരിപ്പിക്കുന്നതിനു പററിയ ഒരുപകരണമാണു് പീഡകൾ.

പീഡകളുടെ അഭാവത്തിൽ മനുഷ്യൻ ലോകസന്തോഷങ്ങളിൽ മുഴുകി അവയെമാത്രം അന്വേഷിച്ചുകൊണ്ടിരിക്കും. നിത്യായുസ്സിൻെറ കാൎയ്യം പാടേ വിസ്മരിച്ചുകളയും. ഒടുവിൽ നിത്യനാശത്തിൽ നിപതിക്കുകയും ചെയ്യും. പീഡാനുഭവംവഴിയായി അനേകായിരം ആത്മാക്കൾ നിത്യഭാഗ്യം പ്രാപിക്കാനിടയായിട്ടുണ്ടു്. പീഡകളില്ലായിരുന്നുവെങ്കിൽ തീൎച്ചയായും നിത്യശിക്ഷക്കു പാത്രമാകേണ്ടിയിരുന്ന അസംഖ്യം പേർ അവമൂലം ഇപ്പോൾ നിത്യാനന്ദം അനുഭവിക്കുന്നു.

## പത്താമത്തെ കാരണം

### നിത്യനാശത്തെപ്പററിയുള്ള മുൻനോട്ടം

വൎത്തമാനവും ഭൂതവുമെന്നതുപോലെതന്നെ ഓരോരുത്തൻെറയും ഭാവിയും സൎവ്വജ്ഞാനിയായ ദൈവത്തിനു സുജ്ഞാതമാണല്ലോ. പാപികളുടെ മാനസാന്തരത്തിനു് ഏററവും ഉപയുക്ത

മായ പീഡകൾ ചിലക്കു് യാത്രയാക്കപ്പെടാതിരുന്നാൽ അവർ നശിച്ചുപോകുമെന്നു നിശ്ചയമുള്ളതുകൊണ്ടു് അങ്ങനെയുള്ളവക്കു ദൈവം തന്റെ കരുണാധിക്യംമൂലം പീഡകൾ യാത്രയാക്കുന്നു. നാം പീഡകൾ സഹിക്കാനിടയാകുന്നതിനുള്ള വേറൊരു കാരണം ഇതാകുന്നു.

ചെറുപ്പത്തിലെ കളവു് വഞ്ചന ക്രൂരത തുടങ്ങിയ ദുർഗ്ഗുണങ്ങളിലേക്കു വാസന പ്രദർശിപ്പിക്കുന്ന ഒരു ശിശുവിനെ രക്ഷാകർത്താക്കൾ ശിക്ഷിക്കുന്നതിനുപകരം ലാളിച്ചു പ്രസാദിപ്പിക്കുകയാണെങ്കിൽ ആ ശിശു പ്രായമാകുമ്പോൾ ഒരു വലിയ ക്രിമിനൽ പുള്ളിയായിത്തീരുമെന്നു പ്രവചിക്കുവാൻ വലിയ ദിവ്യശക്തി ഒന്നും ആവശ്യമില്ലല്ലോ. എന്നാൽ ആ ശിശുവിനു നിർഭാഗ്യകരമായ ഈ ഭവിഷ്യൽ ഫലത്തെപ്പറ്റി സാക്ഷാൽ ഒരു ബോധവും ഉണ്ടായിരിക്കയില്ല. എന്നുമാത്രമല്ല, തന്റെ സ്വാതന്ത്ര്യലാഭത്തിൽ ആ ശിശു അതിമാത്രമായി സന്തോഷിക്കുന്നുവെന്നുകൂടെയും വരാം. പക്ഷെ, പ്രകൃതിയുടെ ഗതിയും ലോകചരിത്രവും കുറെയെല്ലാം ഗ്രഹിച്ചിരിക്കുന്നവർക്കു ആ കുട്ടിയുടെ ഭാവി ഏതു വിധമായിരിക്കുമെന്നു നിഷ്പ്രയാസം ഊഹിക്കാം.

ദീർഘായുസ്സു്, നല്ല ആരോഗ്യസ്ഥിതി, അസാധാരണ ധിഷണാവിലാസം, വലിയ ബഹുമതികൾ, സമ്പത്തു്, സാമുദായികജീവിതത്തിലുള്ള നിലയും വിലയും ഇത്യാദി ചിലക്കു നിത്യനാശത്തിനുള്ള കാരണങ്ങളായി ഭവിച്ചേക്കാം. അനുകൂലസാഹചര്യങ്ങളുടെ അഭാവംനിമിത്തം പല ദുർഗ്ഗുണങ്ങളും നമ്മിൽ ഒളിച്ചുകിടക്കുന്നുണ്ടായിരിക്കാം. അനുകൂല പരിതസ്ഥിതികളിൽ ഇവ വർദ്ധിച്ചു നമ്മുടെ പിടിയിലും നിയന്ത്രണത്തിലുംനിന്നു് വിമുക്തമായി നാളതുവരെ കേവലം അസാദ്ധ്യമെന്നു തോന്നിയിരുന്ന പല വലിയ അക്രമങ്ങളും തെറ്റുകളും പ്രവർത്തിക്കുവാൻ നമ്മെ പ്രേരിപ്പിച്ചേക്കാം. ഈ വസ്തുത ശരിയായി ഗ്രഹിച്ചിരുന്നാൽ നമുക്കു നേരിടുന്ന പല ദുഃഖാരിഷ്ടതകളും യഥാർത്ഥത്തിൽ നമുക്കു നാശത്തിനല്ല പ്രത്യുത ഗുണത്തിനാണു് നിദാനമായി ഭവിക്കുന്നതെന്നുള്ള വാസ്തവം എളുപ്പത്തിൽ ഗ്രഹിക്കുവാൻ സാധിക്കും.

### ദരിദ്രരുടെ സ്ഥിതി

ധനം ധാരാളം കരഗതമാകുന്നതോടുകൂടി എന്തെല്ലാം നാശങ്ങളും ദുർഗ്ഗുണങ്ങളുമാണു് മനുഷ്യരെ വലയം ചെയ്യുന്നതെന്നുള്ള

തിനു കണക്കില്ല. ഇതു് നമ്മുടെ ചുററുപാടിൽനിന്നുതന്നെ നിഷ്പ്രയാസം ഗ്രഹിക്കാവുന്ന ഒരു വാസ്തവമാണു്. ധനസംബന്ധമായി വലിയ നില ഒന്നും ഇല്ലാതെ നിത്യവൃത്തി ഒരുവിധം സുഖമായി കഴിച്ചിരുന്നപ്പോൾ അനുകരണീയമായ വിധത്തിൽ ജീവിച്ചിരുന്ന പലരും ധനസ്ഥിതിയിൽ ഉയർന്നതോടുകൂടി പഴയ രീതിയെല്ലാം ഉപേക്ഷിച്ചു് മതകാര്യങ്ങളിൽ അശ്രദ്ധയും ചിലപ്പോൾ മതംതന്നെ ഉപേക്ഷിച്ചുകൊണ്ടും ജീവിച്ചതായി ധാരാളം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടു്. ധനസ്ഥിതിയിൽ ഉയരുന്നതോടുകൂടി ദൈവത്തോടുള്ള കടമകളും നീങ്ങി എന്നു് അവർ വിചാരിക്കുന്നതായി തോന്നിപ്പോകും. പണത്തിന്റെ സഹായത്താൽ അവർ ആശിക്കുന്ന മിക്ക കാര്യങ്ങളും സാധിക്കുന്നതുകൊണ്ടു് പ്രാർത്ഥനയുടെ ആവശ്യമേ അവർ കാണുന്നില്ലത്രേ. പണംമാത്രം അവരുടെ സർവ്വസ്വവുമായി അവർ കരുതുന്നു, പണത്തിൽമാത്രം അവർ വിശ്വസിക്കുന്നു, അതു അവരുടെ ആരാധനാപാത്രമായി ഭവിക്കയും ചെയ്യുന്നു.

ഇനി ഒരുപക്ഷേ, മതം ഉപേക്ഷിച്ചില്ലെങ്കിൽ തന്നെയും സ്വന്ത ചുമതലയിൽപ്പെടാത്ത ഒരു കാര്യം തങ്ങളുടെ വിശാലമനസ്കതമൂലം നിർവ്വഹിക്കുന്നു എന്നുള്ള ഭാവത്തിലായിരിക്കും അവരുടെ മതപരമായ പ്രവൃത്തികൾ. ദേവാലയത്തിൽ പോവുക, പീഠത്തിൻമുമ്പിൽ മുട്ടുകുത്തുക ആദിയായുള്ള അവരുടെ മതാനുഷ്ഠാനരീതി കണ്ടാൽ അവർ ദൈവത്തിനുവേണ്ടി എന്തെല്ലാമോ വലിയ സഹായങ്ങൾ ചെയ്യുന്നവരാണെന്നു ഭാവിക്കുന്നതായി തോന്നിപ്പോകും. അവരുടെ ധനം ദൈവസ്തുതിക്കായിട്ടല്ല സ്വന്ത കീർത്തിക്കും ഗുണത്തിനും ആയിട്ടാണു് വിനിയോഗിക്കുന്നതു്. അഗതികളെ സംരക്ഷിക്കേണ്ട ഭാരം തങ്ങൾക്കാണെന്ന കഥയേ അവർ വിസ്മരിച്ചുകളയുന്നു. അഗതികളെപ്പററി അവർക്കു വലിയ പുച്ഛമായിരിക്കും. തങ്ങൾ ഏതോ വലിയ തരക്കാരെന്നാണു് ഇക്കൂട്ടരുടെ ഭാവം. എന്നാൽ ദൈവസന്നിധിയിൽ പ്രാമുഖ്യം അഗതികൾക്കായിരിക്കുമെന്നു് അവർ അറിയുന്നില്ല. അറിഞ്ഞാൽതന്നെയും വരുവാനിരിക്കുന്ന ആ കഥ ആരു വകവയ്ക്കുന്നു?

കുടുംബത്തിൽ മുൻപുണ്ടായിരുന്ന കത്തോലിക്കാചൈതന്യം ധനത്തിന്റെ ആഗമനത്തോടുകൂടി പമ്പകടക്കുന്നു. കൂട്ടമായി നടത്താറുണ്ടായിരുന്ന പ്രാർത്ഥന മുതലായ ചടങ്ങുകൾക്കു പൂർണ്ണവിരാമമിടുന്നു. മതപരമായ കൃതികളെ കാലാനുകൂലങ്ങളല്ലെന്നു

കാരണത്താൽ ബഹിഷ്കരിക്കുന്നു. മതചിഹ്നങ്ങളായ പടങ്ങളും തുടങ്ങിയവ വീട്ടിൽ സൂക്ഷിച്ചലങ്കരിച്ചുവച്ചാൽ അതു് അന്ധവിശ്വാസപരമായ ഒരു പ്രവൃത്തിയാണെന്നു തങ്ങളുടെ പല സ്നേഹിതന്മാരും കരുതുകയില്ലേ എന്നു് ശങ്കിക്കുന്നു. എങ്കിലും സന്മാർഗ്ഗത്തിനു് തീർത്തും ഹാനികരമായ ചിത്രങ്ങളും, ഗ്രന്ഥങ്ങളും മുതലായവ വിനോദത്തിനും ഉല്ലാസത്തിനും എന്ന പേരിൽ അവിടവിടെ പ്രതിഷ്ഠിക്കാതിരിക്കുന്നില്ല. ചുരുക്കത്തിൽ ധനം അധികമാകുന്നതോടുകൂടി മതവിശ്വാസം ക്ഷയിക്കുന്നു മതംതന്നെ എന്തോ ഒരനാവശ്യമായി കരുതിത്തുടങ്ങുന്നു. പരിഷ്കാരരീതിക്കു് അനുയോജ്യമല്ലെന്നുള്ള ഭാവേന ക്രമേണ മതമേ ഉപേക്ഷിച്ചു കളഞ്ഞെന്നും വരാം.

നീയും ധനികനായിത്തീർന്നാൽ വരാനിരിക്കുന്ന അനുഭവം ഇതുതന്നെയോ ഇതിൽ കൂടുതൽ കഷ്ടതരമോ അല്ലാ എന്നു് ആരറിഞ്ഞു? ലോകമഹിമകളും സമ്പത്തും ധാരാളം ഉണ്ടായാൽ നീ നശിച്ചുപോകുമെന്നു ദൈവത്തിനു നിശ്ചയമുള്ളതുകൊണ്ടായിരിക്കാം അവിടുന്നു് നിന്നെ ദരിദ്രനാക്കിയിരിക്കുന്നതു്. നമ്മിൽ ഓരോരുത്തന്റെയും ഗുണത്തെ മുൻനിറുത്തിക്കൊണ്ടു് എത്രാദൃശമായ ഒരു അപകടസ്ഥിതിയിൽനിന്നും കരുണാപൂർവ്വം നമ്മെ ഒഴിച്ചതിനു് നാം ദൈവത്തെ എത്രമാത്രം സ്തുതിക്കേണ്ടിയിരിക്കുന്നു എന്നു് ആലോചിക്കുക.

## രോഗവും ശാരീരികാവശതകളും

നമ്മിൽ ചിലർ എന്തെങ്കിലും അംഗഭംഗംനിമിത്തമോ അഥവാ വല്ല തീരാവ്യാധിനിമിത്തമോ അതിവദുഃഖത്തിനു വിധേയരായിരിക്കാം. എന്നാൽ ഇതുമൂലം നിരാശപ്പെടുന്നതിനു മുൻപു് ഏതത്സംബന്ധം അല്പം ഒന്നു ചിന്തിക്കേണ്ടതായുണ്ടു്. ഈ അംഗഭംഗം അഥവാ വ്യാധി ഇല്ലായിരുന്നു എങ്കിൽ ഒരുപക്ഷേ ഇപ്പോൾ നിന്നിലുള്ള ദൈവപ്രസാദവരം നിന്നിൽ കാണുമായിരുന്നില്ല. ഇതില്ലായിരുന്നു എങ്കിൽ നിന്റെ ആത്മാവു് പാപമാകുന്ന കുഷ്ഠവ്യാധിക്കധീനമായി, ദൈവത്താൽ പരിത്യജിക്കപ്പെട്ടു്, നിരവധി ദുർഗ്ഗുണങ്ങളുടെ വിളനിലമായി ഇരിക്കുമായിരുന്നില്ലേ എന്നു് ആരറിഞ്ഞു? ഇതില്ലായിരുന്നുവെങ്കിൽ വളരെ മുൻപേ നീ നിത്യശിക്ഷക്കുതന്നെയും പാത്രമാകുമായിരുന്നു എന്നു കരുതുന്നു

തിലും വലിയ അസാംഗത്യമില്ല. ഇങ്ങനെ വിശ്വാസമാകുന്ന ത്രാസിൽവച്ച് നമ്മുടെ ക്ഷണികമായ ഈ നിർഭാഗ്യങ്ങളെ തൂക്കി നോക്കുമ്പോൾ യഥാർത്ഥത്തിൽ ഇതൊന്നും നിർഭാഗ്യങ്ങളല്ല, പ്രത്യുത സൗഭാഗ്യത്തിൻെറ ഒരു മുന്നോടി അഥവാ നാന്ദീമാത്രമാണെന്നു കാണാൻ കഴിയും.

അകാലവിയോഗങ്ങൾ.

ദൈവത്തിൻെറ അനന്തദയയെപ്പററി അന്യഥാ ധരിക്കുവാൻ ഇടയാക്കുന്ന ഒന്നാണ് സ്വന്തപ്പെട്ടവരുടെ അകാലവിയോഗം. താദൃശഘട്ടങ്ങളിൽ ചിലപ്പോൾ ദൈവത്തിൻെറ നീതിയെപ്പററിയും ചിലർ ശങ്കിക്കുന്നുണ്ട്. നമ്മുടെ ആപ്തമിത്രങ്ങളിൽ ആരെങ്കിലുമോ, സ്വന്തം മാതാപിതാക്കന്മാരോ ഏകസന്താനമോ, സന്താനങ്ങളെല്ലാമോ ഒരു കുടുംബത്തെ മുഴുവൻ സംരക്ഷിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും ഒരംഗമോ അകാലചരമമടയുന്ന വേളയിൽ നിസ്സീമമായ ദുഃഖത്തിന്നിടയാകാം എന്നതു വാസ്തവം തന്നെ. പക്ഷെ ഇതും ദൈവത്തിനു മനുഷ്യമക്കളോടുള്ള അനന്തമായ സ്നേഹത്തിൻെറ ലക്ഷ്യമല്ലാതെ മറെറാന്നുമല്ലെന്നു സ്വല്പം ആലോചിച്ചാൽ ഗ്രഹിക്കാവുന്നതാണ്. ഈ സംശയദൂരീകരണത്തിനു സർവ്വഥാ അനുായോജ്യമായ ഒന്നാണ് ബോധജ്ഞാനത്തിൻെറ പുസ്തകത്തിലെ ഒരു ഭാഗം:—

"നീതിമാൻ നേരത്തെ മരിക്കാനിടയായാലും അവൻ വിശ്രമമനുഭവിക്കും. എന്തുകൊണ്ടെന്നാൽ ദീർഘനാൾ, അനേകകൊല്ലം, ലോകത്തിൽ ജീവിക്കുന്നതിലല്ല സാക്ഷാൽ പ്രായാധിക്യം സ്ഥിതി ചെയ്യുന്നതു്. പക്ഷേ, മനുഷ്യദൃഷ്ടിയിൽ നരച്ച മുടികളത്രെ വൃദ്ധതയുടെ ലക്ഷണം. നീതിമാൻ ദൈവത്തെ പ്രസാദിപ്പിച്ചു അവൻ ദൈവത്താലും സ്നേഹിക്കപ്പെട്ടു. പാപികളുടെ ഇടയിൽനിന്നും ദൈവം അവനെ എടുത്തുമാററി. അതേ, ദുഷ്ടത അവൻെറ ബോധത്തെ മറിക്കാതിരിപ്പാനും, വഞ്ചന അവൻെറ ആത്മാവിനെ ചതിക്കാതിരിപ്പാനുമായി അവൻ (വേറൊരു സ്ഥലത്തേക്കു) എടുക്കപ്പെട്ടു എന്തെന്നാൽ മായയുടെ മോഹനശക്തി നന്മകളെ ഇരുളാക്കുന്നു. ആശാപാശത്താലുള്ള അസ്ഥിരത കളങ്കമററ ബുദ്ധിയെ വ്യതിചലിപ്പിക്കുകയും ചെയ്യുന്നു. ചുരുങ്ങിയ സമയംകൊണ്ടു പൂർണ്ണനായിട്ടു് അവൻ വള

രെ കാലങ്ങളെ തികച്ചു. എന്തെന്നാൽ അവന്റെ ആത്മാവു് ദൈവത്തിനു പ്രസാദിച്ചതായിരുന്നു. അതുകൊണ്ടു് അവിടുന്നു് അവനെ ദുഷ്ടതയുടെ മദ്ധ്യത്തിൽനിന്നു പുറപ്പെടുത്തുവാൻ ധൃതിപ്പെട്ടു. എന്നാൽ ജനങ്ങൾ ഇതു കാണുന്നുവെങ്കിലും അവർ മനസ്സിലാക്കുന്നില്ല. അങ്ങനെയുള്ളവ അവരുടെ ഹൃദയങ്ങളിൽ അവർ സംഗ്രഹിക്കുന്നുമില്ല. അതായതു, ദൈവത്തിന്റെ കൃപയും അനുകമ്പയും തന്റെ പുണ്യവാന്മാരിലാകുന്നു; തന്റെ തെരിഞ്ഞെടുക്കപ്പെട്ടവരിൽ ആദരവുമുണ്ടു്. എന്നാൽ, മരിച്ച നീതിമാൻ ജീവിക്കുന്ന ദുഷ്ടന്മാരെയും, വേഗം അവസാനിച്ച യൗവ്വനം ദുഷ്ടന്റെ ദീർഘായുസ്സിനെയും കുററം വിധിക്കുന്നു. എന്തെന്നാൽ, അവർ ജ്ഞാനമുള്ളവന്റെ അന്ത്യം കാണും. ദൈവം അവനെക്കുറിച്ചു് എന്തു വിചാരിച്ചുവെന്നും, എന്തുകൊണ്ടു് കർത്താവു് അവനെ ശക്തനാക്കിയെന്നും അവർ അറിയുകയുമില്ല" (ബോധജ്ഞാനം. iv. 7-17.)

മരണത്തിനുള്ള സമയനിർണ്ണയം.

ഈ അവസരത്തിൽ ഫാദർ ഫാബെർ അവർകളുടെ ഒരു കൃതിയിൽനിന്നും ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നതു് അവസരോചിതമാകാതിരിക്കയില്ല. ഇതു ശ്രദ്ധേയമാണെന്നു മാത്രമല്ല സാന്ത്വനപരവുമാണെന്നു സമ്മതിച്ചേ കഴിയൂ. ഓരോരുത്തരുടെ മരണസമയത്തെ പരാമർശിച്ചു അദ്ദേഹം ഇങ്ങനെ പറയുന്നു:—

"ലോകത്തിൽ ഓരോന്നും സംഭവിക്കുന്നതിനു് ദൈവം തിരുമനസ്സാകുന്ന സമയത്തെപ്പററിത്തന്നെ ചിന്തിക്കാം. ഈ വിഷയത്തിലുള്ള ദൈവപരിപാലനാ മാഹാത്മ്യം അന്യാദൃശമെന്നു സമ്മതിക്കാതെ തരമില്ല. ഉദാഹരണത്തിനായി സാധാരണ മനുഷ്യരുടെ മരണസമയം തന്നെ എടുക്കുന്നപക്ഷം മിക്കവാറും ഓരോരുത്തരും മരിക്കുന്നതു് ഓരോ വ്യക്തിയെ സംബന്ധിച്ചിടത്തോളം ഏററവും അനുയോജ്യമായിട്ടുള്ള ഒരു ഘട്ടത്തിലാണെന്നു ഗ്രഹിക്കുവാൻ കഴിയും. ഓരോരുത്തരും ഏററവും അനുകൂല സാഹചര്യങ്ങളിലും പരിതഃസ്ഥിതികളിലും മരിക്കുന്നു. ചിലർ മരണം വഴിയായി ലോകത്തിൽനിന്നു തിരോധാനം ചെയ്യുന്നതുകൊണ്ടു് പല വലിയ ആപത്തുകളിൽനിന്നും ഒഴിയുന്നു.

“ചെറുപ്പത്തിലേ മരിച്ചുപോയവർ കുറേക്കൂടി ജീവിച്ചിരിക്കുവാൻ സംഗതി ആയിരുന്നുവെങ്കിൽ അവൎക്കു വലിയ തീരാദുഃഖത്തിനൊ മാനസികവും ശാരീരികവുമായ വലിയ ക്ലേശങ്ങൾക്കൊ കീൎത്തിനാശത്തിനൊ ഇടയാകുമായിരുന്നിരിക്കാം. ആ സ്ഥിതിക്കു അങ്ങനെയുള്ളവർ നേരത്തെ മരിക്കാനിടയായതു് നന്നായില്ലെന്നു ആരെങ്കിലും പറയുമോ? പാപികൾതന്നെയും ഏററവും അനുകൂലസന്ദൎഭങ്ങളിലത്രെ മരിക്കുവാൻ ഇടയാകുന്നതു്. യൗവ്വനത്തിൽ മരിച്ച ചിലർ വാൎദ്ധക്യംവരെ ജീവിച്ചിരുന്നുവെങ്കിൽ അവർ നിത്യമായി നശിപ്പിക്കപ്പെടുവാനിടയാകുമായിരുന്നിരിക്കാം. ദുശ്ശീലങ്ങൾ ഉപേക്ഷിച്ചു് പാപങ്ങളെപ്പററി അനുതാപപ്പെടുവാൻ അവസരം നൽകുവാൻവേണ്ടിയായിരിക്കും ചിലരെ വളരെ പ്രായമാകുന്നതുവരെ ജീവിക്കുവാൻ ദൈവം അനുവദിക്കുന്നതു്. സമ്പത്തു അധികമായാൽ ചിലർ ദുൎമ്മാൎഗ്ഗികളായിത്തീരുന്നതായി കാണാറുണ്ടു്. ഈ തരത്തിൽപ്പെട്ടവരായിരിക്കും സാമ്പത്തികമായ സുവൎണ്ണകാലത്തിന്റെ ആഗമനത്തോടെ മരിക്കുവാൻ ഇടയാകുന്നതു്. അരിഷ്ടിച്ചു ജീവിച്ചിരുന്ന ആളിനു് ഈ സുഭിക്ഷത അനുഭവിക്കുവാൻ ഇടയായില്ലല്ലോ എന്നു് ആരും വിചാരിക്കേണ്ടതില്ല. അവന്റെ ആത്മീയഗുണത്തിനുവേണ്ടിയായിരിക്കും നശ്വരമായ ലൗകികസുഖാനുഭോഗത്തിൽനിന്നും അവനെ ദൈവം മാററിക്കളഞ്ഞതു്. ദൈവപരിപാലനയുടെ ഗതി ആരറിയുന്നു?

“മരണത്തെപ്പററി ഭയത്തോടുകൂടിയല്ലാതെ ആൎക്കാണു് സാമാന്യനിലയിൽ ചിന്തിക്കുവാൻ സാധിക്കുക? എങ്കിലും എത്ര എത്ര ഇമ്പമായ വിധത്തിലാണു്, എത്ര അനുകൂലപരിതസ്ഥിതികളിലാണു് ഓരോരുത്തരെയും മരണം സമീപിക്കുന്നതു് എന്നു് സാവധാനത്തിൽ പരിചിന്തിച്ചാൽ അറിയാം. ഓരോ വ്യക്തിയുടെയും അന്ത്യസമയം നിൎണ്ണയിക്കുന്നതിൽ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമാണെന്നു ദൈവംതന്നെ നേരിട്ടു നമ്മെ അറിയിക്കുന്നുവെങ്കിൽ നാം അത്ഭുതപ്പെടുകതന്നെ ചെയ്യും. ഈ വിഷയത്തിലുള്ള ദൈവപരിപാലന വിശുദ്ധന്മാരുടെ ദൈവസ്നേഹാഗ്നിയെ നിതരാം വൎദ്ധിപ്പിക്കുന്നതിനു എത്രയും പൎയ്യാപ്തമാകത്തക്കവണ്ണം അത്ര മഹത്വമേറിയതത്രെ.”

(Fr. Faber. Creator and Creature. P. 334)

# പതിനൊന്നാമത്തെ കാരണം.

## അന്യരുടെ പാപത്തിനുവേണ്ടിയുള്ള പരിഹാരം

പീഡകൾ സഹിക്കുന്നതിനുള്ള പത്തു കാരണങ്ങളെപ്പററി നാം ചർച്ച ചെയ്തുകഴിഞ്ഞു. നമ്മുടെ പാപങ്ങളാണു് പീഡകൾക്കു നിദാനമായി ഭവിക്കുന്നതെന്നാണു് അവമൂലം സ്ഥാപിച്ചതു്. ഇനി അഞ്ചു കാരണങ്ങൾകൂടി ഇതിനുപരി പ്രസ്താവിക്കുവാനുണ്ടു്. ഇവ ആദ്യത്തേതിൽനിന്നും തുലോം വ്യത്യസ്തങ്ങളും, പാപപരിഹാരത്തിനുള്ള പ്രായശ്ചിത്തങ്ങളെന്നതിനെക്കാൾ കുറെക്കൂടി മെച്ചമായ ഒരുദ്ദേശ്യത്തിനുവേണ്ടിയാണു് പീഡകൾ യാത്രയാക്കപ്പെടുന്നതു് എന്നു കാണിക്കുന്നവയുമാണു്. ഇവയെപ്പററി വിചിന്തനം ചെയ്യുമ്പോൾ പീഡകൾക്കു വിധേയരാക്കപ്പെടുന്നതുമൂലം സംസിദ്ധമാകാവുന്ന നന്മകൾ എത്ര നിരവധിയാണെന്നു പ്രസ്പഷ്ടമാവുകയും ചെയ്യും.

ലോകത്തിലാകെ മനുഷ്യർ അനുദിനം ചെയ്തുകൂട്ടുന്ന പാപങ്ങൾക്കു കണക്കില്ല. ഇവയ്ക്കെല്ലാം പരിഹാരം ചെയ്യണമെന്നുള്ളതു ദൈവത്തിന്റെ അനന്തനീതിയുമാകുന്നു. ലോകപാപങ്ങളുടെ കർത്താക്കൾവഴിയായും മററുള്ളവർ മുഖേനയും ഇങ്ങനെ പലവിധത്തിൽ ഈ പരിഹാരകടം തീർക്കാവുന്നതാണു്. ഇതരന്മാരുടെ പാപങ്ങൾക്കുള്ള പരിഹാരം ചെയ്യുക എന്ന മഹൽകൃത്യത്തിനു നീ യോഗ്യനാണെന്നു കാണപ്പെടുന്ന പക്ഷം അതിലേക്കു നിന്നെ ഒരു കരുവായി ദൈവം ഉപയോഗപ്പെടുത്തുവാൻ തിരുമനസ്സായേക്കാം. പാപരഹിതനായി ജീവിച്ചിട്ടും പീഡകൾക്കു നീ വിധേയനാക്കപ്പെടുന്നുവെങ്കിൽ അതിന്റെ ഉദ്ദേശ്യം മേല്പറഞ്ഞതുതന്നെ. ഇതത്രെ പീഡകൾ സഹിക്കുവാനിടയാകുന്നതിനുള്ള പതിനൊന്നാമത്തെ കാരണവും.

പൊതുവേ നാം ഒരു ദ്രുതവീക്ഷണം നടത്തുന്നപക്ഷം നിരവധി പാപങ്ങൾ ദൈവസന്നിധിയിലേക്കുയർന്നു് തന്റെ അനന്തനീതിയെ വെല്ലുവിളിക്കുന്നതായി കാണാൻ കഴിയും. ഇവയുടെ സംഖ്യയാകട്ടെ കടൽത്തീരത്തുള്ള മണൽത്തരികൾ കണക്കെ അധികവുമത്രെ. ദൈവത്തെയും തന്റെ നിയമങ്ങളെയും അറിയാതെ ജീവിക്കുന്ന അജ്ഞാനികളുടെ പാപങ്ങൾ അതങ്ങനെ. സത്യദൈവത്തെ അറിഞ്ഞിട്ടും തന്നെ ധിക്കരിച്ചു നടക്കുന്ന ക്രിസ്ത്യാനി

കളുടെ കഠോരപാപങ്ങൾ വേറൊരു ഭാഗത്തു്. വേദവിരോധികൾ കാട്ടിക്കൂട്ടുന്ന പൈശാചികകൃത്യങ്ങൾ അങ്ങനെ. ദൈവശുശ്രൂഷയിൽ നിത്യം ഏർപ്പെട്ടിരിക്കുന്നവരുടെ പാപങ്ങൾ മറെറാരു ഭാഗത്തു്. ഇങ്ങനെ നോക്കിയാൽ പാപങ്ങൾക്കു് അതിരില്ലെന്നു കാണാം.

ഇവയെല്ലാം ഉടനുടൻ തക്ക ശിക്ഷയാത്രയാകുകയെന്നു വന്നാൽ അതു കുറെ ഭയങ്കരമായിരിക്കുമെന്നല്ലാതെ എന്തു പറയട്ടെ. ജലപ്രളയംപോലെയോ സോദോംഗോമോറാ പട്ടണങ്ങൾക്കുണ്ടായതുപോലെയോ ഉള്ള ശിക്ഷകൾതന്നെ ആയാലും ഇവയ്ക്കു മതിയാകുകയില്ലെന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ ദൈവത്തിന്റെ അനന്ത ദയ അതിനനുവദിക്കുന്നില്ല. മനുഷ്യൻ യഥാർത്ഥത്തിൽ അർഹിക്കുന്ന ശിക്ഷയിൽനിന്നും പരിഹാരപ്രവൃത്തികളാൽ അവനെ ഒഴിവാക്കുവാൻ ദൈവം തിരുമനസ്സാകുന്നു. ഇതിനു രണ്ടുതരം മാർഗ്ഗങ്ങളാണുള്ളതു്. ഒന്നു് ദിവ്യപൂജയും മററതു് ശുദ്ധാത്മാക്കൾ കാഴ്ചവെയ്ക്കുന്ന പരിഹാരപ്രവൃത്തികളും. ഇവയിൽ രണ്ടാമത്തേതിനെപ്പററിമാത്രം ഇപ്പോൾ ചിന്തിക്കാം.

ലോകത്തിൽ അവിടവിടെയായി ദൈവപ്രസാദവരത്താൽ പൂരിതരായ ചില ഭക്താത്മാക്കൾ ദൈവസ്നേഹത്തെപ്രതി സ്വമനസ്സാലെ സീമാതീതക്ലേശങ്ങളും പീഡകളും അനുഭവിക്കുന്നതു് നമുക്കും അറിവുള്ളതാണല്ലോ. ഇവർ അന്യരുടെ ശ്രദ്ധയിൽനിന്നും അകന്നു് ലോകത്തിനു് അജ്ഞാതരായി ജീവിക്കുന്നു ഇനിമിത്തം ലോകം പൊതുവേ ഇക്കൂട്ടരെ അറിയുന്നില്ല. ദൈവവും ഇവരുടെ ആത്മീയഗുരുക്കളുംമാത്രമായിരിക്കും ഇവരുടെ യഥാർത്ഥനിറവും നിലയും ഗ്രഹിക്കുന്നതു്. ജ്ഞാനസ്നാനവേളയിൽ പ്രാപിച്ച ദൈവപ്രസാദവരംതന്നെ ഇതുവരെയും നശിപ്പിച്ചിട്ടില്ലാത്ത ഇവരിൽ മിക്കവരും ലോകപാപങ്ങളുടെ പരിഹാരാർത്ഥം സ്വമനസ്സാലെ സഹിക്കുന്ന ദുരന്തദുഃഖങ്ങൾ കണ്ണും കരളും അലിയിക്കുവാൻ പര്യാപ്തമാണെന്നേ പറയേണ്ടതുള്ളു. ഒരുപക്ഷേ ഇവരും പാപത്തിൽ ഉൾപ്പെട്ടവരാണെങ്കിൽ മറിയം മഗ്ദലേനായെപ്പോലെ അനുതപ്പെട്ടു് ആവശ്യത്തിനും അതിലധികവും പരിഹാരംചെയ്തു കഴിഞ്ഞിട്ടുണ്ടാവാം. ഇക്കൂട്ടരിൽ ചിലർ അതിയായി പീഡിപ്പിക്കപ്പെടുന്നു മററചിലർ ഘോരപരീക്ഷകൾ സഹിക്കുന്നു. ഇനി മററുചിലർ ദീർഘകാലം, ചിലപ്പോൾ ആജീവനാന്തം, തീരാവ്യാധികൾക്കു വിധേയരായി വർണ്ണനാതീതമായ കായക്ലേശ

ങ്ങളും പീഡകളും അനുകരണീയവും വിസ്മയനീയവുമായ ക്ഷമയോടെ സഹിക്കുന്നു. ഇനിയും ചിലർ, തങ്ങളുടെ കർത്താവിനെപ്പോലെ ക്രൂശിക്കപ്പെടുന്നു. സാക്ഷാൽ ഇവർ വീരപരാക്രമികൾ തന്നെ. പീഡാനുഭവത്താൽ അവർ നിരാശരാകയോ പിറുപിറുക്കുകയോ ചെയ്യുന്നില്ല. പീഡകൾ അധികരിക്കുന്നതിനോടൊപ്പം അവർ സന്തോഷിക്കുകയത്രെ ചെയ്യുന്നതു്. ദൈവപ്രസാദവരത്തിൻെറ അത്ഭുതശക്തി ഗ്രഹിച്ചിട്ടില്ലാത്തവക്കു് ഈ സ്ഥിതി അത്യധികമായ ആശ്ചര്യത്തിനു വക നൽകുന്നതാണു്. ഇതിൻെറ അർത്ഥം ഗ്രഹിക്കുന്നതിനു് അങ്ങനെയുള്ളവർ അപ്രാപ്തരുമത്രെ. പാപംമൂലം ദൈവം ദ്രോഹിക്കപ്പെടുന്നതു കണ്ടുകൊണ്ടിരിപ്പാൻ വഹിയാത്തവണ്ണം അത്യധികമാണു് ഇവരുടെ ദൈവസ്നേഹം, അതിനാൽ ദൈവം തിരുമനസ്സാകുന്നപക്ഷം ഏതു ഏതു പീഡകൾതന്നെയും അനുഭവിക്കുവാൻ ഇവർ ഒരുക്കമുള്ളവരാണു്. അതിനവർ ആത്മാർത്ഥമായി ആഗ്രഹിക്കുകയും ചെയ്യുന്നു

ലോകപാപങ്ങൾക്കുവേണ്ടി പൊതുവേയും ചില പ്രത്യേകവിധ പാപങ്ങൾക്കുവേണ്ടി പ്രത്യേകിച്ചും പരിഹാരപ്രവൃത്തികൾ ചെയ്യുവാൻ ഇവരെ ദൈവം അനുവദിക്കുന്നു ചിലർ ദൈവദൂഷണാപരമായ പാപങ്ങൾക്കുവേണ്ടിയും മററു ചിലർ കുദാശാലംഘനപരവും ദിവ്യകാരുണ്യനിന്ദാപരവുമായ പാപങ്ങൾക്കുവേണ്ടിയും പരിഹാരം ചെയ്യുന്നു. ഇനിയും ചിലർ പാപികളായ ദൈവശുശ്രൂഷകരുടെ കഠോര പാപങ്ങൾക്കുവേണ്ടിയും പീഡകൾ സഹിച്ചുകൊണ്ടു പരിഹാരം ചെയ്യുന്നു.

ഇതിനൊരുദാഹരണമാണു് 1903-ൽ മാത്രം നിര്യാതയായ ലൂക്കാ പട്ടണത്തിലെ ഒരു പ്രസിദ്ധ കന്യകയും 1933-ൽ വിശുദ്ധയെന്നു നാമകരണം ചെയ്യപ്പെട്ടവളുമായ വി. ജെമ്മ ഗൽഗാനി. ഈ കന്യക ജീവിച്ചിരുന്നപ്പോൾ ദിവ്യരക്ഷകൻെറതുപോലെയുള്ള മുറിവുകൾ കരചരണങ്ങളിലും ശിരസ്സിലും ദേഹത്തും കാണ്മാനുണ്ടായിരുന്നു. കുറെ നാളത്തേക്കു വ്യാഴം വെള്ളി ആഴ്ചകളിൽ ഈ മുറിവുകളിൽനിന്നു രക്തം തന്നെയും പ്രവഹിച്ചുകൊണ്ടിരുന്നു. 1900-ാം വർഷത്തിൽ ദിവ്യരക്ഷകൻ ഈ കന്യകയ്ക്കു പ്രത്യക്ഷനായി ഇങ്ങനെ അരുളിച്ചെയ്തു "ലോകപാപങ്ങളുടെ പരിഹാരാർത്ഥം ഇനിയും ബലികൾ സന്നദ്ധരാകേണ്ടിയിരിക്കുന്നു. ലോകത്തിൻെറമേൽ നിത്യപിതാവിനുള്ള കോപം

എത്ര മാത്രമെന്നു ലോകത്തെ അറിയിക്കുവാൻ സാധിച്ചിരുന്നുവെങ്കിൽ നന്നായിരുന്നു. നരവംശത്തിനു പൊതുവേ ഭയങ്കരമായ ഒരു ശിക്ഷ യാത്രയാക്കുവാൻ എന്റെ പിതാവു് തിരുമനസ്സായിരിക്കയാണു്." ഈ സൂചന കഴിഞ്ഞ ലോകമഹായുദ്ധങ്ങളെപ്പററി ആയിരുന്നില്ലയോ എന്നു് ആരറിഞ്ഞു.

### സന്യാസസംഘങ്ങളിൽ.

മേൽ പ്രസ്താവിച്ചവിധംതന്നെ ചില സന്യാസസഭാംഗങ്ങൾ തങ്ങളുടെ സഭക്കുവേണ്ടി പീഡകൾ സഹിക്കാറുണ്ടു്. ഇവരുടെ പീഡാനുഭവം ഇരുവിധ ഗുണങ്ങൾക്കു നിദാനമായി ഭവിക്കുന്നു. ഒന്നാമതു് അവർ തങ്ങളുടെ സഹപ്രവർത്തകന്മാരുടെ കുററങ്ങൾക്കും കുറവുകൾക്കും പരിഹാരം ചെയ്യുന്നു. സഭാസംബന്ധമായ പ്രവർത്തനങ്ങളിൽ ഇവർ വലിയ പ്രമുഖസ്ഥാനങ്ങളൊന്നും വഹിക്കുന്നില്ലെങ്കിലും ആത്മീയമായി ഇക്കൂട്ടർ വിലമതിക്കാൻ വഹിയാത്ത ഒരു മഹൽസേവനമാണു ചെയ്യുന്നതെന്നുള്ളതിനു സംശയമില്ല. ഇത്തരക്കാർമൂലം അവരുൾപ്പെടുന്ന സഭ ദൈവശിക്ഷകളിൽനിന്നു് ഒഴിയുവാനും ഇടയാകുന്നു. ഭക്താത്മാക്കളായ ഇവരുടെ മദ്ധ്യസ്ഥാപേക്ഷ ഉപേക്ഷിക്കപ്പെടാനിടയില്ല. ഇവരെ ഉദ്ദേശിച്ചു് പല പൊതു ശിക്ഷകളും ദൈവം വേണ്ടെന്നു വയ്ക്കുവാനും ധാരാളം ഇടയുണ്ടു്.

രണ്ടാമതായി, സന്യാസസഭകൾക്കെല്ലാം വ്യക്തികളുടെ വിശുദ്ധീകരണം എന്ന പ്രഥമോദ്ദേശ്യത്തിനും പുറമേ സുവിശേഷപ്രചരണം, മിഷ്യൻവേല, വൈദികാഭ്യസനം, കുട്ടികളുടെ വിദ്യാഭ്യാസം എന്നിങ്ങനെ ഏതെങ്കിലും ഒരു പ്രത്യേക ഉദ്ദേശ്യവുമുണ്ടായിരിക്കും. ഈ ഉദ്ദേശ്യസാദ്ധ്യത്തിനു് ധാരാളം ദൈവാനുഗ്രഹം അവശ്യാവശ്യമാണെന്നുള്ളതു് നിവ്വിവാദമാണല്ലോ. ഈ വിധ അനുഗ്രഹങ്ങൾ കൈവരുത്തുന്നതിനുള്ള പ്രധാനമാർഗ്ഗം പ്രാർത്ഥനയും പ്രായശ്ചിത്തങ്ങളുമത്രെ. ഇങ്ങനെയുള്ള ഈ മഹൽകാര്യം ഇവർവഴിയായിത്തന്നെ സാധിതപ്രായമാകുന്നു.

# പന്ത്രണ്ടാമത്തെ കാരണം.

## തിരുസ്സഭയുടെ അഭിവൃദ്ധി.

അജ്ഞാനികൾക്കു സത്യദീപം പ്രകാശിപ്പിക്കുക എന്നുള്ളതാണല്ലോ സഭയുടെ പരമോദ്ദേശ്യങ്ങളിൽ ഒന്നു്. ഇതു് സഫലമായി നിൎവ്വഹിക്കുന്നതിനു് ദൈവാനുഗ്രഹം കൂടിയേ കഴിയൂ. ഈ അനുഗ്രഹപ്രാപ്തിക്കുവേണ്ടി പീഡകൾ സഹിക്കുവാനുള്ള ഭാഗ്യം ദൈവം ചിലൎക്കു നൽകുന്നു. പീഡാനുഭവത്തിനുള്ള മറെറാരു കാരണം ഇതത്രെ.

ദൈവരാജ്യം ഭൂമുഖത്തു പരത്തുക എന്ന കൃത്യം നിൎവ്വഹിക്കുന്ന വിഷയത്തിൽ സഭാമാതാവിനു് നിരവധി ക്ലേശങ്ങൾ നേരിടുന്നുണ്ടു്. എന്നാൽ നരകുലത്തിൻെറ പുനരുദ്ധാരണം മിശിഹായുടെ പീഡാനുഭവംവഴി നിൎവ്വഹിക്കുവാൻ തിരുമനസ്സായതുപോലെതന്നെ, ഒരു വിധത്തിൽ ഒരു പുനരുദ്ധാരണം തന്നെ ആയ അജ്ഞാനികളുടെ വീണ്ടെടുപ്പും പീഡാനുഭവം വഴിയായിത്തന്നെ സാധിതപ്രായമാകണമെന്നു ദൈവം തിരുച്ചിത്തമായിരിക്കുന്നു. ഇതിലേയ്ക്കുവേണ്ടി തനിക്കേററം ഇഷ്ടപ്പെട്ട ചുരുക്കം ചില വ്യക്തികളെ തെരിഞ്ഞെടുത്തു് അവരെ ഇതിലേക്കു നിയോഗിക്കുന്നു. ദൈവരാജ്യം പ്രചരിപ്പിക്കുന്നതിനു് സഭ അപ്പഴപ്പോൾ ആവശ്യപ്പെടുന്ന എല്ലാ അനുഗ്രഹങ്ങളും തെരിഞ്ഞെടുക്കപ്പെട്ടവരായ ഈ വ്യക്തികൾ വഴി ദൈവം നൽകുന്നു.

വിശുദ്ധന്മാരിൽ പലരുടെയും ചരിത്രം വായിച്ചാൽ ഈ വാസ്തവം, അവർ സഭക്കുവേണ്ടി ധീരധീരം പീഡകൾ സഹിച്ചുവന്നത, വെളിപ്പെടുന്നതാണു്. ഇതേ ഉദ്ദേശ്യത്തോടുകൂടിത്തന്നെ ഇപ്പോഴും പലരും ജീവിക്കുന്നുമുണ്ടു്. വേദപ്രചരണജോലിയിൽ ഏൎപ്പെട്ടിരിക്കുന്ന മിഷ്യനറിമാരെ ഇവരെപ്പോലെ മററാരും സഹായിക്കുന്നില്ല. അതിനു സാധിക്കുന്നതുമല്ല. എന്തുകൊണ്ടെന്നാൽ മനുഷ്യൻ എത്രതന്നെ പ്രയത്നിച്ചാലും മിഷ്യനറിമാർ എത്ര ഊൎജ്ജിതമായി പ്രേഷിതവൃത്തിയിലേൎപ്പെട്ടാലും ദൈവാനുഗ്രഹം കൂടാതെ ഫലം ഒന്നും ഉണ്ടാകുന്നതല്ല. ഈ ദൈവാനുഗ്രഹമാകട്ടെ ഈ തെരിഞ്ഞെടുക്കപ്പെട്ടവർ തങ്ങളുടെ ജപതപങ്ങളാൽ ഇവൎക്കു പ്രാപിച്ചുകൊടുക്കയാണു് ചെയ്യുന്നതു്

ലോകരുടെ ദൃഷ്ടിയിൽനിന്നും മറഞ്ഞു് കേവലം അജ്ഞാതവാസം നയിക്കുന്ന ഈ തെരിഞ്ഞെടുക്കപ്പെട്ട ചുരുക്കം പേർ എത്ര മഹത്തരമായ ഒരു സേവനമാണു നടത്തുന്നതെന്നു ഇപ്പോൾ വിശദമായല്ലൊ. ഇവരുടെ സേവനത്തിന്റെ ഫലം എല്ലായിടത്തും എല്ലാവർക്കും ഒരുപോലെ പ്രത്യക്ഷമാകുന്നില്ലായിരിക്കാം. പക്ഷേ, വിസ്തൃതമായ ഭൂതലത്തിൽ രക്ഷിക്കപ്പെടേണ്ടവരായ ആത്മാക്കൾ എവിടെ ഉണ്ടോ അവിടെ എല്ലാം ഒരിക്കൽ അല്ലെങ്കിൽ മറെറാരിക്കൽ ഇവരുടെ സേവനത്തിന്റെ ഫലവും കാണാതിരിക്കുന്നതല്ല. ഒരു പക്ഷേ അതു് ഭൂഗോളത്തിന്റെ ഉത്തരഭാഗത്തെ ഹിമാവൃതപ്രദേശങ്ങളിലോ അഥവാ, ട്രോപ്പിക്കൽ വനാന്തരങ്ങളിലോ ജനനിബിഡമായ പട്ടണങ്ങളിൽ സ്ഥിതിചെയ്യുന്ന ജയിലുകളിലോ ആസ്പത്രികളിലോ ആയിരിക്കാം. ഇതിന്റെ യഥാർത്ഥം അവസാന വിധിദിവസത്തിലെ തെളിയുകയുള്ളു. അന്നറിയാം പ്രേഷിതവൃത്തിയിൽ ഏർപ്പെട്ടിരുന്നവർക്കു് ഇക്കൂട്ടരിൽനിന്നും എത്രമാത്രം സഹായസഹകരണങ്ങൾ ഉണ്ടായി എന്നു്. ദൈവരാജ്യം പ്രചരിപ്പിക്കുന്നതിനു സഹായിക്കുവാൻ വിളിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഒരുവനാണു് നീ എന്നു കരുതി, നിനക്കു കൈവന്ന ആ മഹാഭാഗ്യം സസന്തോഷം സ്വീകരിച്ചു് സ്രഷ്ടാവിന്റെ ഉദ്ദേശം സഫലമാക്കുക. ദൈവരാജ്യസംസ്ഥാപനകാര്യത്തിൽ എന്തു ത്യാഗവും ചെയ്യുവാൻ സന്നദ്ധനായിരിക്കുക.

## പതിമൂന്നാമത്തെ കാരണം.

### പാപികളുടെ മാനസാന്തരം.

നീ ഒരു പക്ഷേ പാപികളുടെ വിശിഷ്യ മരണശയ്യയിൽ കിടക്കുന്ന പാപികളുടെ മാനസാന്തരം സാധിതപ്രായമാകുന്നതിനുള്ള ദൈവാനുഗ്രഹം പ്രാപിക്കുവാനായി ദൈവത്താൽ വിളിക്കപ്പെട്ടവനായിരിക്കാം. പീഡകൾ സഹിക്കുന്നതിനുള്ള മറെറാരു കാരണം ഇതാകുന്നു.

ചാവുദോഷത്തോടുകൂടി മരിക്കുവാൻ കിടക്കുന്ന ഒരു പാപിയുടെ ശയ്യയ്ക്കടുത്തു് നീ നിൽക്കുന്നതായി വിചാരിക്കുക. ഏതാനും നിമിഷങ്ങൾകൂടി കഴിഞ്ഞാൽ മതി ആ ആളിന്റെ ഘോരവിധി സ്ഥിരപ്പെടുവാൻ. ചാവുദോഷത്തോടുകൂടി മരിക്കുന്ന ഒരാ-

ളിൻെറ ആത്മാവിൻെറ ഗതി എന്തായിരിക്കുമെന്നുള്ളത് സുനി ശ്ചിതമാണല്ലോ. ഇഹത്തിലെ അഗ്നിയിൽ കിടന്നു വെന്തുമരി ക്കാനിടയാകുന്നതും, പാപിയുടെ ആത്മാവിനു നേരിടുന്ന നിത്യ നിർഭാഗ്യവുംകൂടി താരതമ്യപ്പെടുത്തുമ്പോൾ അഗ്നിയിൽ വെന്തു മരിക്കുക എന്നുള്ളത് എത്രയും നിസ്സാരമായ ഒരു കാര്യമായി കരുതാം.

ഈ വിപൽസന്ധിയിൽ, പാപിയുടെ മരണമാകുന്ന ഘോരനാടകാഭിനയവേളയിൽ അമ്മ ദൈവത്താൽ തെരഞ്ഞെടുക്കപ്പെടുന്ന നടൻ പ്രധാനമായും അഭിനയം നടത്തുന്നത്. തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരായ ശുദ്ധാത്മാക്കളുടെ പീഡാനുഭവങ്ങളെ അനുസ്മരിച്ച് "മരണാസന്നരായി കിടക്കുന്ന പാപികളെ രക്ഷിക്കണമേ" എന്നുള്ള അവരുടെ മദ്ധ്യസ്ഥാപേക്ഷയെ സ്വീകരിച്ച്, മരണശയ്യയിൽ കിടക്കുന്ന പാപിക്ക് ആ അന്ത്യനേരത്തിൽ തൻെറ പാപങ്ങളെപ്പററി ഉത്തമമനസ്താപപ്പെടുന്നതിനുള്ള മഹാഭാഗ്യം ദൈവം നൽകുന്നു.

അന്ത്യവിനാഴിക ആസന്നമാകുന്നു. മദ്ധ്യസ്ഥാപേക്ഷയുടെ ഫലം വിജയഭേരി മുഴക്കുന്നു. മരിക്കുവാൻ കിടക്കുന്ന പാപി ദൈവത്തിൻപക്കലേക്ക് തിരിഞ്ഞ് പാപങ്ങളെപ്പററി മനസ്താപപ്പെട്ടുകൊണ്ട് അനുഗ്രഹം പ്രാർത്ഥിക്കുന്നു. ദൈവം ഈ അന്ത്യാപേക്ഷ കേൾക്കുന്നു. ആ പാപി നിത്യഭാഗ്യത്തിനവകാശിയായി തീരുകയുംചെയ്യുന്നു! ഒരു നിമിഷനേരംകൊണ്ട് നടക്കുന്ന ഈ സംഭവത്തിൻെറ ഗൌരവം ആരറിയുന്നു? ആർക്ക് ഇത് ഗ്രഹിക്കുവാൻ സാധിക്കും? ഒരു പാപി രക്ഷിക്കപ്പെട്ടിരിക്കുന്നു. നിത്യനിർഭാഗ്യത്തിലേക്ക് കാലെടുത്തുവയ്ക്കുവാൻ തുടങ്ങിയ ഒരു മഹാപാപി ഇതാ അനന്തഭാഗ്യത്തിനവകാശിയാക്കപ്പെട്ടിരിക്കുന്നു. നാശഗർത്തത്തിൽ നിപതിക്കുവാനിരുന്ന ഒരാത്മാവുകൂടി തങ്ങളുടെ സഖിയായി, മോക്ഷാനന്ദഭാഗ്യത്തിനർഹനായി തീർന്നതിൽ മോക്ഷവാസികൾ ആനന്ദിച്ചാഹ്ളാദിക്കുന്നു. ദൈവത്തെ അനവരതം വാഴ്ത്തി പുകഴ്ത്തുവാൻ ഒരാത്മാവിനെക്കൂടി ലഭിക്കുമ്പോൾ മോക്ഷവാസികൾക്കുണ്ടാകുന്ന ആനന്ദം എത്രമാത്രമെന്നു വർണ്ണിക്കാവതല്ല.

പ്രാർത്ഥനയാലും പീഡാനുഭവങ്ങളാലും തന്നെ നിത്യനിർഭാഗ്യത്തിൽനിന്നും രക്ഷിച്ച് നിത്യാനന്ദഭവനത്തിലേക്ക്, അതും ആ അന്ത്യവിനാഴികയിൽ, ആനയിച്ച ആളിനോട് അഥവാ ആ

ളുകളോട്ടു് രക്ഷിക്കപ്പെട്ട ആ ആത്മാവിനുള്ള കൃതജ്ഞത എത്രമാത്രമായിരിക്കുമെന്നു് ആൎക്കാണു് ഊഹിക്കുവാൻപോലും സാധിക്കുക? മോക്ഷാനന്ദത്തിന്റെ മാറവും നിത്യനരകത്തിലെ വേദനകളുടെ സ്വഭാവവും ഗ്രഹിക്കുമ്പോൾ രക്ഷിക്കപ്പെട്ട ആത്മാവു് തന്നെ രക്ഷിച്ചവരോട്ടു് എത്രമാത്രം കൃതജ്ഞത പ്രകടിപ്പിക്കുമെന്നു ഏറെക്കുറെ ഊഹിച്ചുകൊള്ളുകതന്നെയാണു് ഉത്തമം. അഗ്നിയിൽ വീണു് മരിക്കുവാൻപോകുന്ന അവസരത്തിൽ നമ്മെ ആരെങ്കിലും രക്ഷിച്ചാൽ, ആ രക്ഷകനോട്ടു് നാം എത്ര കണ്ടു് കൃതജ്ഞതയുള്ളവരായിരിക്കും! പക്ഷേ ഈ കൃതജ്ഞത മേൽപറഞ്ഞ ആത്മാവിന്റെ കൃതജ്ഞതയുടെ ഒരു നിഴൽപോലും ആകുന്നില്ലെന്നു് പറയേണ്ടിയിരിക്കുന്നു.

ഈദൃശ അനുഭവങ്ങൾ അത്ര അപൂൎവ്വസംഭവങ്ങളൊന്നുമല്ല. ഒരു ദിവസത്തിൽത്തന്നെ അനേകായിരം മാനസാന്തരങ്ങൾ നടന്നുകൊണ്ടാണിരിക്കുന്നതു്. ഒരു ലക്ഷത്തോളംപേർ പ്രതിദിനം മരിക്കുന്നുണ്ടു്. പക്ഷേ ഇവരിൽ എത്രപേർ നശിക്കുന്നുണ്ടെന്നു് ഏകദേശംപോലും ഗ്രഹിക്കുവാൻ നിവൃത്തിയില്ല. ദൈവം അതു് വെളിപ്പെടുത്തിയിട്ടുമില്ല എന്നാൽ ഒരു കാൎയ്യം തീൎച്ചയാണു്, അതു് നിത്യാനന്ദഭാഗ്യത്തിനവകാശികളായിത്തീരുന്നതിൽ അധികപങ്കും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ പ്രാൎത്ഥനകളുടെയും പീഡാനുഭവങ്ങളുടെയും ഫലമായി അന്ത്യനേരത്തു് മാനസാന്തരപ്പെടുന്നവരാണു് എന്നുള്ളതാണു്. കൊന്നെസ്രാത്തിലെ അത്ഭുതകന്യകയായ തെരേസാന്യൂമാനു വി. കൊച്ചുത്രേസ്യാ 1926-ൽ സ്വൎഗ്ഗത്തിൽനിന്നും പ്രത്യക്ഷയായി "ശക്തിയുക്തമായ പ്രസംഗങ്ങൾ കൊണ്ടുന്നതിനെക്കാൾ സഹനംമൂലം കൂടുതൽ ആത്മാക്കൾ രക്ഷിക്കപ്പെടുന്നു" എന്നാണു് അറിയിക്കുകയുണ്ടായതു്.

വാസ്തവം ഇതായിരിക്കെ ഇത്ര മഹത്തായ ഒരു കാൎയ്യസാദ്ധ്യത്തിനായി നിന്നാൽ കഴിയുന്നത്ര ശ്രമിക്കുവാൻ നീ ആഗ്രഹിക്കുന്നില്ലേ? മരണാസന്നരായ പാപികളെ നിത്യശിക്ഷയുടെ കരാളവക്ത്രത്തിൽനിന്നും വീണ്ടെടുത്തു് അവരെ ദൈവത്തിന്റെ മക്കളും മോക്ഷത്തിനവകാശികളുമാക്കി തീൎക്കുവാൻ നീ മനസ്സാകുന്നില്ലെന്നോ?

# പതിനാലാമത്തെ കാരണം.

## മിശിഹായോടനുരൂപരാകുക.

നിത്യാനന്ദഭാഗ്യം അനുഭവിക്കാനായി വിളിക്കപ്പെട്ടിരിക്കുന്ന നീ സർവ്വപ്രകാരേണയും മിശിഹായോടനുരൂപപ്പെടേണ്ടതാണു്. പീഡകൾ സഹിക്കുവാനിടയാകുന്നതിനുള്ള പതിന്നാലാമത്തെ കാരണം ഇതാകുന്നു.

വി. പൗലോസ് ആദ്യ ക്രിസ്ത്യാനികൾക്കയച്ചിട്ടുള്ള പല ലേഖനങ്ങളിലും സ്വർഗ്ഗഭാഗ്യം പ്രാപിക്കുന്നതിനു് മിശിഹായോടനുരൂപപ്പെടേണ്ടതിന്റെ ആവശ്യകതയെപ്പററി പ്രകടമായി പ്രസ്താവിച്ചിട്ടുണ്ടു്. മോക്ഷരാജ്യത്തിൽ പ്രവേശിക്കുന്നതിനു് ഇതു് അവശ്യാവശ്യമായ ഒരു സംഗതിയത്രെ ദൈവപ്രസാദവരം കൊണ്ടു് ഈ യോജിപ്പു് കഴിയുംവിധം പരിപൂർണ്ണമാക്കപ്പെടണം. വേറൊരുവിധത്തിൽ പറഞ്ഞാൽ ഓരോ വ്യക്തിയും ഓരോ മിശിഹായായി രൂപാന്തരപ്പെടണം. തന്റെ സാദൃശ്യമുള്ളവരെമാത്രമേ നിത്യപിതാവു് സ്വർഗ്ഗത്തിൽ സ്വീകരിക്കയുള്ളു. താബോർ മലയിൽവച്ചു് മിശിഹായെപ്പററി പറഞ്ഞതുപോലെ "ഇവൻ എന്റെ പുത്രനാകുന്നു. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു." എന്നു് നമ്മിൽ ഓരോരുത്തരെപ്പററിയും പറയത്തക്ക നിലയിൽ നാം ആയിത്തീർന്നാൽമാത്രമേ നാമും നിത്യപിതാവിനാൽ അംഗീകരിക്കപ്പെടുകയുള്ളു.

മിശിഹായുടെ ജീവിതമാകട്ടെ കഷ്ടാരിഷ്ടതകളാൽ നിറഞ്ഞതുന്നായിരുന്നു. ഭൂജാതനായ ക്ഷണംമുതൽ കുരിശിൽ കിടന്നുകൊണ്ടു് അന്ത്യശ്വാസം വിട്ടതുവരെ ശാരീരികമായും ആത്മീയമായും മിശിഹാ അനുഭവിച്ച വ്യാകുലതകൾ വർണ്ണനാതീതമത്രെ. ഏതാനും മണിക്കൂർ സമയംമാത്രമേ തന്റെ പീഡ സാക്ഷാൽ ദീർഘിച്ചുള്ളു എന്നതു വാസ്തവംതന്നെ. പക്ഷേ താൻ സഹിപ്പാനിരുന്ന പീഡകളെല്ലാം ഒരു കണ്ണാടിയിലെന്നവണ്ണം മിശിഹാ നേരത്തെ കണ്ടിരുന്നതിനാൽ ജീവിതകാലത്തു് ഒരു വിനാഴികപോലും തനിക്കാശ്വസിപ്പാൻ കഴിഞ്ഞിരുന്നില്ല. താൻ അനുഭവിപ്പാനിരുന്ന ഭയാനക പീഡകളെപ്പററിയുള്ള സ്മരണ, അതായതു് സ്വജനങ്ങളുടെ വൈരാഗ്യവും അവരിൽനിന്നു നേരിടുവാനിരുന്ന ദേഹപീഡകളും, സ്വജനങ്ങളാൽ പരിത്യക്തനാകാനിരുന്നതും, ഒരു

ഘോരപാതകനെപ്പോലെ എത്രയും നികൃഷ്ടമായവിധം കരിശുമര ണത്തിന വിധിക്കപ്പെട്ടവാനിരുന്നതും ആയ സംഗതികളെപ്പററി യുള്ള സ്മരണ, തന്നിൽ സദാ സജീവമായിരുന്നു. നരവംശത്തി നുവേണ്ടി ഇത്രയെല്ലാം പീഡകറം സഹിച്ചാലും പിന്നെയും അ നേകർ നിത്യനാശത്തിലുറംപ്പെട്ടവാനിടയാകുമെന്നുള്ള അറിവു് തനിക്കു് ഇതിലുമുപരിയായ മനോവ്യഥക്കിടയാക്കി. യഥാത്ഥ ത്തിൽ ദൈവത്തിൻെറ ഈ കുഞ്ഞാടിനെപ്പോലെ ഒരു മനുഷ്യ നും ഒരു കാലത്തും പീഡകറം സഹിക്കവാൻ ഇടയായിട്ടില്ല ഇനി ഇടയാവുകയുമില്ല.

മ്ശിഹായുടെ പീഡാനുഭവങ്ങറംക്കുള്ള മറെറാരു വൈശി ഷ്ട്യം അതു സ്വമനസ്സാലെ സ്വീകരിച്ചതാണെന്നുള്ളതാണു്. ആത്മാക്കളുടെ രക്ഷയിലുള്ള അത്യാകാംക്ഷ ഹേതുവാൽ എത്ര വലിയ പീഡകളും സഹിപ്പാൻ താൻ തിരുമനസ്സായിരുന്നു. പീഡയുടെ പരമാവധിവരെ പീഡിപ്പിക്കപ്പെട്ടവാനായിരുന്നു തൻെറ അഭിലാഷം. മനുഷ്യകുലത്തിൻെറ രക്ഷക്കു് ഇത്ര വലി യ പരിഹാരം ആവശ്യമില്ലായിരുന്നു. ആവശ്യത്തിനു മാത്രമുള്ള പീഡകറം സഹിച്ചുകൊണ്ടു് മനുഷ്യവംശത്തിൻെറ പുനരുദ്ധാ രണം സാധിച്ചു തൃപ്തിപ്പെട്ടവാൻ മനുഷ്യവഗ്ഗത്തോടുള്ള തൻെറ അളവററ സ്നേഹം തന്നെ അനുവദിച്ചില്ല. ആവശ്യമായിരുന്നു എങ്കിൽ ഇതിലധികവും സസന്തോഷം സഹിപ്പാൻ താൻ സന്ന ദ്ധനായിരുന്നു. മനുഷ്യവഗ്ഗത്തിനുവേണ്ടിയെന്നല്ല രക്ഷിക്കപ്പെ ടേണ്ടതായി ഒരേയൊരു വ്യക്തി മാത്രമേ ഉണ്ടായിരുന്നുള്ളവെ ങ്കിൽതന്നെയും ഇതും ഇതിലപ്പുറവും സഹിക്കവാൻ താൻ ഒരുക്ക മുള്ളവനായിരുന്നു. മനുഷ്യരുടെ രക്ഷയെ താൻ എത്ര എരി വോടെ കാംക്ഷിച്ചിരുന്നുവെന്നും മനുഷ്യരോടുള്ള തൻെറ സ്നേഹമ ധികം എത്ര വലുതായിരുന്നു എന്നും ഇതിൽനിന്നും ഏറെക്കറെ ഗ്രഹിക്കാമല്ലൊ.

വാസ്തവം ഇതായിരിക്കെ, സ്വഗ്ഗരാജ്യത്തിൽ പ്രവേശിക്കു ന്നവർ മോക്ഷാധിപനായ മ്ശിഹായോടുള്ള സാദൃശ്യമുള്ളവരാ യിരിക്കണം എന്നു നിഷ്കർഷിക്കുന്നതിൽ എന്താണാശ്ചയ്യപ്പെടു വാനുള്ളതു്? നരവംശത്തിൻെറ വീണ്ടെടുപ്പു് എവ്വിധം സാധി തപ്രായമാക്കിയോ അതേവിധംതന്നെ മനുഷ്യർ സ്വഗ്ഗരാജ്യ ത്തിൽ പ്രവേശിക്കയും ചെയ്തുകൊള്ളണമെന്നു് ദൈവം തിരുമന സ്സായിരിക്കുന്നതിൽ എന്തസാംഗത്യമാണുള്ളതു്? മ്ശിഹായോ

ഒടൊരുമിച്ച് പരത്തിൽ അനവരതം ആനന്ദിക്കണമെങ്കിൽ, ഇഹത്തിൽ തന്റെ കഷ്ടാനുഭവജീവിതത്തെ അനുകരിച്ചേ മതിയാവു. എന്നു വെച്ചിരിക്കുന്നതിൽ എന്തിനു വിസ്മയിക്കുന്നു? "തന്റെ മഹത്വത്തിൽ പ്രവേശിക്കുന്നതിന് മ്ശിഹാ പീഡകൾ സഹിക്കേണ്ടിയിരുന്നില്ലയോ?" എന്ന ദിവ്യവാക്യത്തെപ്പററി ഓരോരുത്തരും ഗാഢഗാഢം ചിന്തിക്കട്ടെ.

തന്റെ അനുഗാമികളായിരുന്ന ശ്ലീഹന്മാരെയും അവർ വഴിയായി സ്വർഗ്ഗഭാഗ്യത്തെ കാംക്ഷിക്കുന്ന എല്ലവരെയും അനിഷ്ടകരമായ ഈ തത്വം ഗ്രഹിപ്പിക്കുന്നതിന് ദിവ്യരക്ഷകൻ പ്രത്യേകാവിധത്തിൽ ഉത്സാഹിച്ചിട്ടുണ്ട്. തന്റെ തിരുവചനങ്ങൾ തന്നെ കേട്ടാലും. "എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് സ്വന്ത കുരിശും വഹിച്ചുകൊണ്ട് എന്നെ അനുഗമിക്കട്ടെ. എന്തുകൊണ്ടെന്നാൽ തന്റെ ജീവനെ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അതു നശിപ്പിക്കും. എന്നെക്കുറിച്ചു സ്വന്ത ജീവനെ നശിപ്പിക്കുന്നവനാകട്ടെ അതു കണ്ടെത്തും. സ്വന്ത കുരിശെടുത്തുകൊണ്ട് എന്നെ അനുഗമിക്കാത്ത ഒരുത്തനും എനിക്കു യോഗ്യനല്ല." തത്സംബന്ധമായി വി. പൗലോസ് പഠിപ്പിക്കുന്നതും ശ്രദ്ധേയമാണ്. "ദാസ്യത്തിന്റെ അരൂപിയല്ല വീണ്ടും നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. പ്രത്യുത ബാവാ (പിതാവേ) എന്നു നാം വിളിക്കുന്ന പുത്രസ്വീകരണത്തിന്റെ അരൂപിയത്രെ നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ആകയാൽ, നാം ദൈവത്തിന്റെ പുത്രരാണെന്ന് ആ അരൂപി നമ്മുടെ അരൂപിക്കു സാക്ഷ്യം നൽകുന്നു. എന്നാൽ പുത്രരെങ്കിൽ അവകാശികളും (ആകുന്നു) ദൈവത്തിന്റെ അവകാശികളും ഈശോമ്ശിഹായുടെ കൂട്ടവകാശികളും തന്നെ. എന്നിട്ടും അയാളോടുകൂടി നാം സഹിക്കുന്നുവെങ്കിൽ (അതു) ഒരുമിച്ചു നാം മഹത്വപ്പെടുന്നതിനുവേണ്ടി (ആകുന്നു)." (റോമ. VIII. 15-17.)

ദീർഘനാൾ ഭക്തിപരമായ ഒരു ജീവിതം നയിച്ചിട്ടും പീഡകളാകുന്ന കുരിശുകൾക്കു നീ വിധേയനായിത്തീരുന്നു എങ്കിൽ അതിൽ ഭഗ്നാശനാകേണ്ടതില്ല. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗീയ കലാവിദഗ്ദ്ധനാകുന്ന നമ്മുടെ ദിവ്യരക്ഷകൻ പ്രസ്താവിത പീഡകളാൽ നിന്നെ ക്രമേണ തനിക്കനുരൂപനാക്കിത്തീർക്കുകയത്രെ ചെയ്യുന്നതെന്നു വിശ്വസിച്ചു സമാശ്വസിച്ചുകൊള്ളുക.

ഈ രൂപാന്തരീകരണത്തിനു് ഇന്ന വിധത്തിലുള്ള പീഡകളെ നിനക്കുണ്ടായിക്കൂ എന്നില്ല. രോഗങ്ങളോ അപകടസംഭവങ്ങളോ ധനനാശമോ കീർത്തിനാശമോ വഴിയായോ, മ്ശിഹായെ അനുകരിച്ചു ജീവിക്കുന്നു എന്ന ഏക കാരണത്താൽ അന്യർക്കുണ്ടായേക്കാവുന്ന പകയോ അസൂയയോ നിമിത്തമോ പീഡകൾ സംഭവിച്ചേക്കാം. ഈ ഒടുവിൽ പറഞ്ഞ വിധമാണെങ്കിൽ നിനക്കു ഒരു പ്രത്യേക ആശ്വാസത്തിനും വകയുണ്ടു്. "മ്ശിഹായെ അനുകരിക്കുന്നവൻ പീഡകൾ സഹിച്ചേ മതിയാവൂ" എന്ന നിയമം പല പ്രകാരത്തിൽ പ്രായോഗികമാകാം. പ്രഥമമായി ഇതു് കത്തോലിക്കരെ പൊതുവെ ബാധിക്കുന്ന ഒന്നാണു്. സത്യമതാവലംബികളാകുന്നു എന്ന ഏക കാരണത്താൽ കത്തോലിക്കർ "നീതിയെപ്രതി പാടുപെടേണ്ട" മനുഷ്യരാണു്. ദൈവത്തിന്റെ മക്കളും സ്വർഗ്ഗത്തിന്റെ അവകാശികളും എന്ന മഹനീയ സ്ഥാനത്തിനുവേണ്ടി ആവശ്യമെന്നുവന്നാൽ ലോകം മുഴുവന്റെയും ശത്രുതയെ സഹിക്കുവാൻ അവർ സന്നദ്ധരായിരിക്കേണ്ടതുമാണു്. ഈ വസ്തുത നമ്മുടെ ദിവ്യരക്ഷകൻ തന്നെ സുവിദിതമാക്കിയിട്ടുള്ളതിനാൽ സംശയത്തിനൊന്നും അവകാശമില്ല "ലോകം നിങ്ങളെ വെറുക്കുന്നു എങ്കിൽ പരിഭ്രമിക്കേണ്ട. എന്തുകൊണ്ടെന്നാൽ നിങ്ങളെക്കാൾ മുമ്പിൽ അതു് എന്നെ വെറുത്തതാണു് എന്നു നിങ്ങൾ അറിഞ്ഞാലും" എന്നു അവിടുന്നു നമ്മോടുപദേശിക്കുന്നു.

പാപികളായ സ്ത്രീപുരുഷന്മാരെ നേർവഴിയിലേക്കു തിരിക്കുവാൻ വിവിധ മാർഗ്ഗങ്ങളെത്രെ ദൈവം ഉപയോഗപ്പെടുത്തുന്നതു്. ഈ വാസ്തവം സദാ നാം അനുസ്മരിക്കുന്നപക്ഷം നിരാശാധീനരാകാതെ പീഡകളും പരീക്ഷകളും സധൈര്യം സഹിക്കുന്നതിനുള്ള ശക്തി നമുക്കു ലഭിക്കുന്നതാണു്. "മ്ശിഹായെപ്പോലെ ഇഹത്തിൽവച്ചു് പീഡകൾക്കു വിധേയരായാൽ മാത്രമേ മ്ശിഹായോടുകൂടി സ്വർഗ്ഗത്തിൽ വാഴുവാൻ ഇടയാകയുള്ളു" എന്ന സത്യവും ഒരിക്കലും വിസ്മരിച്ചുകൂടാത്തതാകുന്നു.

# പതിനഞ്ചാമത്തെ കാരണം.

## സ്വൎഗ്ഗത്തിൽ സമുന്നതസ്ഥാനത്തിനുള്ള പ്രത്യാശ.

നമുക്കു ഗ്രഹിക്കുവാൻ പാടില്ലാത്തവിധം അത്ര ഹൃദയംഗമമായ വിധമാണു് ദൈവം നമ്മെ സ്നേഹിക്കുന്നതു്. വാത്സല്യാതിരേകം നിമിത്തം സ്വൎഗ്ഗത്തിൽ ഒരു മഹാ വലിയ സ്ഥാനം ദൈവം നമുക്കു നിശ്ചയിച്ചിട്ടുണ്ടായിരിക്കും. ആ മഹാ ഭാഗ്യത്തിന്റെ നാന്ദിയായിട്ടാണു് ദൈവം നമുക്കു പീഡകൾ യാത്രയാക്കുന്നതെന്നു വരാം. ഇതത്രെ പീഡാനുഭവത്തിനുള്ള പതിനഞ്ചാമത്തേതും അവസാനത്തേതുമായ കാരണം.

പാപത്തിലൊന്നും ഉൾപ്പെടാതെ, സൎവ്വവസ്തുക്കളെയുംകാൾ കൂടുതലായി ദൈവത്തെ സ്നേഹിച്ചു സേവിച്ചു ജീവിച്ചിട്ടും ദൈവം നിനക്കു ദുഃഖാരിഷ്ടതകൾ യാത്രയാക്കുന്നുവെങ്കിൽ പരത്തിൽ നിനക്കു മഹാ വലിയ ഒരു പദവി ദൈവം സജ്ജമാക്കിയിട്ടുണ്ടു് എന്നു സംശയലേശമെന്യേ പ്രതീക്ഷിക്കാം.

വാനത്തിൽ സ്ഥിതിചെയ്യുന്ന സൂൎയ്യചന്ദ്രനക്ഷത്രാദിഗോളങ്ങൾ ആകൃതിയിലും പ്രകൃതിയിലും വ്യത്യാസപ്പെട്ടിരിക്കുന്നതുപോലെ സ്വൎഗ്ഗത്തിൽ വാഴുന്ന വിശുദ്ധന്മാരുടെ നിലയും പദവിയും വ്യത്യാസപ്പെട്ടിരിക്കുന്നു. അവസാന വിധിദിവസത്തിൽ ഓരോ വ്യക്തിക്കും അവന്റെ പ്രവൃത്തികൾക്കനുസരണമായ സമ്മാനമോ ശിക്ഷയോ നൽകപ്പെടുന്നതാണെന്നു് ദിവ്യരക്ഷകൻതന്നെ നമ്മോടു് വാഗ്ദാനം ചെയ്തിട്ടുണ്ടു്. തന്റെ നിത്യപിതാവിന്റെ ഭവനത്തിൽ, സ്വൎഗ്ഗത്തിൽ, പല സൗധങ്ങൾ സജ്ജമാക്കിയിട്ടുണ്ടെന്നു താൻ നമ്മെ അറിയിച്ചിരിക്കുന്നു. നിത്യഭാഗ്യത്തിനവകാശികളായി തെരിഞ്ഞെടുക്കപ്പെടുന്ന ഓരോരുത്തൎക്കും ലഭിക്കുന്ന ആനന്ദത്തിന്റെ അളവും തരവും വ്യത്യാസപ്പെട്ടിരിക്കും. ബുദ്ധിവികാസം ലഭിക്കുന്നതിനു മുൻപു് മരിച്ചു് നിത്യഭാഗ്യത്തിനവകാശികളായിത്തീൎന്നിട്ടുള്ള പൈതങ്ങൾക്കും, അജ്ഞാനികളായോ പാപാന്ധകാരത്തിലോ ജീവിച്ചശേഷം മരണശയ്യയിൽവച്ചു മാത്രം മാനസാന്തരപ്പെട്ടവൎക്കും മോക്ഷത്തിൽ ഏറ്റം താഴ്ന്ന ഒരു സ്ഥാനമേ ലഭ്യമാകയുള്ളു. നേരെമറിച്ചു് മാലാഖാമാരോടൊപ്പമുള്ള സ്ഥാനങ്ങളെ അലങ്കരിക്കുന്നവരുമുണ്ടാകാം. അതിലും ഉപരിയായ പദവിക്കാരും ഇല്ലാതില്ല. പരി

ശുദ്ധ കന്യകമറിയംതന്നെ ഇതിനൊരുദാഹരണമാണ്. സകല വിശുദ്ധന്മാരെയും മാലാഖാമാരെയുംകാൾ ഉന്നതമായ ഒരു സ്ഥാനമത്രെ ദൈവജനനിക്കു ലഭിച്ചിരിക്കുന്നതു്.

ഇതു വായിക്കുന്ന നീ ഏതാദൃശമായ ഒരുന്നത പദവിക്കർഹനായിത്തീരാനുള്ളവനല്ലയോ എന്നു് ആരറിഞ്ഞു. അങ്ങനെയെങ്കിൽ നിനക്കു ലഭിക്കുവാനിരിക്കുന്ന ഉന്നത സ്ഥാനത്തിനു അനുയോജ്യമായ പുണ്യപൂർണ്ണത നീ പ്രാപിച്ചിരിക്കേണ്ടതാവശ്യമാകുന്നു. അതു പ്രാപിച്ചാൽ മാത്രമേ അവിടെ ഉയർന്ന നിലയിൽ എത്തിച്ചേരുവാൻ സാധിക്കുകയുള്ളു.

ഏതു വിധമാണ് താദൃശമായ പുണ്യപൂർണ്ണത പ്രാപിക്കേണ്ടതെന്നു് ഇവിടെ ഒരു പ്രശ്നത്തിനു് ന്യായമായും അവകാശമുണ്ടു്. അതിനു അത്ര വലിയ മഹൽപ്രവൃത്തികളൊന്നും ചെയ്യേണ്ടതായിട്ടില്ല പാപത്തിലൊന്നും ഉൾപ്പെടാതെയും, അനുദിന കൃത്യങ്ങൾ സ്തുത്യമായും കൃത്യമായും നടത്തിയും, കൂദാശകൾ യഥായോഗ്യം സ്വീകരിച്ചും, സൽപ്രവൃത്തികൾ ചെയ്തും കേവലം സാധാരണ രീതിയിൽ ദൈവപ്രസാദ വരത്തോടെ ജീവിച്ചാൽ ധാരാളം മതിയാകുന്നതാണ്. എന്നാൽ കിഴക്കാംതൂക്കായി നില്ക്കുന്ന ഒരു പർവ്വതാഗ്രത്തിൽ കയറിപ്പറ്റുന്നതിനു് എത്രമാത്രം പ്രയാസപ്പെടണമോ അതുപോലെതന്നെ സ്വർഗ്ഗത്തിൽ ഉന്നത പദവി കരസ്ഥമാക്കുന്നതിനും ആയുഷ്കാലത്തിൽ സധീരം ശ്രമിക്കേണ്ടിയിരിക്കുന്നു. ആജീവനാന്തം ധീരപരിശ്രമം ചെയ്തെങ്കിൽ മാത്രമേ ക്രിസ്തീയ പുണ്യപൂർണ്ണതയാകുന്ന ശൈലാഗ്രം പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ.

ഈ ധീരപരിശ്രമം നടത്തുവാൻ നിനക്കു് ആശയോ അതിനുള്ള ശക്തിയോ ഇല്ലെന്നു വരാം. ആ സ്ഥിതിക്കു് നിന്നെ കേവലം സ്വതന്ത്രനായി വിട്ടാൽ നിർദ്ദിഷ്ടസ്ഥാനത്തെത്തുകയില്ലെന്നു മാത്രമല്ല അതിനെ സമീപിക്കപോലും ചെയ്തില്ലെന്നും വരാം. അങ്ങനെ നിനക്കായി ഒരുക്കപ്പെട്ടിട്ടുള്ള നിത്യഭാഗ്യപ്രാപ്തിക്കായുള്ള നിന്റെ ഉദ്യമം തീർത്തും വിഫലമായേക്കാനുമിടയുണ്ടു്. എന്നാൽ ഈ പരമാനന്ദം പ്രാപിക്കുന്നതിൽ നീ തീർത്തും അലസനും അശ്രദ്ധനും ആയി കാണപ്പെട്ടാലും ദൈവം നിന്നെ ഉപേക്ഷിക്കുവാൻ മനസ്സാകുന്നില്ല. നിർദ്ദിഷ്ടസ്ഥാനത്തു നീ എത്തിച്ചേരണമെന്നുതന്നെ താൻ അഭിലഷിക്കുന്നു. അതിനായി നീ സ്വമനസ്സാലെ ചെയ്യുവാൻ മടിക്കുന്നതോ അധൈര്യപ്പെടുന്ന

ത്തോ ആയ പ്രവൃത്തികളിലേക്കു ദൈവം ക്രമേണ നിന്നെ ആനയിക്കുന്നു. പക്ഷേ ഇതിലേക്കു വഴി തെളിക്കുന്നതല്ലാതെ ഒരിക്കലും നിന്നെ ബലമായി താൻ നിർബന്ധിക്കുന്നതല്ല. ശാരീരിക പീഡകൾ, മനഃക്ലേശങ്ങൾ, പരീക്ഷകൾ തുടങ്ങിയ യാതനകൾ വഴിയായിട്ടത്രെ സ്വകൃത്യ നിർവ്വഹണത്തിൽ അക്ഷന്തവ്യമായ വിധം അലസരായി കാണപ്പെടുന്ന മനുഷ്യരെ ദൈവം പ്രബുദ്ധരാക്കിത്തീർക്കുന്നതു്.

മനുഷ്യന് ഓരോ അരിഷ്ടതകൾ നേരിടുന്നതിലുള്ള രഹസ്യം ഇവിടെ അത്രെ സ്ഥിതിചെയ്യുന്നതു്. ചിലപ്പോൾ ഏതാനും ദിവസത്തേക്കോ വർഷത്തേക്കോ ജീവാവസാനംവരെ തന്നെയോ നീണ്ടുനില്ക്കുന്ന രോഗങ്ങൾക്കുള്ള കാരണവും ഇതത്രെ. ജീവിതത്തിൽ പലപ്പോഴും നേരിടുന്ന നിരാശകൾക്കും, അസഹനീയമായ ദാരിദ്ര്യ ദുഃഖങ്ങൾക്കും, ശത്രുക്കളിൽനിന്നോ സ്വന്തക്കാരിൽനിന്നോ നേരിടുന്ന പീഡനങ്ങൾക്കും, ശാരീരിക പീഡകളെ തന്നെയും അതിലംഘിക്കുന്ന മാനസികമായ അസ്വാസ്ഥ്യങ്ങൾക്കും മനോവേദനകൾക്കും, വിശ്വാസസംബന്ധമായി നേരിടുന്ന ഭയങ്കര പരീക്ഷകൾക്കും, ആത്മീയ കാര്യങ്ങളിൽ തോന്നുന്ന അനാസ്ഥകൾക്കും, സർവ്വോപരി വലിയ ശരണക്കേടുകൾക്കുമുള്ള നിദാനവും ഇതല്ലാതെ മറ്റൊന്നുമല്ല. വിശ്വാസമാകുന്ന കണ്ണാടിയിൽകൂടി വീക്ഷിക്കുന്ന പക്ഷം നിർദ്ദയമെന്നു തോന്നുന്ന ഈ അനുഭവങ്ങൾ സാക്ഷാൽ ദൈവത്തിനു നമ്മുടെ നേരെയുള്ള അതിരററ വാത്സല്യത്തിൻെറ പ്രത്യക്ഷ ലക്ഷ്യങ്ങളാണെന്നു നിഷ്പ്രയാസം ഗ്രഹിക്കുവാൻ സാധിക്കും. ഇവ മൂലം ദൈവം അനാദിമുതൽ നമുക്കായി തയ്യാറാക്കിയിരിക്കുന്ന അനന്തഭാഗ്യത്തിന് അചിരേണ നമ്മെ അർഹരാക്കിത്തീർക്കുകയാണു് ചെയ്യുന്നതു്.

മുന്തിരിച്ചെടിയുടെ തണ്ടുകൾ അപ്പഴപ്പോൾ ഛേദിച്ചുകൊണ്ടിരുന്നാൽമാത്രമേ നല്ല ഫലങ്ങൾ ധാരാളമായി ഉണ്ടാവുകയുള്ളൂ. വൈരക്കല്ല് ചെത്തിമിനുസപ്പെടുത്തിയാൽമാത്രമേ ശരിയായി പ്രകാശിക്കുകയുള്ളൂ. കനകം ശുദ്ധിചെയ്തെടുത്താൽമാത്രമേ നല്ല മാററുള്ള സ്വർണ്ണം ലഭിക്കുകയുള്ളൂ. ഇതെല്ലാം നമുക്കു് അനുഭവബോധ്യമായിട്ടുള്ള വസ്തുതകളാണല്ലോ. ഇതുപോലെ തന്നെ പരത്തിൽ വിശുദ്ധന്മാരോടും മാലാഖാമാരോടും ഒരുമിച്ചിരുന്നു വാഴുന്നതിന് നമ്മുടെ ആത്മാവിനെയും ഒന്നു ചെത്തിമിനുക്കി ചില ശുദ്ധികർമ്മങ്ങളും നടത്തി എടുക്കേണ്ടിയിരിക്കുന്നു.

ഈ വസ്തുത ഒന്നുകൂടി വിശദമാക്കാം. സ്വർഗ്ഗത്തിൽ നിനക്കുള്ള നിർദ്ദിഷ്ടസ്ഥാനം ലഭിക്കുന്നതിന് ഒരായിരം ഡിഗ്രി അളവുള്ള യോഗ്യതയാണുണ്ടായിരിക്കേണ്ടതെന്നു വിചാരിക്കുക. ഇതിലേക്കു നീ സ്വയം ശ്രമിക്കുകയാണെങ്കിൽ ഇതിൽ കഷ്ടിച്ചു പകുതി യോഗ്യത പ്രാപിക്കാമോ എന്നുതന്നെ സന്ദേഹമാണ്. ഇതിൽനിന്നും നീ പ്രാപിക്കേണ്ടതും നിനക്കായി നിർദ്ദേശിച്ചിട്ടുള്ളതുമായ സ്ഥാനത്തു നീ എത്തിച്ചേരണമെങ്കിൽ പരസഹായം അവശ്യാവശ്യമാണെന്നു സിദ്ധിക്കുന്നു. ഈ സഹായം ആരിൽനിന്നും എങ്ങനെ ലഭിക്കും? ദൈവത്തിൽനിന്നും ലഭിക്കുന്ന പീഡകൾ വഴിയായിട്ടല്ലാതെ ഈ കുറവിനെ പരിഹരിക്കുവാൻ ഒരു നിവൃത്തിയുമില്ല. അതിനാൽ കർത്താവു ദയാപൂർവ്വം യാത്രയാക്കുന്ന കുരിശുകളെ ക്ഷമാപൂർവ്വം വഹിച്ചുകൊണ്ട് ഉദ്ദിഷ്ടഫലം പ്രാപിക്കുവാൻ നാം പരിശ്രമിക്കേ മതിയാവൂ.

ഒരുപക്ഷേ, പരത്തിൽ നിനക്കായി നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥാനം അനേക ലക്ഷം ഡിഗ്രി അളവുള്ള യോഗ്യതയായിരിക്കാം. അങ്ങനെയെങ്കിൽ സ്വയപരിത്യാഗം, എളിമ, ഉപവി തുടങ്ങിയ പല ക്രിസ്തീയപുണ്യങ്ങളും പരിശീലിച്ചതുകൊണ്ടുമാത്രം മതിയാകുന്നതല്ല. ഈ അവസരത്തിൽ ദൈവം നിന്നെ സഹായിക്കുവാൻ തിരുമനസ്സാകുന്നു. നിർദ്ദിഷ്ടസ്ഥാനത്തിനു നിന്നെ അർഹനാക്കിത്തീർക്കുന്നതിനു ആവശ്യമായ പുണ്യയോഗ്യതകൾ പീഡകൾവഴിയായി നിനക്കു നൽകുവാൻ താൻ തിരുച്ചിത്തമാകുന്നു. വിശുദ്ധന്മാരുടെ ജീവചരിത്രം പരിശോധിച്ചാൽ ഈ വാസ്തവം ബോധ്യമാകുന്നതാണ്. ഇഹത്തിൽവച്ച് ഏററം വലിയ പീഡകൾക്കു വിധേയരാക്കപ്പെട്ടവർക്ക് പരത്തിൽ വലിയ ഉന്നതപദവികൾ താൻ നൽകിയിരിക്കുന്നു. "ഒരു വാത്സല്യപിതാവ് സ്വപുത്രനെ ശിക്ഷിച്ച് സംതൃപ്തനാകുന്നതുപോലെ, താൻ അതിയായി സ്നേഹിക്കുന്ന ആത്മാവിനെ ദൈവം ശിക്ഷിക്കയും ഒരു നല്ല പിതാവിനെപ്പോലെ അവനിൽ പ്രസാദിക്കയും ചെയ്യുന്നു" എന്നുള്ള വിശുദ്ധ ലിഖിതത്തിലെ വാക്കുകൾ എത്രയോ അർത്ഥവത്തായിരിക്കുന്നു എന്ന് ആലോചിച്ചു നോക്കുക

സഹനത്തെപ്പററിയുള്ള ഈ വാസ്തവം ശരിയായി ഗ്രഹിക്കുന്നപക്ഷം സഹനവേളകളിൽ നിരാശയ്ക്കും ശരണക്കേടിനും പകരം എത്രയും വലിയ ആനന്ദമായിരിക്കും നമുക്കുണ്ടാകുക. നമ്മിൽ ഓരോരുത്തരുടെയും ഭാവി ശ്രേയസ്സിനുവേണ്ടി അതീവ

വാത്സല്യത്തോടെ നമുക്കു് ഇത്ര വലിയ ഉപകാരങ്ങൾ ചെയ്യുന്ന ആ പിതാവിനോട്ടു് നാം എത്രമാത്രം കൃതജ്ഞരായിരിക്കണമെന്നു് ചിന്തിച്ചുനോക്കുക. അതിനാൽ ക്ഷണഭംഗുരമായ ഈലോകജീവിതത്തിനിടയിൽ ദുഃഖാരിഷ്ടതകളാകുന്ന കുരിശുകൾ നേരിടുമ്പോൾ ദൈവപരിപാലനയുടെ ഉദ്ദേശം ഗ്രഹിക്കാതെ പിറുപിറുക്കുകയോ, നിരാശയിൽ നിമഗ്നരാവുകയോ ചെയ്യുന്നതു് എത്ര മൗഢ്യവും കൃതഘ്നതയുമായിരിക്കുന്നു? കുരിശുകളെ വെറുക്കുന്നതിനു പകരം അവയെ സ്വാഗതമരുളുക. ഭാഗ്യവൈശിഷ്ട്യത്തിന്റെ നിദാനമായ കുരിശുകളെ സസന്തോഷം ആശ്ലേഷിക്കുക. അവ നിനക്കു നൽകിയതിനു ദൈവത്തോടു കൃതജ്ഞത പ്രദർശിപ്പിക്കുക. അജ്ഞതനിമിത്തമത്രെ പീഡകൾക്കിടയാകുമ്പോൾ നാം നിരാശക്കധീനരാകുന്നതു്. അവയുടെ ഉദ്ദേശ്യം ശരിയായി ഗ്രഹിച്ചുകഴിഞ്ഞാൽ നാമും വി. ത്രേസ്യായെ അനുകരിച്ചു് "കർത്താവേ മരിക്കുവാനല്ല; പാടുപെടുവാനത്രെ ഞാൻ ആഗ്രഹിക്കുന്നതു്" എന്നു പ്രാർത്ഥിക്കാതെയിരിക്കയില്ല.

പീഡകളുടെ നിദാനങ്ങളെപ്പററിയുള്ള പരിചിന്തനത്തിൽ നിന്നു വിരമിക്കുന്നതിനു മുൻപായി ലക്ഷോപലക്ഷം മാലാഖാമാരുടേയും പരിശുദ്ധന്മാരുടേയും ആസ്ഥാനമായിരിക്കുന്ന ആ നിത്യാനന്ദഭവനത്തെ നമ്മുടെ ഭാവനയിൽ നമുക്കൊന്നു വീക്ഷിക്കാം. നിത്യാനന്ദജീവിതത്തെ ഉദ്ദേശിച്ചു് ലൗകികസുഖസന്തോഷങ്ങളെ പരിത്യജിച്ചു് ദൈവസ്നേഹത്തെപ്രതി ജഡികേച്ഛകളോടും ദുരാശകളോടും ആജീവനാന്തം ധീരധീരം പോരാടി തങ്ങൾക്കു അനുഭവപ്പെട്ട ദുഃഖാരിഷ്ടതകളാകുന്ന കുരിശുകളെ സസന്തോഷം സ്വീകരിച്ചു് ലോകത്തിൽ ജീവിച്ചിരുന്ന വിശുദ്ധാത്മാക്കൾ ഇന്നിതാ മനുഷ്യചിന്തകതീതമായവിധത്തിലുള്ള സന്തോഷസൗഭാഗ്യങ്ങൾ അനുഭവിക്കുന്നു. ഹാ! അവർ എത്ര ഭാഗ്യവാന്മാർ! എന്തുകൊണ്ടെന്നാൽ, വി. പൗലോസിന്റെ വാക്കുകളിൽ "കണ്ണു കണ്ടിട്ടില്ലാത്തതും ചെവികേട്ടിട്ടില്ലാത്തതും മനുഷ്യന്റെ ഹൃദയത്തിൽ പ്രവേശിച്ചിട്ടില്ലാത്തതും" ആയ പരമാനന്ദമത്രെ അവർ അവിടെ അനുഭവിക്കുന്നതു്. തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി ദൈവം ഒരുക്കിവച്ചിരിക്കുന്ന മഹാഭാഗ്യത്തെപ്പററി മനുഷ്യനു് സങ്കല്പിക്കുവാൻതന്നെയും സാദ്ധ്യമല്ല. ഇഹത്തിൽ അവർ അനുഭവിച്ച ദുരിതങ്ങളെ നിത്യത്വത്തിലെ പരമാനന്ദവുമായി തുലനം ചെയ്യുമ്പോൾ, ലൗകികദുഃഖങ്ങൾ എത്രയോ നിസ്സാരം!

# പീഡാനുഭവത്തിൽ നമ്മുടെ മാതൃകകൾ.

## 1. നീതിമാനായ വി. യോബ്

അസഹനീയമായ കഷ്ടാരിഷ്ടതകളെ, ദൈവതിരുമനസ്സിനു സംപൂർണ്ണമായും വിധേയമായി, വിസ്മയനീയമായ ക്ഷമയോടെ സഹിക്കുന്നതിനു് വി. യോബിന്റെ നാമധേയം ഒരു പര്യായ ശബ്ദം തന്നെ ആയിത്തീർന്നിട്ടുണ്ടു്.

പാപമാലിന്യത്തിൽ ഉൾപ്പെടാതെ ദൈവത്തെ സ്നേഹിച്ചു് ജീവിച്ചിരുന്ന ഒരു സാധാരണക്കാരൻ എന്നത്രെ ഈ വിശുദ്ധനെപ്പറ്റി വി. ലിഖിതങ്ങളിൽ രേഖപ്പെടുത്തിട്ടുള്ളതു്. ഇദ്ദേഹത്തിനു് ഏഴു പുത്രന്മാരും മൂന്നു പുത്രികളും ഒട്ടേറെ സമ്പത്തുമുണ്ടായിരുന്നു. എന്നാൽ ഒരു സമ്പന്നനെന്ന നിലയിലല്ല പ്രത്യുത ഒരു ദൈവഭക്തൻ എന്ന നിലയിലത്രെ യോബ് പലർക്കും അറിയപ്പെട്ടിരുന്നതു്. ഇങ്ങനെ മാതൃകാപരമായി ജീവിച്ചുവരികയിൽ ഇദ്ദേഹത്തെ ഒന്നു പരീക്ഷിപ്പാൻ ദൈവം തിരുമനസ്സായി. ആകസ്മികമായി നേരിട്ട ചില കാരണങ്ങളാൽ യോബിന്റെ സ്വത്തു് മുഴുവൻ നശിച്ചു. സന്താനങ്ങളെല്ലാം മൃതിയടയുകയും ചെയ്തു. എന്നാൽ അത്ഭുതമെന്നേ പറയേണ്ടൂ, യോബിന്റെ വിശ്വാസസ്ഥിരത പൂർവ്വാൽ വർദ്ധിച്ചതല്ലാതെ അതിനു് തെല്ലും ഭംഗം നേരിട്ടില്ല. തനിക്കു നേരിട്ട നിർഭാഗ്യങ്ങളെപ്പറ്റി ഒരിക്കലെങ്കിലും അതൃപ്തി പ്രദർശിപ്പിച്ചിരുന്നുമില്ല.

നിർഭാഗ്യങ്ങളെല്ലാം വിസ്മയനീയമായ ക്ഷമയോടെ യോബ് സഹിച്ചു. "നഗ്നനായി ഞാൻ ഈ ലോകത്തിൽ വന്നു നഗ്നനായി തിരിച്ചു പോവുകയും ചെയ്യും. ദൈവം തന്നു ദൈവം എടുത്തു തന്റെ തിരുച്ചിത്തം നിറവേറട്ടെ. തന്റെ തിരുനാമം ആശീർവ്വദിക്കപ്പെട്ടതാകട്ടെ" എന്നു പറഞ്ഞു് അദ്ദേഹം സ്വയം സമാശ്വസിച്ചിരുന്നു. എന്നാൽ ഇതുകൊണ്ടും പരീക്ഷ അവസാനിച്ചില്ല. യോബിന്റെ കേശാദിപാദം കുഷ്ഠരോഗം ബാധിച്ചു. മൺപാത്രത്തിന്റെ ഒരു കഷണംകൊണ്ടു് യോബ് വ്രണം ചുരണ്ടിക്കൊണ്ടിരുന്നു. എന്നിട്ടും ഈ വിശുദ്ധൻ ഭഗ്നാശനാകയോ തന്റെ വിശ്വാസത്തിൽനിന്നും വ്യതിചലിക്കയോ ചെയ്തില്ല. ഇത്രയുമായിട്ടും ദൈവത്തിൽമാത്രം ശരണപ്പെട്ടുകൊണ്ടിരിക്കുന്ന

തിനെപ്പററി സ്വന്തഭാൎയ്യ വിശുദ്ധനെ ഭത്സിക്കുവാൻ തുടങ്ങി. എന്നാൽ അദ്ദേഹമാകട്ടെ "നീ എന്തുകൊണ്ടു ഭോഷികളെപ്പോലെ സംസാരിക്കുന്നു. ദൈവത്തിൽനിന്നും നമുക്കു നന്മ സ്വീകരിക്കാമെങ്കിൽ, എന്തുകൊണ്ടു കഷ്ടതയും സ്വീകരിച്ചുകൂടാ" എന്നു പറഞ്ഞു ഭാൎയ്യയെ ശകാരിക്കയാണുണ്ടായതു്.

ഇങ്ങനെ ദൈവതിരുമനസ്സിനു സംപൂൎണ്ണമായി കീഴ്വഴങ്ങുന്ന കാൎയ്യത്തിൽ യോബു് ഭാവിതലമുറക്കാൎക്കു് ഒരു ഉത്തമമാതൃകയായി പരിലസിച്ചു. നമുക്കാണെങ്കിൽ പീഡാനുഭവത്തിൽ മാതൃകകളായി ദിവ്യരക്ഷകനുണ്ടു്. പുണ്യത്തിൽ സ്ഥിരമായി നില്ക്കുന്നതിനു വി. കൂദാശകൾവഴിയായി വേണ്ട ദൈവപ്രസാദവരം സമ്പാദിക്കുവാൻ ധാരാളം വഴികളുമുണ്ടു്. നീതിമാനായ വി. യോബിനാകട്ടെ ഈ അനുകൂലസാഹചൎയ്യങ്ങളൊന്നുംതന്നെ ഇല്ലായിരുന്നു. എന്നിട്ടും തന്റെ വിശ്വാസത്തിനു കോട്ടം ഭവിപ്പിക്കാതെ അതിനെ പരിരക്ഷിച്ചതിൽ അത്ഭുതപ്പെടുകതന്നെ ചെയ്യേണ്ടിയിരിക്കുന്നു.

## 2. വി. വലിയ തോബിയാസ്

നിരന്തരമായ പീഡകൾക്കിടയിൽ വിസ്മയനീയവും അന്യാദൃശവുമായ ക്ഷമയോടെ ദൈവതിരുമനസ്സിനു് സ്വയം കയ്യാളിച്ച ഒരു മഹാത്മാവാണു് വലിയ തോബിയാസ്. അനുകരണീയവും കളങ്കരഹിതവുമായ ഒരു ജീവിതം നയിച്ചിരുന്ന ഈ വിശുദ്ധൻ യഥാൎത്ഥത്തിൽ ഇഹത്തിൽതന്നെയും സമാധാനപരമായ ഒരു ജീവിതത്തിനു് അൎഹനായിരുന്നു. എങ്കിലും, അനുഭവം മറിച്ചായിരുന്നു. ദുഃഖാരിഷ്ടതകളാൽ കഠിനകഠിനമായ പരീക്ഷകൾക്കു് ദൈവം ഇദ്ദേഹത്തെ വിധേയനാക്കി.

ബാല്യംമുതൽക്കുതന്നെ ദൈവപ്രമാണങ്ങളെ അക്ഷരംപ്രതി അനുസരിക്കുന്നതിനു് തോബിയാസ് അനിതരസാധാരണമായ അഭിരുചി പ്രദൎശിപ്പിച്ചുപോന്നു. തന്റെ അയൽക്കാരും സ്വദേശികളുമെല്ലാം വിഗ്രഹാരാധനക്കാരായിത്തീൎന്നിട്ടും തോബിയാസ് തന്റെ വിശ്വാസത്തിൽ അചഞ്ചലനായി നിന്നു. കൂട്ടുകാരെല്ലാം വിഗ്രഹങ്ങളെ ആരാധിച്ചിരുന്നപ്പോഴും തോബിയാസ് പഴയപടി ഓൎശ്ലേം ദേവാലയത്തിൽപോയി സത്യദൈവത്തെ ആരാധിച്ചുകൊണ്ടിരുന്നു. കടിഞ്ഞൂൽഫലവും ദശാംശം മുടക്കംകൂടാതെ ദേവാലയത്തിലേക്കു നൽകിക്കൊണ്ടിരുന്നു. മൂന്നാംകൊ

ള്ളംതോറും കടിഞ്ഞൂൽ ഫലങ്ങൾ പരദേശികൾക്കു നൽകുന്ന പതിവിനും മുടക്കം വരുത്തിയില്ല. തന്റെ പുത്രനെ ചെറുപ്പം മുതൽ ദൈവസ്നേഹത്തിൽ വളൎത്തിക്കൊണ്ടുവന്നു. എന്നാൽ തോബിയാസിന്റെ രാജ്യക്കാരെ ദൈവം പൊതുവേ ശിക്ഷിച്ചപ്പോൾ അവരുടെ പാപത്തിൽ ഒരു പങ്കാളിയല്ലായിരുന്ന തോബിയാസിനെ ദൈവം പൊതുശിക്ഷയിൽനിന്നും ഒഴിവാക്കിയില്ല. ഇതരന്മാരോടൊരുമിച്ചു് അദ്ദേഹവും ഒരു തടവുകാരനായി പിടിക്കപ്പെട്ടു് ബാബിലോണിലേക്കു കൊണ്ടുപോകപ്പെട്ടു.

തനിക്കർഹമല്ലാതിരുന്ന ഈ ദുരനുഭവം നേരിട്ടിട്ടും തോബിയാസിന്റെ വിശ്വാസത്തിനു ഭംഗം നേരിടാതെ അതു പൂൎവ്വവൽ സുദൃഢമാകയാണുണ്ടായതു്. അടിമയായി ജീവിച്ചിരുന്ന ഘട്ടത്തിലും സ്വന്തശക്തിക്കനുസരണമായ വിധം അന്യൎക്കു് അന്നവസ്ത്രാദികൾ നൽകിയിരുന്നു. മരിക്കുന്നവരുടെയും കൊല്ലപ്പെടുന്നവരുടെയും മൃതശരീരങ്ങൾ യഥായോഗ്യം സംസ്കരിക്കുന്നതിൽ തോബിയാസ് അതീവശ്രദ്ധാലുവായി വൎത്തിച്ചിരുന്നു. ഒരു ദിവസം ഭക്ഷണത്തിനിരിക്കയിൽ ഒരു മനുഷ്യൻ കൊല്ലപ്പെട്ടതായി അറിവുലഭിച്ചു. തൽക്ഷണം ഭക്ഷണമുപേക്ഷിച്ചു് ആ കൊല്ലപ്പെട്ടവന്റെ മൃതശരീരം അന്വേഷിച്ചു പുറപ്പെട്ടു. മേലാൽ മൃതശരീരങ്ങൾ സംസ്കരിച്ചുകൂടാ എന്നു് രാജകല്പന ഉണ്ടായ നാൾ മുതൽ തോബിയാസ് സ്വജീവനെപ്പോലും ഉപേക്ഷിച്ചുകൊണ്ടു് രഹസ്യമായി തന്റെ പരസ്നേഹപ്രവൃത്തി നടത്തിക്കൊണ്ടിരുന്നു.

ഇത്രയുമായിട്ടും തോബിയാസിന്റെ കഷ്ടതകൾക്കു ശമനമുണ്ടായില്ല. തന്റെ സൽപ്രവൃത്തികൾക്കുള്ള പ്രതിഫലമോ എന്നു തോന്നുമാറു് വീണ്ടും വീണ്ടും ദൈവം ഈ മഹാത്മാവിനു കൂടുതൽ കൂടുതൽ കഷ്ടതകൾ യാത്രയാക്കുകയാണുണ്ടായതു്. ഒരു ദിവസം പതിവുപോലെ മൃതശരീരങ്ങൾ സംസ്കരിച്ചശേഷം ക്ഷീണിച്ചു അവശനായി സ്വഗൃഹത്തിൽ മടങ്ങി എത്തി വിശ്രമിക്കുകയിൽ മുകളിൽ തൂങ്ങികിടന്നിരുന്ന ഒരു കുരികിൽ കൂട്ടിൽനിന്നും കാഷ്ഠം കണ്ണിൽ വീഴുകയും തൽഫലമായി തോബിയാസു് അന്ധനായിത്തീരുകയും ചെയ്തു. ഈ മഹാവിപത്തും ദൈവപരിപാലനയിൽ ദൃഢമായി വിശ്വസിച്ചിരുന്ന അദ്ദേഹത്തിന്റെ ദൈവവിശ്വാസത്തെ ശിഥിലീഭവിപ്പിക്കുന്നതിനു പകരം അതിനെ പൂൎവ്വവൽ ദൃഢീകരിക്കുകയാണു് ചെയ്തതു്. ഈ പരീക്ഷയെയും

വിശുദ്ധൻ എതിരിട്ടു് വിജയശ്രീലാളിതനായി. വിശുദ്ധലിഖിതങ്ങൾ ഇതെപ്പററി ഇങ്ങനെ പറയുന്നു:–

"ഭാവി തലമുറക്കാക്കു് ഒരു മാതൃകയായി യോബിനു യാത്രയാക്കിയതുപോലെ തോബിയാസിനും ഈ ക്ലേശം നേരിടാൻ കർത്താവു ചിത്തമായി. ശൈശവംമുതൽ സദാ ദൈവത്തെ ഭയപ്പെട്ടും തന്റെ പ്രമാണങ്ങളെ അനുസരിച്ചും പോന്നിരുന്നതിനാൽ അന്ധതാരിഷ്ടത നേരിട്ടപ്പോൾ അദ്ദേഹം ദൈവത്തോടു് എതിർക്കാതെ ദൈവത്തിനു തന്റെ ജീവിതത്തിലെ എല്ലാ ദിവസവും സ്തോത്രം ചെയ്തുകൊണ്ടു ദൈവഭയത്തിൽ അചഞ്ചലനായി നില്ക്കുകയാണുണ്ടായതു്. രാജാക്കന്മാർ ധന്യനായ യോബിനെ നിന്ദിച്ചിരുന്നതുപോലെ തോബിയാസിന്റെ ബന്ധുമിത്രങ്ങൾ തോബിയാസിനെയും ആക്ഷേപിച്ചുകൊണ്ടിരുന്നു. 'നീ ധർമ്മം ചെയ്കയും മരിച്ചവരെ സംസ്കരിക്കുകയും ചെയ്തിരുന്നല്ലോ. നിന്റെ ശരണം ഇപ്പോൾ എവിടെ?' എന്നു് അവർ ചോദിച്ചിരുന്നു. ഇതിനു മറുപടിയായി 'അങ്ങനെ പറയരുതെ നാം വിശുദ്ധന്മാരുടെ സന്താനങ്ങളത്രെ ദൈവത്തിലുള്ള വിശ്വാസത്തിൽനിന്നും ഒരിക്കലും വ്യതിചലിക്കാതെ ജീവിക്കുന്നവർക്കു് താൻ നൽകുവാനിരിക്കുന്ന ആ (നിത്യ) ജീവനെയാണു് നാം പ്രതീക്ഷിച്ചിരിക്കേണ്ടതു്" എന്നു പറഞ്ഞുകൊണ്ടു് തോബിയാസു് അവരെ ശാസിക്കയാണു ചെയ്തതു്."

യഥാർത്ഥമായ ദൈവവിശ്വാസത്തിന്റെ പ്രതിഫലനമത്രെ ഇവിടെ നാം കാണുന്നതു്. ഈ വിശുദ്ധാത്മാവിനു് പ്രവൃത്തിക്കൊത്ത ഫലം ഇഹത്തിൽവെച്ചുതന്നെ ദൈവം നൽകാതെയുമിരുന്നില്ല. ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ റപ്പായേൽ മാലാഖാ അത്ഭുതകരമായി തോബിയാസിന്റെ അന്ധത നീക്കി. തദവസരത്തിൽ മാലാഖാ തോബിയാസിനോടു് ഇങ്ങനെ പറയുകയുണ്ടായി. "നീ ദൈവത്തിനു പ്രിയപ്പെട്ടവനായിരുന്നതിനാൽ പരീക്ഷകളാൽ നിന്നെ പരീക്ഷിക്കേണ്ടതാവശ്യമായിരുന്നു."

പൊതുശിക്ഷാ വേളകളിൽ അനുവർത്തിക്കേണ്ട വിധവും ഈ വിശുദ്ധനിൽനിന്നും നാം കണ്ടുപഠിക്കേണ്ടിയിരിക്കുന്നു. ഭാര്യ ശാസനാരൂപത്തിൽ തോബിയാസിനോടു് ഇങ്ങനെ പറഞ്ഞു: "നിങ്ങളുടെ ശരണം നിഷ്ഫലമാണെന്നു് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. അതുപോലെതന്നെ നിങ്ങളുടെ ധർമ്മവും." ഇതുകേട്ട

ഉടൻ അശ്രുകണങ്ങൾ വീഴ്ത്തിക്കൊണ്ടും നെടുവീർപ്പിട്ടുകൊണ്ടും തോബിയാസ് ഇങ്ങനെ പ്രാർത്ഥിക്കുവാൻ തുടങ്ങി:—

"കർത്താവേ! നീ നീതിമാനാകുന്നു. നിന്റെ ന്യായവിധികൾ നീതിപരവുമാകുന്നു. നിന്റെ വഴികളെല്ലാം അനുഗ്രഹവും സത്യവും നീതിയുമായിരിക്കുന്നു. കർത്താവേ! എന്നെ നീ ഓർക്കേണമേ, എന്റെ പാപങ്ങൾക്കു നീ പ്രതികാരം ചെയ്യരുതേ. എന്റെയോ എന്റെ മാതാപിതാക്കന്മാരുടേയോ പാപങ്ങളെ നീ ഓർക്കരുതേ. എന്തെന്നാൽ ഞങ്ങൾ നിന്റെ പ്രമാണങ്ങളെ അനുസരിച്ചില്ല. അതിനാൽ അപഹരണത്തിനും, അടിമത്വത്തിനും, മരണത്തിനും ഞങ്ങൾ വിധേയരാക്കപ്പെട്ടിരിക്കുന്നു. ഞങ്ങൾ ആരുടെ ഇടയിൽ ചിതറിക്കപ്പെട്ടിരിക്കുന്നുവോ ആ ജനങ്ങളുടെ എല്ലാം ആക്ഷേപത്തിനും അവഹേളനത്തിനും പാത്രമാക്കപ്പെട്ടുമിരിക്കുന്നു. കർത്താവേ! നിന്റെ ന്യായവിധികൾ വലുതാകുന്നു. എന്തെന്നാൽ ഞങ്ങൾ നിന്റെ പ്രമാണങ്ങൾ അനുസരിച്ച് പ്രവർത്തിച്ചില്ല. നിന്റെ സന്നിധിയിൽക്കൂടി നടന്നുമില്ല"

ഈ മനോനിലയിൽത്തന്നെ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് താൻ യാത്രയാകുന്ന ദുരിതങ്ങളെ തങ്ങളുടെ പാപങ്ങൾക്കുള്ള ശിക്ഷയായി കരുതി അവയെ സന്തോഷപൂർവ്വം സ്വീകരിച്ച് ദൈവത്തിനു കാഴ്ചയായി സമർപ്പിക്കുവാൻ തോബിയാസ് സ്വജനങ്ങളോടും അനുസ്യൂതം ഉപദേശിച്ചിരുന്നു. "കർത്താവേ നീ എന്നെന്നും വലിയവനാകുന്നു. നിന്റെ രാജ്യം എന്നേക്കും നിലനില്ക്കുകയും ചെയ്യും. എന്തെന്നാൽ അവിടുന്ന് ശിക്ഷയും രക്ഷയും ഒരുപോലെ നിർവ്വഹിക്കുന്നു. നീ പാതാളത്തിലേക്കു നയിക്കുകയും അവിടെനിന്നും വീണ്ടും പുറത്തേക്കു കൊണ്ടുവരികയും ചെയ്യുന്നു. നിന്റെ കരത്തിൽനിന്നും രക്ഷപെടുവാൻ ആർക്കും സാധിക്കുന്നതല്ല. ഇസ്രായേൽ സന്തതികളേ, കർത്താവിനെ വാഴ്ത്തുവിൻ. പുറജാതിക്കാരുടെ ദൃഷ്ടിപഥത്തിൽ നിങ്ങൾ തന്നെ പുകഴ്ത്തുവിൻ. എന്തെന്നാൽ തന്റെ അത്ഭുതകൃത്യങ്ങളെ പ്രകീർത്തിച്ച് താനല്ലാതെ സർവ്വശക്തനായ മറ്റൊരു ദൈവമില്ലെന്നുതന്നെ അറിയാതെ ജീവിക്കുന്നവരെ അറിയിക്കുവാൻ വേണ്ടിയത്രെ നിങ്ങളെ ദൈവം അവരുടെ ഇടയിൽ ആക്കിയിരിക്കുന്നത്. നമ്മുടെ പാപങ്ങൾ നിമിത്തം താൻ നമ്മെ ശിക്ഷിച്ചു. എന്നാൽ തന്റെ അനന്തദയ നിമിത്തം താൻ നമ്മെ രക്ഷിക്കും. താൻ

നമ്മോട് എന്തു ചെയ്തു എന്നു കണ്ടാലും. ഭയത്തോടും വിറയലോടുംകൂടി തന്നെ നിങ്ങൾ വാഴ്ത്തുവിൻ. നിങ്ങളുടെ സകല പ്രവൃത്തികളിലും നിത്യനായ മഹിമയുടെ രാജാവിനെ പുകഴ്ത്തുവിൻ. ഞാനാകട്ടെ, എൻെറ അടിമത്വത്തിലും തന്നെ സ്തുതിക്കും. എന്തെന്നാൽ പാപിയായ ഒരു ജനസഞ്ചയത്തിൻെറ നേരെ താൻ തൻെറ രാജകീയമായ പ്രതാപം പ്രദർശിപ്പിച്ചു. പാപികളെ നിങ്ങൾ മാനസാന്തരപ്പെടുവിൻ. തൻെറ അനുഗ്രഹം നമ്മുടെ പേരിൽ ഉണ്ടാകുമെന്നു ശരണപ്പെട്ടുകൊണ്ട് ദൈവസന്നിധിയിൽ നിങ്ങളുടെ പാപങ്ങൾക്കുവേണ്ടി നിങ്ങൾ പരിഹാരം ചെയ്യുവിൻ. ഞാനും എൻെറ ആത്മാവും തന്നോടുകൂടി സന്തോഷിക്കും."

ഇഹത്തിൽ പുണ്യപൂർണ്ണതയും പരത്തിൽ ഉന്നത ഭാഗ്യവും പ്രാപിക്കുന്നതിന് പീഡകൾ സഹിക്കേണ്ടതിൻെറ അപരിത്യാജ്യതയെ പ്രസ്പഷ്ടമാക്കുന്ന ഒരു മകുടോദാഹരണം തന്നെയാണ് വിശുദ്ധനായ തോബിയാസ് എന്നു ഇതിൽനിന്നും വിശദമാണല്ലോ.

## 3. വി. ലിദ്വീനാ

ദൈവതിരുമനസ്സിനു പരിപൂർണ്ണമായും വിധേയമായിക്കൊണ്ട് അനന്തമായ പീഡകൾ അന്യാദൃശമായ ക്ഷമയോടെ സഹിച്ചിട്ടുള്ളതിനു വേറൊരുദാഹരണമാണ് വി. ലിദ്വീനാ. ഈ വിശുദ്ധ 1380-ൽ ഹോളണ്ടിലെ ഒരു ചെറിയ പട്ടണത്തിൽ ഭൂജാതയായി. ചെറുപ്പത്തിൽ അതീവ രൂപലാവണ്യവതിയായിരുന്നതിനാൽ പല യുവാക്കന്മാരും ലിദ്വീനായുടെ ഭർത്തൃപദം കാംക്ഷിക്കുകയും അതിനായി അക്ഷീണം പരിശ്രമിക്കുകയും ചെയ്തിരുന്നു. ദൈവപ്രസാദവരത്തിൽ പൂരിതയായിരുന്ന ഈ കന്യകയാകട്ടെ ലോകത്തെയും ക്ഷണഭംഗുരമായ അതിൻെറ സുഖസന്തോഷങ്ങളെയും അത്യന്തം വെറുത്തിരുന്നു. കന്യാവ്രതത്തിനു ഭംഗം വരുത്താതെ നിത്യകന്യകയായി ജീവിച്ചുകൊണ്ട് സ്വയം ദൈവസ്തുതിക്കായി ബലി അർപ്പിക്കുവാൻ ഈ ബാലിക തീർച്ചയാക്കി. തൻെറ ആകാരസൗകുമാര്യവും ഉദ്ദേശസാദ്ധ്യത്തിനു പ്രതിബന്ധമാകാതിരിപ്പാൻവേണ്ടി അതു തനിക്കു നഷ്ടപ്പെടുത്തണമേ എന്നു് ഈ സുകൃതിനി ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവം ലിദ്വീനായുടെ പ്രാർത്ഥന കേൾക്കുകയും ചെയ്തു.

പതിനഞ്ചാമത്തെ വയസ്സിൽ സഖികളുമൊരുമിച്ച് മഞ്ഞുകട്ടകൾക്കിടയിൽ കളിച്ചുകൊണ്ടിരിക്കുകയിൽ ലിദ്വീനാ മറിഞ്ഞുവീണ് വലതുവശത്തെ ഒരു വാരിഎല്ല് ഒടിഞ്ഞുപോയി. പിന്നീട് അടിക്കടി നേരിടുവാനിരുന്ന അനിഷ്ടാനുഭവങ്ങളുടെ ഒരു നാന്ദിമാത്രമായിരുന്നു ഈ സംഭവമെന്നു പിൽക്കാലത്തെ അനുഭവങ്ങളിൽനിന്നും അനുമിക്കേണ്ടിയിരിക്കുന്നു. വിദഗ്ദ്ധന്മാരായ പല ഭിഷഗ്വരന്മാർ ശ്രമിച്ചിട്ടും ലിദ്വീനായുടെ വലതുവശത്തുണ്ടായ വ്രണം സുഖപ്പെടുത്തുവാൻ കഴിഞ്ഞില്ല. കാലാന്തരത്തിൽ ഈ വ്രണം ശരീരത്തിന്റെ ഇതരഭാഗങ്ങളിലേക്കും വ്യാപിക്കുകയുണ്ടായി.

ആദ്യകാലങ്ങളിൽ തീവ്രമായ വേദന സഹിച്ചുകൊണ്ടെങ്കിലും കുറേശ്ശെ നടക്കുവാൻ സാധിച്ചിരുന്നു. എന്നാൽ അവസാനകാലങ്ങളിൽ– 33 വർഷക്കാലത്തേക്ക്– ശയ്യയിൽതന്നെ കഴിച്ചുകൂട്ടേണ്ടിവന്നു. നാളുകൾ കഴിയുന്തോറും ലിദ്വീനായുടെ ശാരീരികപീഡകൾ വർദ്ധിച്ചുകൊണ്ടിരുന്നു. വ്രണം വ്യാപിച്ചതിനോടുകൂടി വേദന അധികരിച്ചു. ശിരസ്സും ഒരു കയ്യുമല്ലാതെ മറ്റവയവങ്ങളൊന്നും ഇളക്കുവാൻപോലും വഹിയാതെയായി. ഈ സ്ഥിതിയിൽ പതിനേഴു സംവത്സരക്കാലം ലിദ്വനാ കഴിച്ചുകൂട്ടി.

അസ്വാസ്ഥ്യകാരണമായ ശാരീരിക വേദനകൾക്കു പുറമെ അതിക്ലേശമായ ദാരിദ്ര്യദുഃഖവും ഈ വിശുദ്ധ അനുഭവിക്കേണ്ടിയിരുന്നു. കപടഭക്തയെന്നും മറ്റും പറഞ്ഞ് ചിലർ അവളെ പലവിധത്തിൽ പീഡിപ്പിച്ചിരുന്നു. ഈ വിഷമതകൾ പുണ്യവതിക്കു ചില മനശ്ചാഞ്ചല്യങ്ങൾക്കുതന്നെയും അവസരം നല്കാതിരുന്നില്ല. എങ്കിലും തന്റെ ആത്മീയോപദേഷ്ടാവിന്റെ അവസരോചിതമായ ഉപദേശങ്ങൾ അനുസരിച്ചു മിശിഹായുടെ പീഡാനുഭവങ്ങളെപ്പറ്റി ചിന്തിക്കയും, കഴിവുള്ളപ്പോഴെല്ലാം ദിവ്യകാരുണ്യം സ്വീകരിക്കയും ചെയ്തിരുന്നതുനിമിത്തം ലിദ്വീനായ്ക്കു അതിയായ ആശ്വാസവും അരിഷ്ടതകൾ ദിവ്യരക്ഷകനെപ്രതി സന്തോഷപൂർവ്വം സഹിക്കുന്നതിനുള്ള സഹനശക്തിയും ലഭിച്ചിരുന്നു.

ഇങ്ങനെ മുപ്പത്തിഎട്ടു സംവത്സരം മിശിഹായെപ്രതി കഷ്ടതകൾ സഹിച്ചശേഷം 1433-ൽ 53-ാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ച ലിദ്വീനായെ 1890 മാർച്ച് 14-ാംനു- 13-ാം ലെയോൻ മാർപ്പാപ്പാ ഒരു വിശുദ്ധയായി പ്രഖ്യാപനം ചെയ്തു

## 4. കുരിശിൻെറ വി. യോഹന്നാൻ.

ദൈവസ്നേഹത്തെപ്രതി പീഡകൾക്കു് എന്നും സസന്തോഷം സ്വാഗതമരുളിയ വേറൊരു ദേഹമാണു് കുരിശിൻെറ വി. യോഹന്നാൻ. അമ്മത്രേസ്യാപുണ്യവതിയുടെ സമകാലീനനും സഹപ്രവർത്തകനുമായിരുന്ന ഈ വന്ദ്യൻ വളരെ ചെറുപ്പത്തിൽ തന്നെ സ്വയം ദൈവത്തിനു ബലികഴിപ്പാൻ തീരുമാനിച്ചു. കുറേക്കാലം ആശുപത്രികളിൽ ആതുരശുശ്രൂഷചെയ്തു ജീവിച്ചു. അവിടെ ഏററവും നികൃഷ്ടമായ ജോലികൾതന്നെയും ചെയ്വാൻ മടിച്ചിരുന്നില്ല. അനന്തരം കർമ്മലീത്താസഭയിൽ ഒരംഗമായിച്ചേർന്നു് സന്യാസിയായിത്തീർന്നതോടുകൂടി സ്രഷ്ടാവിനോടുള്ള സ്നേഹാതിരേകം നിമിത്തം അതികഠിനമായ ഒരു തപോജീവിതം ആരംഭിച്ചു്, ശരീരത്തെ പീഡിപ്പിച്ചുപോന്നു. പീഡാനുഭവത്തിലുണ്ടായിരുന്ന അഭിവാഞ്ഛനിമിത്തം കുരിശിൻെറ യോഹന്നാൻ എന്ന നാമധേയവും സ്വീകരിച്ചു. അതിനുശേഷം "മിശിഹായ്ക്കുള്ളവർ തങ്ങളുടെ ജഡത്തെ അതിൻെറ ദുരാശാപാശങ്ങളോടും ദുരിച്ഛകളോടുംകൂടി ക്രൂശിച്ചിരിക്കുന്നു" എന്നും "ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു" എന്നുമുള്ള വി. പൗലോസിൻെറ വാക്യങ്ങളെ തൻെറ മുദ്രാവാക്യമായി സ്വീകരിച്ചുകൊണ്ടു് അതിനനുസരിച്ചു് ജീവിച്ചുപോന്നു.

പീഡാസഹനത്തിനുള്ള വിശുദ്ധൻെറ അഭിലാഷം സഫലമാവുകതന്നെ ചെയ്തു. വി. അമ്മത്രേസ്യായുടെ സഹായസഹകരണത്തോടെ കർമ്മലീത്താസഭയെ നവീകരിച്ചു് അതിൻെറ പൂർവ്വ ജീവിതക്രമം വീണ്ടും പ്രായോഗികമാക്കുന്നതിനുള്ള പരിശ്രമത്തിൽ ഏർപ്പെട്ടതോടുകൂടി സഭാംഗങ്ങളിൽ പലരുടെയും ശക്തിയായ എതിർപ്പിനും വിരോധത്തിനും പാത്രവാനായിത്തീർന്നു. പ്രതിപക്ഷക്കാരുടെ ശ്രമഫലമായി വിശുദ്ധൻ ഒൻപതുമാസത്തേക്കു് ഗുഹാസമാനമായ ഒരു മുറിയിൽ ഒരു തടവുകാരനായിത്തന്നെ കഴിച്ചുകൂട്ടേണ്ടിവന്നു. ഈ കാരാഗൃഹവാസത്തിന്നിടയിൽ എതിർകക്ഷികളുടെ നിരന്തരമായ ആക്ഷേപങ്ങൾ സഹിക്കേണ്ടിയിരുന്നതിനുംപുറമേ ദിവ്യപൂജ അർപ്പിക്കുവാൻ അനുവദിക്കപ്പെട്ടിരുന്നുമില്ല.

ഇതുകൊണ്ടെന്നും വിശുദ്ധൻെറ പീഡാനുഭവാസക്തിക്കു് ശമനം ഉണ്ടായില്ല. അതു് അല്പമെങ്കിലും ശാന്തമാകുന്നതിനുപ

കരം പൂൎവ്വവൽ അധികരിക്കുകമാത്രമേ ചെയ്തൊള്ളു. ഇതിൽ അത്യന്തം സംപ്രീതനായ ദിവ്യരക്ഷകൻ ഒരു ദിവസം വിശുദ്ധനു കാണപ്പെട്ടു്: "യോഹന്നാനേ, എന്നെപ്രതി ഇത്രമാത്രം പീഡകൾ സഹിച്ചതിനു് എന്തു പ്രതിഫലമാണു് നീ ആഗ്രഹിക്കുന്നതു്?" എന്നു ചോദിച്ചു. "അങ്ങേക്കുവേണ്ടി പീഡകൾ അനുഭവിക്കയും നിന്ദിക്കപ്പെടുകയും ചെയ്യണമെന്നല്ലാതെ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല" എന്നായിരുന്നു ഇതിനു് വിശുദ്ധൻ നൽകിയ മറുപടി. വി. യോഹന്നാനു് പീഡാസഹനത്തോടുണ്ടായിരുന്ന അതിരറ്റ അഭിവാഞ്ഛയ്ക്കു് ഇതിൽപരമായി മറ്റുദാഹരണമാണു് വേണ്ടതു്?

ഈ വിശുദ്ധൻ സാക്ഷാൽ പീഡകൾക്കായി ആഗ്രഹിച്ചിരുന്നു എന്നുള്ളതിനു് ഇനിയും പല ഉദാഹരണങ്ങൾ പറയുവാനുണ്ടു്. അതിൽ വിശുദ്ധന്റെ അന്ത്യകാലത്തു് നടന്ന ഒരു സംഭവംമാത്രം ഇവിടെ വിവരിക്കാം. അവസാനകാലത്തു് ആരോഗ്യസ്ഥിതി അശേഷം തൃപ്തികരമല്ലെന്നുള്ള നിലയിലായപ്പോൾ, ഇഷ്ടാനുസരണം സഭവക ഏതെങ്കിലും ഒരു ആശ്രമത്തിൽ പോയി താമസിച്ചുകൊള്ളുവാൻ സഭാധികൃതർ യോഹന്നാനെ അനുവദിച്ചു. എന്നാൽ ഇദ്ദേഹമാകട്ടെ തന്റെ ബദ്ധവൈരിയായിരുന്ന ഒരു സന്യാസി ശ്രേഷ്ഠനായി ഭരണം നടത്തിയിരുന്ന ഒരാശ്രമമത്രെ താമസത്തിനായി തിരഞ്ഞെടുത്തതു്. ശ്രേഷ്ഠൻ വിരോധിയായിരുന്നതിനാൽ കഷ്ടാനുഭവങ്ങൾക്കിടയാകാതിരിക്കയില്ലെന്നു യോഹന്നാൻ പ്രതീക്ഷിച്ചിരുന്നു. ഈ പ്രതീക്ഷ അസ്ഥാനത്തായില്ല. ദീൎഘനാളത്തേക്കു ആശ്രമാധിപൻ യോഹന്നാനെ ഞെരുക്കുകതന്നെ ചെയ്തു. എന്നാൽ അപകാരത്തിനു പകരം തന്നെ പീഡിപ്പിച്ചിരുന്നവരെ വിശുദ്ധൻ കൂടുതൽ കൂടുതൽ സ്നേഹിക്കയും പീഡകളെ അന്യാദൃശമായ ക്ഷമയോടെ സഹിക്കുകയും ചെയ്യുന്നതു കണ്ടപ്പോൾ ഇദ്ദേഹം സാധാരണ ഒരു സന്യാസിയല്ല പ്രത്യുത ഒരു പുണ്യാത്മാവാണു് എന്നുള്ള വസ്തുത ശ്രേഷ്ഠനും ബോധ്യപ്പെട്ടു. തൽഫലമായി അദ്ദേഹം മാനസാന്തരപ്പെട്ടു വിശുദ്ധനോടു മാപ്പപേക്ഷിച്ചു. അദ്ദേഹത്തെ ബഹുമാനിച്ചാദരിക്കുവാനും തുടങ്ങി. 1591-ൽ 49-ാമത്തെ വയസ്സിൽ ഈലോകവാസം വെടിഞ്ഞ യോഹന്നാൻ 1726-ൽ വിശുദ്ധനായും 1926-ൽ തിരുസഭയുടെ ഒരു വേദപാരംഗതനായും പ്രഖ്യാപനം ചെയ്യപ്പെട്ടു.

മിശിഹായോടനുരൂപരാകുവാൻ പീഡാനുഭവത്തേക്കാൾ എളുപ്പമായ മററു മാർഗ്ഗങ്ങളില്ലെന്നുള്ള യാഥാർത്ഥ്യം കുരിശിന്റെ വിശുദ്ധ യോഹന്നാൻ നേരത്തെതന്നെ ഗ്രഹിച്ചിരുന്നു. അതനുസരിച്ച് അദ്ദേഹം ജീവിക്കുകയും അങ്ങനെ തന്റെ ഉദ്ദേശം സഫലമാക്കുകയും ചെയ്തു.

## 5. വി. യോഹന്നാൻ മാംദാന

പീഡകൾവഴിയായി ദൈവം തന്റെ പ്രിയ ദാസന്മാരെ അത്യുന്നത പദവികളിലേക്കുയർത്തിയിട്ടുള്ള പല ഉദാഹരണങ്ങളിൽ ഒന്നാണ് വി യോഹന്നാൻ മാംദാനയുടെ ചരിത്രം. എല്ലാക്കാലത്തും, തന്റെ പ്രിയ പുത്രനെ ക്രൂശിലേററുവാൻതന്നെയും ദൈവം യഹൂദന്മാരെ അനുവദിച്ചുവോ ആ ലാക്കോടുകൂടിത്തന്നെ തന്റെ ദാസന്മാരിൽ പലരേയും സീമാതീതമായ പീഡകൾക്കും കഷ്ടാനുഭവങ്ങൾക്കും അവിടുന്നു വിധേയരാക്കാറുണ്ട്.

വിശുദ്ധ യോഹന്നാന് ഇതര വിശുദ്ധന്മാരുടെയിടയിൽ അതീവ മഹനീയമായ ഒരു സ്ഥാനമാണ് നൽകപ്പെട്ടിട്ടുള്ളത്. നമ്മുടെ കർത്താവിന്റെ വചനങ്ങൾതന്നെ ഇതിനു സാക്ഷ്യം വഹിക്കുന്നു. "സ്ത്രീകളിൽനിന്നും ജാതരായിട്ടുള്ളവരിൽ യോഹന്നാനെക്കാൾ വലിയവനായി മററാരുമില്ല" ഈ 'വലിയവ'നാകട്ടെ ശത്രുക്കളാൽ ക്രൂരമായി വധിക്കപ്പെടുകയാണുണ്ടായത്. ഇഹത്തിൽവച്ച് പരിപൂർണ്ണതയും പരത്തിൽ മഹനീയസ്ഥാനങ്ങളും സംസിദ്ധമാകുന്നതിന് പീഡകൾ സഹിച്ചേ മതിയാവൂ എന്നതിന് ഇതിൽപരമായ ഒരു തെളിവ് മറെറന്തുണ്ടാവേണ്ടതു്?

വിഷയലമ്പടനായിരുന്ന ഹേറോദേസ് രാജാവിനെ അക്കാരണത്തിന്മേൽ ധീരോദാത്തതയോടെ ശകാരിക്കുകയാൽ യോഹന്നാൻ ഹേറോദേസിന്റെ കഠിനമായ അപ്രീതിക്കു പാത്രീഭവിച്ച്, രാജകല്പനയനുസരിച്ച് തടവിലാക്കപ്പെട്ടു; ഒടുവിൽ ക്രൂരമായി വധിക്കപ്പെടുകയുംചെയ്തു പാവനമായ കൃത്യനിർവ്വഹണത്തിനുവേണ്ടി യോഹന്നാൻ ജീവനെപ്പോലും ബലി കഴിക്കേണ്ടിവന്നു

ഒരവസരത്തിൽ ന. കർത്താവു് വി. പത്രോസിനെ ഒരു അപകടത്തിൽനിന്നു അത്ഭുതകരമായി രക്ഷിച്ചുവല്ലോ. യോഹ-

ന്നാൻ തനിക്കു ഒന്നുകൂടി സ്വന്തപ്പെട്ടവനായിരുന്നിട്ടും അപകടത്തിൽനിന്നും രക്ഷിക്കുവാൻ താൻ തിരുമനസ്സായില്ല. യോഹന്നാൻ മാംദാനാ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരിക്കയിൽ രോഗികളെ സുഖപ്പെടുത്തുക, അന്ധന്മാർക്കു കാഴ്ച നൽകുക, ചെകിടന്മാർക്കു ശ്രവിക്കുന്നതിനുള്ള ശക്തി നൽകുക, മരിച്ചവരെ ഉയിർപ്പിക്കുക എന്നിങ്ങനെ നിരവധി അത്ഭുതകൃത്യങ്ങളും ന. കർത്താവു് അനുസ്യൂതം നടത്തിക്കൊണ്ടിരുന്നു. എങ്കിലും യോഹന്നാൻ മാംദാനായുടെ കാര്യത്തിൽമാത്രം ശ്രദ്ധിച്ചില്ല; ക്രൂരമായ മരണത്തിൽനിന്നു രക്ഷിക്കുന്നതിനുപോലും താൻ തിരുച്ചിത്തമായില്ല.

ഇനി യോഹന്നാൻ കാരാഗൃഹത്തിൽ എന്തു ചെയ്യുകയായിരുന്നു എന്നു നോക്കാം. തനിക്കു നേരിട്ട അനർത്ഥങ്ങളോർത്തു് പിറുപിറുക്കുകയോ, ദൈവ പരിപാലനയെ പഴിക്കുകയോ, നേരിട്ടോ അല്ലാതെയോ തന്നെ രക്ഷിക്കണമെന്നു് മിശിഹായോടഭ്യർത്ഥിക്കുകയോ ഒന്നും ചെയ്തില്ല. യോഹന്നാൻ ചില ദൂതന്മാരെ കർത്താവിന്റെ പക്കലേക്കയച്ചതായി നാം വായിക്കുന്നുണ്ടെങ്കിലും അതു് മറെറാരു കാര്യം പ്രമാണിച്ചായിരുന്നു എന്നു ധരിച്ചിരിക്കേണ്ടതാണു്. തനിക്കായി സജ്ജമാക്കിയിരുന്ന നിത്യാനന്ദം പ്രാപിക്കുന്നതിനു് ദൈവതിരുമനസ്സിനു പൂർണ്ണമായി വിധേയമായിക്കൊണ്ടു് നീതിയെപ്രതി പാടുപെടേണ്ടതാവശ്യമാണെന്നു് യോഹന്നാൻ ധരിച്ചിരുന്നു. അതിനാലാണു് അപകടത്തിൽനിന്നും വിമുക്തനാകുന്നതിനുദ്യമിക്കയോ, തനിക്കു നേരിട്ട നിർഭാഗ്യങ്ങളെപ്പററി ആകുലപ്പെടുകയോ ചെയ്യാതിരുന്നതു്.

ഇനിയും എത്ര നിന്ദ്യവും നീചനീചവുമായ വിധത്തിലാണു് യോഹന്നാന്റെ വധം നടന്നതെന്നും നോക്കുക. ഹേറോദേസ് തന്റെ പ്രഭുക്കന്മാരെയും കുടുംബാംഗങ്ങളെയും എല്ലാം ക്ഷണിച്ചുവരുത്തി കേമമായ ഒരു വിരുന്നു നടത്തി. ദുർന്നടപടികൾ നിമിത്തം കുപ്രസിദ്ധയായിത്തീർന്നിരുന്ന ഹേറോദിയായുടെ പുത്രി അതിഥികളുടെ മുൻപിൽ നൃത്തം ചെയ്യുവാനും തുടങ്ങി. ഈ നർത്തകിയോടുണ്ടായിരുന്ന ദുഷ്പ്രേമംനിമിത്തം എന്താവശ്യപ്പെട്ടാലും ഉടൻ സാധിച്ചുതരുന്നതാണെന്നു് സ്ത്രീജിതനായ ഹേറോദേസ് സദസ്സിൽവച്ചു് നർത്തകിയെ അറിയിച്ചു. സകലക്കും രോ

ണാഞ്ചം ജനിപ്പിക്കുമാറു്, യോഹന്നാൻ മാംദാനായുടെ ശിരസ്സു് ഛേദിച്ചെടുത്തു് അതു് ഒരു തളികയിലാക്കി തനിക്കു നൽകിയാൽ മതിയെന്നു കുടിലഹൃദയയായിരുന്ന സ്വമാതാവിന്റെ നിർബ്ബന്ധാനുസരണം അവൾ രാജാവിനോടാവശ്യപ്പെട്ടു. നർത്തകിയുടെ മറുപടി ഹേറോദേസിനു് അതിയായ കുണ്ഠിതത്തിനിടയാക്കി എങ്കിലും, പരസ്യമായി ചെയ്ത വാഗ്ദാനത്തെ ലംഘിക്കുന്നതിനു ധൈര്യപ്പെടാതെ യോഹന്നാന്റെ ശിരച്ഛേദം നടത്തുവാൻതന്നെ അയാൾ കല്പനയും കൊടുത്തു.

ഇങ്ങനെ ഒരു ദുഷ്ടസ്ത്രീയോടുള്ള അശുദ്ധ സ്നേഹംനിമിത്തം അവിവേകമായി ചെയ്ത വാഗ്ദാനത്തെ പാലിക്കുവാൻവേണ്ടി ഒരു മഹാ പ്രവാചകന്റെ ശിരസ്സു് ഛേദിക്കപ്പെടുന്നു! നിണമണിഞ്ഞിരുന്ന ആ ശിരസ്സു് ആ മഹാസദസ്സിൽ പ്രദർശിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഹേറോദിയായുടെ പ്രതികാരേച്ഛ ഇതുകൊണ്ടും ശമിച്ചില്ല. സദസ്സിൽ പ്രദർശിപ്പിക്കപ്പെട്ട ആ ശിരസ്സു് കയ്യിലെടുത്തു് അതിൽ സൂചി കുത്തിയിറക്കിക്കൊണ്ടു്, തന്റെ ദുർന്നടത്തയെപ്പററി തന്നെ ശാസിച്ച ആ നീതിമാനോടുള്ള വൈരം ആ കുടിലചിത്ത പ്രസ്പഷ്ടമാക്കിയെന്നുകൂടെയും പറയപ്പെടുന്നു.

മിശിഹായാകട്ടെ രാജകൊട്ടാരത്തിൽ നടക്കുവാനിരുന്ന സംഭവം നേരത്തെ അറിഞ്ഞിരുന്നു. എങ്കിലും അതിനു പ്രതിവിധി ഒന്നും നോക്കിയില്ല. താൻ തിരുമനസ്സായിരുന്നു എങ്കിൽ ഏതെല്ലാം വിധത്തിൽ യോഹന്നാനെ രക്ഷിക്കുവാൻ സാധിക്കുമായിരുന്നു! എങ്കിലും ഈ മഹാ പാതകം പ്രായോഗികമാകട്ടെ എന്നുതന്നെ താൻ തിരുച്ചിത്തമായി.

എന്തുകൊണ്ടു് താൻ ഇവ്വിധം ചിത്തമായി? യോഹന്നാനുവേണ്ടി കാലേക്കൂട്ടി തയ്യാറാക്കപ്പെട്ടിരുന്ന ആ മഹനീയപദ പ്രാപ്തിക്കു് അദ്ദേഹം അർഹനാകുന്നതിനുള്ള പുണ്യപരിപൂർണ്ണത പ്രാപിക്കുന്നതിനുവേണ്ടി വേദസാക്ഷികൾക്കനുയോജ്യമായ ഒരു മരണംകൂടി അനുഭവിക്കേണ്ടിയിരുന്നു. ഈ വേദസാക്ഷിത്വമില്ലായിരുന്നുവെങ്കിൽ യോഹന്നാൻ മാംദാനക്കു സ്വർഗ്ഗത്തിൽ ഉന്നതമായിട്ടുള്ള സ്ഥാനം ഒരിക്കലും കരഗതമാകുന്നതല്ലായിരുന്നു.

## 6. ദുഃഖാർത്തയായ പരി. കന്യക

മാനസികവും ശാരീരികവുമായ പീഡകളിൽനിന്നും പരിച്ഛേദം ഒഴിഞ്ഞിരിപ്പാൻ സാക്ഷാൽ അർഹരായി വിശുദ്ധന്മാരുടെ ഗണത്തിൽ ആരെങ്കിലും ഉണ്ടെങ്കിൽ അതു് അമലോത്ഭവയും ദൈവജനനിയുമായ പരി. കന്യകമറിയമല്ലാതെ മററാരുമല്ലെന്നു് നിസ്സംശയം പറയാം. പാപലേശമില്ലാതെയാണു് പരി. കന്യക ഭൂജാതയായതെന്നുള്ളതോ പോകട്ടെ. ജനനവേളയിൽ ഈ കന്യകയിലുണ്ടായിരുന്ന ദൈവപ്രസാദവരം, സകല വിശുദ്ധന്മാരുംകൂടി തങ്ങളുടെ ജീവാവസാനംവരെ പ്രാപിച്ചിട്ടുള്ള വരത്തെക്കാളും വളരെമടങ്ങു് അധികമായിരുന്നു. ഇതിൽനിന്നും മോക്ഷപ്രാപ്തിക്കു് പീഡാനുഭവം അപരിത്യാജ്യമാണെന്നുള്ള സാർവ്വത്രികനിയമം പ. കന്യകയെ സംബന്ധിച്ചിടത്തോളം എത്രയോ അസ്ഥാനത്തായിരുന്നു എന്നു് ഏറെക്കുറെ അനുമാനിക്കാവുന്നതാണല്ലോ. യഥാർത്ഥത്തിൽ യാതൊരുവിധ പീഡകളും അവൾ അനുഭവിക്കേണ്ടതല്ലായിരുന്നു എന്നുതന്നെ നിസ്സന്ദേഹം നമുക്കു് വിധിക്കാം.

എന്നാൽ മനുഷ്യന്റെ വിധി ദൈവത്തിന്റേതിൽനിന്നു് എത്രയോ വിഭിന്നമായിരിക്കുന്നു എന്നു നോക്കുക. പീഡകൾ ഇല്ലാതിരിക്കുമ്പോൾ അതു് ദൈവത്തിനു നമ്മുടെമേലുള്ള പ്രീതിയുടെ ലക്ഷ്യമാണെന്നു് മനുഷ്യൻ വൃഥാ അഭിമാനിക്കുന്നു. പക്ഷേ യാഥാർത്ഥ്യം എത്രയോ വിഭിന്നമാണു്? താൻ സ്നേഹിക്കുന്നവർക്കു് പീഡകൾ ധാരാളമായി താൻ യാത്രയാക്കുന്നു. ദൈവത്തിന്റെ പ്രീതിക്കു ഒരുവൻ കൂടുതൽ കൂടുതൽ പാത്രീഭവിക്കുന്നതോടുകൂടി അവനു പീഡകളും അധികരിക്കയത്രെ ചെയ്യുന്നതു്. അതിനാൽ സൃഷ്ടികളിൽവച്ചു് തനിക്കു് ഏററം ഇഷ്ടപ്പെട്ട പരിശുദ്ധകന്യകാമറിയം മനുഷ്യശക്തിക്കതീതമായ വിധത്തിലുള്ള പീഡകൾതന്നെ സഹിക്കണമെന്നു് ദൈവം തിരുച്ചിത്തമായി. നന്മ നിറഞ്ഞവളായ കന്യകമറിയത്തെ ദൈവസുതന്റെ ജനയിത്രി, വേദസാക്ഷികളുടെ രാജ്ഞി എന്നീ മഹനീയ പദവികളിലേക്കുയർത്തുവാൻ ദൈവം തിരുച്ചിത്തമായിരുന്നു. അക്കാരണത്താൽ കന്യകാമറിയത്തിന്റെ വ്യാകുലതകളും പീഡകളും അതിരററതായിരിക്കേണ്ടതാണെന്നും താൻ തീരുമാനിച്ചു.

പരി. കന്യകക്ക് എത്രമാത്രം ദുഃഖസങ്കടങ്ങൾ ദൈവം യാത്രയാക്കി എന്നും അവയെ എങ്ങിനെ അവൾ സ്വീകരിച്ചു സഹിച്ചു എന്നും ചുരുക്കമായി ഇവിടെ ചിന്തിക്കാം. യഹൂദാചാരപ്രകാരം ദിവ്യഉണ്ണിയെ ഓർശ്ലേം ദേവാലയത്തിൽ കാഴ്ചകൊടുക്കുന്നതായ ആ രംഗത്തേക്കുതന്നെ പ്രഥമതഃ നമ്മുടെ ദൃഷ്ടിയെ തിരിക്കാം. ലോകത്തിന്റെ ദീപത്തെ അവസാനമായി കാണാൻ ഇടയായതിലുള്ള അമിതമായ ആനന്ദാധിക്യം നിമിത്തം ദിവ്യശിശുവിനെ കരങ്ങളിൽ എടുത്തശേഷം പരി. കന്യകയെ നോക്കിക്കൊണ്ട് വിശുദ്ധ ശെമഓൻ ഇങ്ങനെ പ്രവചിക്കുന്നു: "ഇതാ ഈ ശിശു ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും എഴുന്നേല്പിനും തർക്കത്തിന്റെ അടയാളത്തിനുമായി വെക്കപ്പെട്ടിരിക്കുന്നു. നിന്റെ സ്വന്തആത്മാവിൽകൂടിയും പലരുടെയും ഹൃദയങ്ങളുടെ വിചാരങ്ങൾ വെളിപ്പെടുമാറ് ഒരു കുന്തം കടക്കും." ഓർശ്ലേം ദേവാലയത്തിൽ അതഃപരം കാഴ്ചവെക്കപ്പെട്ടിട്ടുള്ളതിൽ ഏററം മഹത്തരമായ ഒരു ബലിയത്രെ പരി. കന്യക സമർപ്പിച്ചതു്. ദൈവം ഈ ബലി അംഗീകരിച്ചതിന്റെ ലക്ഷ്യമായി 33 കൊല്ലക്കാലത്തേക്ക് ഒരു വാൾ ആ പരി. കന്യകയുടെ ഹൃദയത്തെ ഭേദിച്ചുകൊണ്ടു സ്ഥിതിചെയ്യുമെന്നും തന്റെ തിരുക്കുമാരന്റെ ഉയിർപ്പുവരെ ആ വാൾ തൽസ്ഥാനത്തുനിന്നും എടുക്കപ്പെടുന്നതല്ലെന്നും ദൈവം അവളെ അറിയിക്കുന്നു.

ഹൃദയഭേദകമായ ഈ പ്രവചനത്തെ എത്ര സമചിത്തതയോടും ക്ഷമയോടുംകൂടി പരി. കന്യക സ്വീകരിച്ചു എന്നു നോക്കുക! ഒരു കൊല്ലംമുൻപ് മാലാഖായുടെ മംഗലവാർത്തയെ ഏതുനിലയിൽ സ്വീകരിച്ചുവോ അതേവിധംതന്നെ ഈ വ്യസനകര വാർത്തയേയും പ്രവചനത്തേയും പ. കന്യക സ്വീകരിച്ചു. അതെ, ഇവിടെയും "കണ്ടാലും, കർത്താവിന്റെ ദാസി. അങ്ങേ വചനംപ്പോലെ എന്നിൽ ഭവിക്കട്ടെ"

കാഴ്ചവെപ്പിന്റെ ആ ക്ഷണംമുതൽ കർത്താവിന്റെ ഉയിർപ്പുവരെ പ. കന്യക അനുഭവിച്ച വ്യാകുലതകൾ ആർക്കാണ് ഊഹിക്കുവാൻ കഴിയുക? തന്റെ ഹൃദയത്തെ ഭേദിച്ചിരുന്ന വാൾ സാധാരണ വാളിനെക്കാൾ മൂർച്ചയേറിയതായിരുന്നു. അതാകട്ടെ അനുദിനം കൂടുതൽകൂടുതൽ മൂർച്ചയേറിയതായിത്തീരുകയും

ചെയ്തിരുന്നു. നാം സാധാരണ കാണാറുള്ള വാളിനു മനുഷ്യശരീരത്തെ ക്ഷതപ്പെടുത്തുന്നതിനുള്ള ശക്തിമാത്രമേ ഉള്ളു. ദൈവജനനിയുടെ ഹൃദയത്തെ ഭേദിച്ച ആ വാളാകട്ടെ ആത്മാവിനെക്കൂടെയും സ്പർശിച്ചിരുന്നു. ശാരീരികപീഡകൾ എത്രയായാലും സഹിക്കാം. എന്നാൽ ആത്മീയപീഡകൾ യഥാർത്ഥത്തിൽ മനുഷ്യശക്തിക്കതീതമായവയത്രെ. പ. കന്യകക്കു യാത്രയാക്കപ്പെട്ട പീഡകൾ അധികവും ഈ രണ്ടാമത്തെ ഇനത്തിൽപ്പെട്ടവയായിരുന്നു.

തന്റെ തിരുക്കുമാരനുമൊരുമിച്ചു ജീവിച്ചിരുന്നപ്പോൾതന്നെ മിശിഹായുടെ പീഡാനുഭവവസ്തുത പ. കന്യകമറിയത്തിനജ്ഞാതമായിരുന്നില്ല. തന്നിമിത്തം ദൈവജനനി അന്നനുഭവിച്ചിരുന്ന വ്യാകുലതകളെ തല്ക്കാലം വിസ്മരിച്ചിട്ടു് പീഡാനുഭവ ദിവസത്തെ വ്യാകുലത്തെപ്പററിമാത്രം നമുക്കു സ്വല്പം പരിചിന്തിക്കാം. തന്റെ തിരുക്കുമാരൻ ശത്രുക്കളാൽ പിടിക്കപ്പെട്ടു എന്നു അറിഞ്ഞപ്പോൾ ആ മാതാവു് അനുഭവിച്ച സങ്കടം എത്രമാത്രമായിരിക്കണം! നേരത്തെ അറിഞ്ഞിരുന്നതുപോലെ ക്രൂശുമരണത്തിനുള്ള പ്രാരംഭമാണിതെന്നും ആ പരി. മാതാവറിഞ്ഞിരുന്നു. തന്റെ കുമാരന്റെ മൃദുവായ ശരീരം ഏകവ്രണമായി കണ്ടപ്പോഴുണ്ടായ ദുഃഖം ആർക്കു് വർണ്ണിക്കാൻ കഴിയും?

തന്റെ ദിവ്യസുതന്റെ നേരെ അവൾക്കുണ്ടായിരുന്ന സ്നേഹാതിരേകത്തിനനുസൃതമായ വ്യാകുലതയും അപ്പോൾ അവളനുഭവിച്ചിരുന്നു. തന്റെ പുത്രനെന്നനിലയിൽ മാത്രമല്ല ദൈവമായിട്ടും പ. കന്യക മിശിഹായെ സ്നേഹിച്ചിരുന്നു. മോക്ഷവാസികളുടെ സ്നേഹമെല്ലാം ഒരുമിച്ചു പരിഗണിച്ചാലും കന്യകമറിയത്തിനു മിശിഹായോടുണ്ടായിരുന്ന സ്നേഹവുമായി തുലനം ചെയ്യുവാൻ നിവൃത്തിയില്ല. അത്രക്കു ഉന്നതമായവിധത്തിലത്രെ ദൈവജനനി തന്റെ കുമാരനെ സ്നേഹിച്ചിരുന്നതു്. ഇതുപോലെതന്നെ വിശുദ്ധന്മാരെല്ലാവരുംകൂടി സഹിച്ചിട്ടുള്ള പീഡകൾ പരിഗണിച്ചാലും ആ മാതാവിന്റെ വ്യാകുലതകളുടെ ഒരു നിഴൽപോലും ആകുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. ദൈവം അത്ഭുതകരമായവിധം പ. കന്യകയെ സംരക്ഷിച്ചിരുന്നില്ലായെങ്കിൽ ഈ വ്യാകുലാധിക്യംനിമിത്തം തന്റെ തിരുക്കുമാരൻ മരിക്കുന്ന

തിന്ന വളരെ മുമ്പായിത്തന്നെ ദൈവജനനി ഈ ലോകവാസം വെടിയുമായിരുന്നു എന്നതു് നിർവ്വിവാദമായ വാസ്തവമത്രെ.

"എന്റെ സങ്കടം കടൽപോലെ വലുതാകുന്നു" എന്നു സകാരണം പറയത്തക്കവിധം മാതാവു് ഇത്രവലിയ വ്യാകുലതകൾക്കെല്ലാം വിധേയയാക്കപ്പെട്ടതിന്റെ ഉദ്ദേശ്യമെന്തായിരിക്കാം? ദൈവജനനി, അമലോത്ഭവ എന്നീ മഹനീയവും മാനനീയവുമായ മഹാ പദവികൾക്കർഹയും, മാലാഖാമാരെക്കാളും സകല വിശുദ്ധന്മാരെക്കാളും അധികം ദൈവപ്രസാദവരത്തോടുകൂടിയിരുന്നവളുമായ പ. കന്യകാമറിയത്തിനു് ഇത്ര വലിയ വ്യാകുലതകൾ യാത്രയാക്കപ്പെട്ടതിന്റെ ആന്തരം എന്തായിരിക്കാം?

അമലോത്ഭവയായി ജനിച്ചു് ആജീവനാന്തം പാപരഹിതയായി, ദൈവപ്രസാദവരങ്ങളാൽ പരിപൂരിതയായിരിക്കുന്നതിനുള്ള ആ മഹാ ഭാഗ്യം പരി. കന്യകാമറിയം ദൈവത്തിൽ നിന്നും പ്രാപിച്ച ഈ നന്ദിക്കു ഒരു പ്രതിനന്ദി കാണിക്കേണ്ടതാവശ്യമായിരുന്നു. തനിക്കു ലഭിച്ച അനിതരസാധാരണമായ ആ നന്മക്കു തക്ക പ്രതിനന്ദി കാണിപ്പാൻ ഒരു സൃഷ്ടിയാൽ സാദ്ധ്യമല്ലെന്നിരുന്നാലും തന്നാൽ കഴിവുള്ളവിധം പ്രതിനന്ദി കാണിക്കേണ്ടിയിരുന്നു. അതിനുവേണ്ടിയത്രെ ഈ മഹാ വ്യാകുലതകളെല്ലാം അവൾ സഹിച്ചു് ദൈവത്തിനു കാഴ്ചവെച്ചതു്.

ഇതിനും പുറമെ ദൈവത്തിന്റെ അമ്മ എന്ന മഹനീയസ്ഥാനം പ. കന്യകയ്ക്കു നൽകുവാൻ ദൈവം തിരുമനസ്സായി. പാപലേശമില്ലാതെ ഭൂജാതരാകുന്നതിനുള്ള ഭാഗ്യം വേറെ ചിലർക്കും ലഭിച്ചിട്ടുണ്ടെന്നു പറയാം. ആദത്തെയും ഹവ്വായെയും തന്നെ ഇതിനു് ഉദാഹരണമായെടുക്കാം. എന്നാൽ ദൈവമാതൃസ്ഥാനം മററാർക്കും ലഭ്യമല്ല. ഈ അസാധാരണ മഹിമക്കു് തന്നാൽ കഴിവുള്ള കൃതജ്ഞത പ്രകടിപ്പിക്കുവാൻ പ. കന്യക കടപ്പെട്ടിരുന്നു. കന്യാസ്ത്രീമറിയത്തിന്റെ അപാരമായ വ്യാകുലതകൾക്കുള്ള വേറൊരു നിദാനം ഇതായിരുന്നു.

പരോക്ഷമായ വിധത്തിൽ പ. കന്യക വിശുദ്ധന്മാരുടെ മാതാവു് എന്ന സ്ഥാനത്തിനും അർഹയാക്കി ചെയ്യപ്പെട്ടിരുന്നു.

പിശാചിൻെറ അടിമത്വത്തിൽനിന്നും നരവംശത്തെ വീണ്ടെടുക്കുന്നതിനു് ഒരുപകരണമായി തെരിഞ്ഞെടുക്കപ്പെട്ടതോടുകൂടി അവൾ സകല വിശുദ്ധന്മാരുടെയും മാതൃസ്ഥാനത്തിനു് അവകാശിയായിത്തീർന്നു. അതിനാലത്രേ മനുഷ്യവംശോദ്ധാരണവേലയിലെ സഹപ്രവർത്തക എന്നു് കന്യകാമറിയത്തെ വിശുദ്ധന്മാർ അഭിസംബോധന ചെയ്യുന്നതു്. ഗാഗുൽത്താ മലയിൽ കുരിശിൻചുവട്ടിൽവച്ചു് പ. കന്യക മനുഷ്യവർഗ്ഗത്തിൻെറ മാതാവായിത്തീർന്നു. മാതാക്കൾക്കു് പുത്രന്മാരോടുള്ള വാത്സല്യം പ്രസിദ്ധമാണല്ലോ. ഏവംവിധം ഈ പരിശുദ്ധ അമ്മ നരവർഗ്ഗത്തെ ആകമാനം സ്നേഹിക്കുന്നു നമ്മുടെ ദിവ്യരക്ഷകനെ ഒഴിച്ചാൽ മററാരും ദൈവമാതാവിനെക്കാൾ അധികമായി മനുഷ്യരെ സ്നേഹിക്കുന്നില്ല എന്നു നിസ്സംശയം പറയാം.

അവസാനമായി പ. കന്യക മോക്ഷത്തിൻെറ രാജ്ഞിയായി ഉയർത്തപ്പെടേണ്ടവളായിരുന്നു. സകല സൃഷ്ടികളുടെയും രാജ്ഞിയായി വാഴുവാനുള്ള ഒരാൾ ആ മഹനീയ സ്ഥാനത്തിനനുസരണമായ വിധത്തിൽ പുണ്യപൂർണ്ണത പ്രാപിക്കേണ്ടിയിരുന്നു. സ്വർഗ്ഗഭാഗ്യപ്രാപ്തിയെ സംബന്ധിച്ചിടത്തോളം പ. കന്യകയും നമ്മിൽനിന്നു വ്യത്യസ്ഥ നിലയിലല്ലായിരുന്നു. അതിനുവേണ്ടി ലഭ്യമായ അവസരങ്ങളെല്ലാം അവൾ സഫലമായി ഉപയോഗിച്ചു. മോക്ഷവാസികളെല്ലാവരുംകൂടി പ്രാപിച്ചിട്ടുള്ളതിനെക്കാൾ കൂടുതൽ പുണ്യയോഗ്യത തന്നെയും പ. കന്യാസ്ത്രീമറിയത്തിൻെറ മഹനീയ പദവികൾക്കു മതിയാകാതെയാണിരിക്കുന്നതു്. ഇത്ര വളരെ യോഗ്യതകൾ പ്രാപിക്കുന്നതിനുള്ള മുഖ്യമാർഗ്ഗം പീഡാനുഭവമല്ലാതെ മററൊന്നുമല്ല.

ഇക്കാരണങ്ങളാലാണു് പ. കന്യക ദുഃഖസമുദ്രത്തിൽ മുങ്ങിത്തപ്പാങ്ങുവാൻ ഇടയായതു്. മൂർച്ചയേറിയ ഒരു വാളാൽ അവളുടെ ഹൃദയത്തെ ഭേദിക്കുവാനിടയാക്കിയതിനുള്ള കാരണവും ഇതല്ലാതെ മററൊന്നുമല്ല. കുരിശിൻചുവട്ടിൽവച്ചനുഭവിക്കുവാനിടയായ വ്യാകുലതകൾക്കു് വേറെ എങ്ങും കാരണം തേടേണ്ടതില്ല. സ്വർഗ്ഗത്തിൽ ഉന്നതഭാഗ്യങ്ങൾ പ്രാപിക്കുന്നതിനു് പീഡകൾ കൂടിയേ കഴിയൂ എന്നുള്ളതിനു് ഇതിൽ കൂടുതലായ ഒരു തെ

ളിവു് ആവശ്യമുണ്ടെന്നും തോന്നുന്നില്ല. ഈ കൃതിയുടെ ഉദ്ദേശ്യവും ഇതല്ലാതെ മറെറാന്നുമല്ലല്ലോ.

## 7. പീഡാനുഭവമനുഷ്യനായ ഈശോമ്ശിഹാ

സർവ്വവിധ പീഡകളുടെയും ഏക നിദാനം പാപവും പാപം മാത്രവുമാണെന്നു് ഈ കൃതിയുടെ ആദ്യഭാഗത്തു നാം കണ്ടു. ആദിമാതാപിതാക്കന്മാരുടെ പൂർണ്ണത പാപംമൂലം നഷ്ടപ്പെട്ടതിന്റെ ഫലമായി മനുഷ്യൻ ആത്മികവും ലൗകികവുമായ പലവിധ ക്ലേശങ്ങൾക്കും വിധേയനായിത്തീർന്നു. മനുഷ്യവംശമത്രയും ആദ്യപാപത്തോടുകൂടി മനുഷ്യന്റെ ജന്മശത്രുവായ പിശാചിന്നടിമയായും തീർന്നു. ഈ അടിമത്വത്തിൽനിന്നും സ്വയം രക്ഷപ്രാപിക്കുവാൻ മനുഷ്യൻ അശക്തനുമായിരുന്നു.

നരകുലത്തിന്റെ ഈ ദയനീയാവസ്ഥയിൽ അനുകമ്പതോന്നി മനുഷ്യവംശത്തെ ഉദ്ധരിക്കുന്നതിനായി ദൈവം തന്റെ ഏകജാതനെ ലോകത്തിലേക്കു യാത്രയാക്കി. മിശിഹാ മനുഷ്യാവതാരമെടുത്തു് മനുഷ്യരോടുകൂടിത്തന്നെ വസിച്ചു. താൻ കളങ്കരഹിതനായിരുന്നു എങ്കിലും മനുഷ്യരുടെ പാപങ്ങളെല്ലാം സ്വയം വഹിച്ചുകൊണ്ടു് അവയുടെ പരിഹാരത്തിനായി സ്വയം നിത്യപിതാവിനു ബലിയർപ്പിച്ചു. മനുഷ്യനാകട്ടെ പാപത്തിൽനിന്നും വിമുക്തനാകുവാൻ അപ്രാപ്തനായിരുന്നുവെങ്കിലും കണക്കില്ലാതെ പാപങ്ങൾ ചെയ്തു കൂട്ടുവാൻ അധൈര്യപ്പെട്ടില്ല.

ഈ പാപങ്ങളുടെ എല്ലാം പരിഹാരത്തിനു് ദൈവസുതനായ മിശിഹാ എത്രമാത്രം പീഡകൾ സഹിക്കേണ്ടിവന്നു എന്നു വിവരിക്കുകതന്നെ വിഷമമാണു്. ഈ പീഡകളുടെ കാഠിന്യം എവ്വിധമാണെന്നുള്ളതിനു തന്റെ അധരങ്ങളിൽനിന്നും പുറപ്പെട്ട വാക്കുകൾതന്നെ സാക്ഷ്യം വഹിക്കുന്നു: "പിതാവേ കഴിയുമെങ്കിൽ ഈ കാസാ എന്നിൽനിന്നും നീക്കണമെ. എന്നാൽ എന്റെ മനസ്സല്ല അങ്ങേ തിരുമനസ്സു നിറവേറട്ടെ" തന്റെ മനുഷ്യത്വം താൻ സഹിക്കാനിരുന്ന പീഡകളെ ഓർത്തു് ഭയന്നു വിറച്ചിരുന്നു. എന്നാൽ ഭയവും മനുഷ്യരോടുള്ള സ്നേഹവും തമ്മിലുള്ള പോരാട്ടത്തിൽ സ്നേഹംതന്നെ വിജയശ്രീലാളിതമായി. മനുഷ്യ

ന നിത്യായുസ്സ് സമ്പാദിച്ചുകൊടുക്കുവാൻവേണ്ടി അനന്തമായ പീഡകൾ സഹിപ്പാൻതന്നെ മിശിഹാ തിരുമനസ്സായി.

നമ്മുടെ ആത്മാവിന്ന് ദൈവസുതൻ എത്ര വലിയ വിലയാണു കല്പിച്ചതെന്നു ഗാഢമായി ഒന്നു ആലോചിക്കുക. നമ്മെയും ഒരു ദിവസം നിത്യാനന്ദഭാഗ്യത്തിനർഹരാക്കിത്തീർക്കുവാൻ മിശിഹാ മഹാ വലിയ പീഡകൾ അനുഭവിക്കുവാൻതന്നെ തീരുമാനിച്ചു. ഈ വസ്തുത നമ്മുടെ സജീവസ്മരണക്കർഹമായ ഒന്നാണ്. നമ്മോടുള്ള സ്നേഹത്തെപ്രതി തന്നെ മുഴുവനും ബലിയായി സമർപ്പിക്കുന്നതിനുള്ള ആ വിനാഴിക സമാഗതമാകുവാൻ താൻ എത്രമാത്രം ആഗ്രഹിച്ചിരുന്നു എന്നു വിവരിക്കുകതന്നെ അസാദ്ധ്യമാണ്. മനുഷ്യപുത്രരായ നമ്മിൽ ഓരോരുത്തരും ദൈവപുത്രന്മാരായിത്തീരുവാൻവേണ്ടി ദൈവപുത്രൻ സങ്കടങ്ങളുടെ ഒരു മനുഷ്യനായിത്തീർന്നു.

കർത്താവിൻെറ പീഡാനുഭവം ഒരു പുതിയ സൃഷ്ടിപ്പാണെന്നു തന്നെ പറയാം. എന്നാൽ ഇതു് പ്രപഞ്ചസൃഷ്ടിപ്പിനെക്കാൾ തീർത്തും വ്യത്യസ്ഥമായ ഒന്നായിരുന്നു എന്നും സമ്മതിച്ചേതീരൂ. ആദ്യത്തേതിന്ന് ദൈവത്തിനു യാതൊന്നും ചെയ്യേണ്ടതായുണ്ടായിരുന്നില്ല. എന്നാൽ രണ്ടാമത്തേതിന്ന്– മാനവവംശത്തിൻെറ ഉദ്ധാരണത്തിന്ന്–ദൈവപുത്രൻ സഹിച്ച പീഡകൾ അസഹനീയമായിരുന്നു. പീഡകളുടെ പാരമ്യമെന്നല്ലാതെ മിശിഹായുടെ പീഡകളെപ്പററി മറെറാന്നും പറയുവാനില്ല. ഇവയെപ്പററി ഇവിടെ അല്പം പരിചിന്തിക്കാം:—

"ഒരു വധത്തിൽ പരിഗണിക്കുമ്പോൾ മനുഷ്യരക്ഷക്കുവേണ്ടി ദൈവപുത്രൻ ഇത്ര വലിയ പീഡകൾ സഹിക്കുകയോ ക്രൂശുമരണത്തിനു വിധേയനാവുകയോ ചെയ്യേണ്ട ആവശ്യമില്ലായിരുന്നു. ഏററം നിസ്സാരമായ നിലയിൽ താൻ ഒന്നു തിരുമനസ്സാവുകമാത്രം ചെയ്തിരുന്നുവെങ്കിൽ ഇതിലും വലിയ കാര്യം സാധിക്കുവാൻ തനിക്കു കഴിയുമായിരുന്നു. എന്നാൽ വേറൊരു നിലയിൽനോക്കുമ്പോൾ ഇതിനു സാംഗത്യമില്ലാതെയുമില്ല. 'രക്തമില്ലാതെ പരിഹാരമില്ല' എന്നുള്ള് പഴയനിയമത്തിലെ കർശനമായ ഒരു നിയമമായിരുന്നു. പഴയ നിയമത്തിലെ അടു

ഭ്യമായ ഈ നിയമത്തിൻെറ കേവലം ഒരു അനുവർത്തനം മാത്രമാണു്, കർത്താവിൻെറ പീഡാനുഭവവും മരണവും. പ്രകൃതിയിലും ഈ നിയമംതന്നെ അക്ഷരശഃ അനുവർത്തിക്കപ്പെട്ടുപോരുന്നതായി നാം കാണുന്നു. മരണം ജനനത്തിനു നിദാനമായിട്ടാണല്ലോ പ്രകൃതിയിൽ കാണപ്പെടുന്നതു്. വർഷകാലത്തെ തുടർന്നു് വസന്തകാലം സമാഗതമാകുന്നു. ഒരു വിത്തിൻെറ നാശം ഒരു ചെടിയുടെ ഉത്ഭവത്തിനു കാരണമാകുന്നു. ഒരു വിത്തു നശിക്കാതെ അതിൽനിന്നു് ഒരു ചെടിയുണ്ടാകുന്നതല്ല. ഇതിൽനിന്നും ജീവിതം അതിനു അനുസരണമായ ഒരു മരണംമൂലം ഉണ്ടാകേണ്ടിയിരിക്കുന്നു എന്നു സിദ്ധിക്കുന്നു. വേറൊരു വിധത്തിൽ പറഞ്ഞാൽ മരണം യഥാർത്ഥത്തിൽ ഉല്പാദനപരമായ ഒരു ക്രിയ ആകുന്നു. അതായതു് മരണം മരണത്തിൻെറ ഒരു പ്രതിവിധിതന്നെ ആയിരിക്കുന്നു.

“മനുഷ്യൻെറ പാരത്രികജീവിതം അനിത്യ ജീവിതത്തിൻെറ പ്രാരംഭംമാത്രമായിരിക്കുകയാൽ അതു് ഒരു അനിത്യ മരണത്തോടെ ആരംഭിക്കേണ്ടിയിരുന്നു. പാപത്തിൽ ഉൾപ്പെടുന്നതോടുകൂടി നാം ആത്മീയമായ വിധത്തിൽ മരിക്കുകയത്രെ ചെയ്യുന്നതു്. ഈ മരണത്തിൽനിന്നും ഉയിർപ്പാൻ, പാപത്തിൽനിന്നും വിമുക്തരാകുവാൻ, നാം അപ്രാപ്തരാണു്. അതിനാൽ നമ്മെ സംബന്ധിച്ചിടത്തോളം പാപംമൂലമുള്ള മരണം ഒരു നിത്യമരണംതന്നെയാണെന്നു സിദ്ധിക്കുന്നു. ഇതിനു് അസാധാരണമായ ഒരു പ്രതിവിധി, ദൈവത്തെ നമ്മിൽതന്നെ ലഭിക്കുവാനിടയാകത്തക്ക ഒരു മരണം, അപരിത്യാജ്യമായിരുന്നു. അതിനുവേണ്ടിയാണു് ദൈവം മനുഷ്യസ്വഭാവമെടുത്തു നമുക്കുവേണ്ടി മരിച്ചതു്.

“സാർവ്വത്രികമായ ഒരു സാധാരണ നിയമം അനാദരിക്കപ്പെടാതിരിപ്പാൻവേണ്ടി ദൈവം അനന്തമായ പീഡകൾ സഹിപ്പാൻ തിരുമനസ്സായി. ദൈവം യാതൊന്നിനെയും, തിന്മയ്ക്കു് ഇടയാക്കുന്നവയെത്തന്നെയും നശിപ്പിക്കുന്നില്ല. സകലതും പ്രകൃത്യനുസാരമായ വിധത്തിൽ നടക്കുന്നതിനു് ദൈവം അനുവദിക്കുന്നു. യുദ്ധത്തിനു കാരണമായ തിന്മ സ്വയം നശിക്കുന്നതുവരെ യുദ്ധം നടക്കുവാൻ താൻ അനുവദിക്കുന്നു. ദൈവസാന്നിദ്ധ്യത്തെ നശിപ്പിക്കുക എന്നതത്രെ പാപത്തിൻെറ സ്വഭാവം.

മനുഷ്യൻ മനസ്സാകുമെന്നങ്കിൽ പാപത്തിനു മനുഷ്യനിൽ പ്രവൎത്തിക്കാവുന്നിടത്തോളം നശീകരണജോലി നടത്തുവാൻ ദൈവം അനുവദിക്കുന്നു. ചെയ്യാവുന്നിടത്തോളം അതു ചെയ്തും കഴിഞ്ഞു. മനുഷ്യനു് ദൈവത്തെ എന്നേക്കുമായി നഷ്ടപ്പെടുത്തണമെന്നായിരുന്നു തിന്മയുടെ ഉദ്ദേശ്യം. അതു നമ്മുടെ കൎത്താവിൽ സഫലമായില്ല. അവിടുന്നു വീണ്ടും ഉയിർത്തെഴുന്നേററു. തന്റെ മരണംമൂലം നമുക്കു് വീണ്ടും ദൈവത്തെ പ്രാപിക്കുന്നതിനു താൻ ഇടവരുത്തി. ഇതിലത്രെ തന്റെ വിജയം സ്ഥിതിചെയ്യുന്നതു്. തിന്മയെ സ്വശക്തിമൂലം പാടേ നിരോധിക്കുന്നതിനെക്കാറം എത്രയോ മഹത്തരമായവിധത്തിൽ താൻ അതിനെ അടിച്ചമൎത്തി എന്നു് നോക്കുക.

“ഒരു വ്യക്തിയുടെയോ തന്റെ ശത്രുക്കളായിരുന്ന ഹേറോദേസ് തുടങ്ങിയ ഏതാനും വ്യക്തികളുടെമാത്രമോ പാപങ്ങറംക്കുവേണ്ടിയല്ല ലോകം മുഴുവന്റെയും പാപങ്ങറംക്കുവേണ്ടി താൻ പരിഹാരംചെയ്തു. ഹേറോദേസ്, പീലാത്തോസ്, കയ്യാപ്പാ തുടങ്ങിയവൎക്കു തന്റെനേരെ ഉണ്ടായിരുന്ന വൈരം നമ്മുടെ ഒരു മുന്നോടി, അഥവാ സാദൃശ്യംമാത്രമായിരുന്നു. ലോകത്തിൽ ജനിക്കുവാനിരിക്കുന്നതും ജനിച്ചതുമായ സകല മനുഷ്യരുടെയും പാപങ്ങറം ഓരോന്നോരോന്നായി താൻ ഗദസേമ്മാൻ തോട്ടത്തിൽവച്ചു കണ്ടു. അവയ്ക്കുവേണ്ടി പരിഹാരം ചെയ്യപ്പെടാതിരുന്നുവെങ്കിൽ നമ്മുടെ ഇന്നത്തെ സ്ഥിതി എത്ര ഭയാനകമായിരിക്കുമായിരുന്നു എന്നു് ഊഹിച്ചുകൊള്ളുകതന്നെയാണുത്തമം. ‘പച്ചമരത്തോടു് ഇപ്രകാരം ചെയ്തുവെങ്കിൽ ഉണക്കമരത്തോടു് എപ്രകാരമായിരിക്കും?’ ” (Bellord's Meditations.)

## ഉപസംഹാരം

മിശിഹാ തന്റെ പീഡാനുഭവംവഴി, നമുക്കു നേരിടുന്ന എത്രയും നിസ്സാരങ്ങളായ പീഡകളെപ്പോലും നിത്യാനന്ദഭാഗ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളാക്കിത്തീർത്തിരിക്കുന്നതിനാൽ ദൈവ തിരുമനസ്സിനു കീഴ്വഴങ്ങിക്കൊണ്ടു് നാം അവയെ സസന്തോഷം സഹിച്ചു് സഫലമാക്കിത്തീർക്കേണ്ടതാണു്. ഇതിനു ഒരു പ്രത്യേക സംഗതി നാം എന്നെന്നും ഗ്രഹിച്ചിരിക്കേണ്ടതായുണ്ടു്. അതായതു്: കുരിശിന്റെവഴിയല്ലാതെ സ്വർഗ്ഗത്തിലേക്കു മററു മാർഗ്ഗമില്ല. ക്രിസ്ത്വാനുകരണ കർത്താവിന്റെ സ്മർത്തവ്യമായ വാക്കുകളിൽ ഇതു സമാപിക്കാം:— "നിത്യരക്ഷ പ്രാപിക്കുന്നതിനു് പീഡാനുഭവത്തെക്കാൾ സഫലമായ മററു മാർഗ്ഗങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ നിശ്ചയമായും ദിവ്യരക്ഷകൻ തന്റെ വചനത്താലും ദൃഷ്ടാന്തത്താലും അതു നമുക്കു കാണിച്ചുതരുമായിരുന്നു. തന്നെ അനുഗമിച്ചിരുന്ന ശിഷ്യരോടും തന്നെ അനുഗമിക്കുവാൻ അഭിലഷിക്കുന്നവരോടും കുരിശുകൾ വഹിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു് അവിടുന്നു സുവിശദം പറയുന്നതു് 'എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ചു് സ്വന്ത കുരിശുകളും അനുദിനം വഹിച്ചുകൊണ്ടു് എന്റെ പിന്നാലെ വരട്ടെ' എന്നാണെന്നു് ഓർമ്മിക്കുക. അതിനാൽ എല്ലാം വായിച്ചു പരിശോധിച്ചിട്ടു് അവസാനതീർപ്പു് ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനു് നാം നിരവധി ക്ലേശങ്ങളും സങ്കടങ്ങളും സഹിച്ചേ മതിയാവൂ' എന്നായിരിക്കട്ടെ." (ക്രിസ്ത്വാനുകരണം പു. 2 അ. 12)

ഇതത്രെ ഇതിൽനിന്നെല്ലാം നാം പഠിക്കേണ്ട പാഠവും.

---

L. D. S. & M.

# ആശ്വാസദായിനി

അഥവാ

സഹിക്കുന്നതെന്തിനു്?

## വിഷയവിരണിക.


| | | |
|---|---|---|
| | | പേജ്. |
| പ്രസ്താവന | | 2 |

A. പീഡകൾ സഹിക്കുന്നതു് എന്തിനു?

പ്രധാനപ്പെട്ട ചില കാരണങ്ങൾ:—

| | | | |
|---|---|---|---|
| 1. | ആദിമപാപത്തിൻ ശിക്ഷാഫലമായി പീഡകൾ സഹിക്കണം | | 3 |
| 2. | സാമുദായിക പാപങ്ങൾക്കു പരിഹാരമായി | ,, | 9 |
| 3. | അവിവേകത്തിന്റെ പരിണതഫലമായി | ,, | 14 |
| 4. | ദൈവപ്രമാണലംഘനത്തിന്റെ ഫലമായി | ,, | 19 |
| 5. | സ്വന്ത പാപങ്ങൾക്കുള്ള അനിത്യശിക്ഷയായി | ,, | 24 |
| 6. | ശുദ്ധീകരണസ്ഥലത്തിലെ ശിക്ഷക്കു പകരമായി | ,, | 30 |
| 7. | പാപപരിഹാരത്തിൽ ശരീരത്തിനുള്ള സ്ഥാനമൂലം | ,, | 33 |
| 8. | മാനസാന്തരത്തിനുള്ള ഉത്തമ മാർഗ്ഗമായി | ,, | 36 |
| 9. | പരിപൂർണ്ണ മാനസാന്തരത്തിനുള്ള ആവശ്യകതമൂലം | ,, | 41 |
| 10. | നിത്യനാശത്തിൽനിന്നും രക്ഷപ്രാപിക്കാനായി | ,, | 47 |

11. അന്യരുടെ പാപത്തിനു പരിഹാരമായി „ 54
12. തിരുസ്സഭയുടെ അഭിവൃദ്ധിക്കായി „ 58
13. പാപികളുടെ മാനസാന്തരത്തിനായി „ 59
14. മിശിഹായോട് അനുരൂപപ്പെടുവാനായി „ 62
15. സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനം ലഭിക്കാനായി „ 66


## B. പീഡകൾ സഹിക്കുന്നതിൽ

നമ്മുടെ മാതൃകകൾ:—


1. വി. യോബ് 71
2. വി. വലിയ തോബിയാസ് 72
3. വി. ലിദ്വീന 76
4. വി. യോഹന്നാൻ ക്രൂസ് 78
5. വി. യോഹന്നാൻ മാംഭോന 80
6. ദുഃഖാർത്തയായ പരിശുദ്ധ കന്യക 83
7. പീഡാനുഭവ മനുഷ്യനായ ന. ക. ഈശോമിശിഹാ 88

ഉപസംഹാരം. 92


---


ST. JOSEPH'S I. S. PRESS, ELTHURUTH,

TRICHUR—4.

1963.

Imprimatur.

† *James Kalacherry,*

Bp. OF CHANGANACHERRY.

17 - . 8 — 1936.